SUPREME AUDIT INSTITUTION OF INDIA
लोकहितार्थ सत्यनिष्ठा
Dedicated to Truth in Public Interest

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

കെട്ടിട-മറ്റ് നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമം

കേരള സർക്കാർ
2024 വർഷത്തെ റിപ്പോർട്ട് നമ്പർ 7
(പ്രവർത്തനക്ഷമതാ ഓഡിറ്റ് – സിവിൽ)

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

കെട്ടിട-മറ്റ് നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമം

കേരള സർക്കാർ
2024 വർഷത്തെ റിപ്പോർട്ട് നമ്പർ 7
(പ്രവർത്തനക്ഷമതാ ഓഡിറ്റ് – സിവിൽ)

ഉള്ളടക്കം

വിവരണം	ഖണ്ഡിക	പുറം
ആമുഖം		**v**
മുഖ്യ സംഗ്രഹം		**vii**
അദ്ധ്യായം I – അവതാരിക		
ഘടനാ നില	1.1	2
ഓഡിറ്റ് ലക്ഷ്യങ്ങൾ	1.2	4
ഓഡിറ്റ് മാനദണ്ഡങ്ങൾ	1.3	4
ഓഡിറ്റിന്റെ വ്യാപ്തി, രീതി, സാംപ്ലിംഗ്	1.4	5
കൃതജ്ഞത	1.5	5
റിപ്പോർട്ടിന്റെ ഘടന	1.6	6
വിഭാഗം – I – തൊഴിൽ സെസ്സ് ഈടാക്കൽ		
അദ്ധ്യായം II – നിർമ്മാണ പ്രവർത്തനങ്ങളുടെ രജിസ്ട്രേഷനും തൊഴിലാളി ക്ഷേമനിധി സെസ്സിന്റെ നിർണ്ണയവും		
നിർമ്മാണ പ്രവൃത്തികളുടെ രജിസ്ട്രേഷൻ	2.1	7
സെസ്സ് നിർണ്ണയം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാതിരിക്കൽ	2.2	10
സെസ്സ് നിർണ്ണയിക്കുന്നതിലെ കാലതാമസം	2.3	11
ഉപസംഹാരം	2.4	12
അദ്ധ്യായം III – തൊഴിലാളിക്ഷേമനിധി സെസ്സ് പിരിയ്ക്കലും അടയ്ക്കലും		
സെസ്സ് അടയ്ക്കുന്നതിലെ കാലതാമസത്തിന് പിഴപ്പലിശ ഈടാക്കാത്തത്	3.1	13
തെറ്റായി അടച്ച സെസ്സ് തുക തിരികെ ലഭിക്കാത്തത്	3.2	14
അനുവദനീയ പരിധിയിൽ കവിഞ്ഞുള്ള തുക അടയ്ക്കൽ	3.3	15
സെസ്സ് പിരിവിലെ കുറവ്	3.4	15
ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് തുകയ്ക്കുള്ള ചെക്കുകൾ/ഡി.ഡികൾ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാത്തത്	3.5	16
ഉപസംഹാരം	3.6	17
വിഭാഗം – II – തൊഴിൽ സെസ്സിന്റെ വിനിയോഗം		
അദ്ധ്യായം IV – ക്ഷേമപദ്ധതികളുടെ നടപ്പിലാക്കൽ		
ബോർഡ് നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ	4.1	19
കോവിഡ്-19 ആനുകൂല്യ വിതരണത്തിലെ ക്രമക്കേടുകൾ	4.2	26
ഗുണഭോക്തൃ വിഹിതം വിരമിക്കുമ്പോൾ ക്രമരഹിതമായി നല്കിയത്	4.3	27
മിഷൻ മോഡ് പദ്ധതി	4.4	28
തൊഴിലാളികളുടെ രജിസ്ട്രേഷൻ	4.5	28
ഉപസംഹാരം	4.6	32
അദ്ധ്യായം V– കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ പ്രവർത്തനം		
ബോർഡിന്റെ വരവും ചെലവും	5.1	34
ബോർഡിന്റെ ബജറ്റ്	5.2	35
നിയമാനുസൃത റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലെ കാലതാമസം	5.3	36

വിവരണം	ഖണ്ഡിക	പുറം
അതിഥി തൊഴിലാളികൾക്കുള്ള ക്ഷേമനിധി	5.4	37
റീവാലിഡേറ്റ് ചെയ്യുന്നതിനായി ശേഷിക്കുന്ന ചെക്കുകൾ/ഡിഡികൾ	5.5	38
ബിഒസിഡബ്ല്യുഡബ്ല്യുബി എറണാകുളം ജില്ലാ ഓഫീസ് കെട്ടിടത്തിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ഉപയോഗിക്കാത്തത് സംബന്ധിച്ച്	5.6	39
കേരള കൺസ്ട്രക്ഷൻ അക്കാദമിക്കായി വാങ്ങിയ ഭൂമിയുമായി ബന്ധപ്പെട്ട് ഫണ്ട് തടസപ്പെട്ടു കിടക്കുന്നത്	5.7	40
ആദായ നികുതിയിൽ അനുവദനീയമായ ഇളവുകൾ ഉപയോഗപ്പെടുത്താത്തതിനാലുണ്ടായ ₹20.40 കോടിയുടെ നഷ്ടം	5.8	41
സംസ്ഥാന ഉപദേശക സമിതിയുടെയും വിദഗ്ധ സമിതിയുടെയും പ്രവർത്തനം	5.9	42
മേൽനോട്ടത്തിലെ അപാകതകൾ	5.10	43
നിർമ്മാണ പ്രവൃത്തികളുടെ പരിശോധനയിലെ പോരായ്മകൾ	5.11	43
നിർമ്മാണ സ്ഥലത്ത് സുരക്ഷ ഉറപ്പാക്കുന്നതിൽ വീഴ്ച	5.12	45
ഫലപ്രദമായ പരാതി പരിഹാര സംവിധാനത്തിന്റെ അഭാവം	5.13	49
ഉപസംഹാരം	5.14	50

അനുബന്ധങ്ങൾ

അനുബന്ധം	വിവരണം	പുറം
5.1	2024 മാർച്ച് 31-ലെ ബോർഡിന്റെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ടുകളുടെ നില	53
5.2	സംയുക്ത ഭൗതിക പരിശോധനയുടെ വിശദാംശങ്ങൾ	54
5.3	അപകടം നടന്ന സ്ഥലങ്ങളിൽ സംയുക്ത ഭൗതിക പരിശോധന നടത്തിയതിൽ സുരക്ഷാ മാനദണ്ഡങ്ങളുടെ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടത്	71
5.4	2018-23 കാലയളവിൽ ജില്ലാ ലേബർ ഓഫീസുകളിൽ ലഭിച്ച പരാതികളുടെ പട്ടിക	73

ആമുഖം

ഭരണഘടനയുടെ ആർട്ടിക്കിൾ 151 (2) പ്രകാരം കേരള നിയമസഭയിൽ വയ്ക്കുന്നതിനായി കേരള ഗവർണ്ണർക്ക് സമർപ്പിക്കാൻ വേണ്ടിയാണ് 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

2018-23 കാലയളവിലെ 'കെട്ടിട-മറ്റ് നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമം' എന്നതിന്റെ പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ കണ്ടെത്തലുകൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഇറക്കിയിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് ഓഡിറ്റ് നടത്തിയിട്ടുള്ളത്.

റിപ്പോർട്ടിന്റെ മലയാളം പരിഭാഷയിൽ ആശയ വൈരുദ്ധ്യം തോന്നുന്നപക്ഷം ഇംഗ്ലീഷിലുള്ള അസ്സൽ റിപ്പോർട്ടിനെ ആധികാരികമായി കരുതേണ്ടതാണ്.

മുഖ്യ സംഗ്രഹം

എന്തുകൊണ്ടാണ് സിഎജി ഈ ഓഡിറ്റ് നടത്തിയത് ?

കേരള സംസ്ഥാനത്തെ കെട്ടിടനിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമസഹായം നൽകുന്നതിനുവേണ്ടിയാണ് 1990-ൽ കേരള ബിൽഡിംഗ് ആന്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് (ബോർഡ്) രൂപീകരിച്ചത്. അപകടങ്ങളിൽ തൊഴിലാളികൾക്ക് സഹായം നൽകുക, 60 വയസ് പൂർത്തിയായവർക്ക് പെൻഷൻ നൽകുക, ഗൃഹനിർമ്മാണത്തിന് വായ്പയും മുൻകൂറുകളും നൽകുക, ഗുണഭോക്താക്കളുടെ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതികളുടെ പ്രീമിയം ഒടുക്കുക, കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം നൽകുക, ഗുരുതര രോഗങ്ങളുടെ ചികിത്സയ്ക്കാവശ്യമായ ആരോഗ്യചെലവുകൾക്ക് പണം നൽകുക, വനിതാ തൊഴിലാളികൾക്ക് പ്രസവാനുകൂല്യം നൽകുക മറ്റ് ക്ഷേമപ്രവർത്തനങ്ങളും, സൗകര്യങ്ങളും മെച്ചപ്പെടുത്തുക എന്നിവ ബോർഡിന്റെ ക്ഷേമ പദ്ധതികളിലുൾപ്പെടുന്നു.

'കെട്ടിട-മറ്റ് നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമം' എന്നതിന്റെ പ്രവർത്തനക്ഷമതാ ഓഡിറ്റ്, കെട്ടിട-കെട്ടിടേതര നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി സർക്കാർ/ബോർഡ് ആരംഭിച്ച പ്രവൃത്തികളുടെ കാര്യക്ഷമതയും തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി പിരിക്കുന്ന സെസ്സിന്റെ നിർണ്ണയം, ശേഖരണം, വിനിയോഗം എന്നിവയുടെ ഫലപ്രദമായ നിർവ്വഹണവും വിലയിരുത്തുക എന്ന ലക്ഷ്യത്തോടെയാണ് നടത്തിയത്. പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ കണ്ടെത്തലുകൾ വിഭാഗം I – 'തൊഴിൽ സെസ്സിന്റെ ഈടാക്കൽ', വിഭാഗം II - 'തൊഴിൽ സെസ്സിന്റെ വിനിയോഗം' എന്നീ വിഭാഗങ്ങളിലായി വേർതിരിച്ചിരിക്കുന്നു.

എന്താണ് കണ്ടെത്തിയത് ?

കെട്ടിട നിർമ്മാണ തൊഴിലാളികളെ ജോലിക്കു നിർത്തുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (എൽസിഎഎസ്) രജിസ്ട്രേഷൻ പോർട്ടലിൽ നൽകിയിട്ടില്ല. 2023 മാർച്ചിലെ കണക്കനുസരിച്ച് സംസ്ഥാനത്തുടനീളമുള്ള 10,113 സ്ഥാപനങ്ങൾ മാത്രമാണ് എൽസിഎഎസിൽ രേഖപ്പെടുത്തപ്പെട്ടത്. ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖാമൂലം സൂക്ഷിക്കുന്നതിന് ബോർഡ് ഗുണഭോക്താക്കൾക്കുള്ള അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം (എഐഐഎസ്) ഡാറ്റാബേസ് സംവിധാനം പൂർണ്ണമായും ഉപയോഗപ്പെടുത്തിയില്ല. തെരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ (എൽഎസ്ജിഐ) നിർമ്മിക്കപ്പെട്ട, സെസ്സ് നിർണ്ണയത്തിന് യോഗ്യത നേടിയ 7,312 കെട്ടിടങ്ങളിൽ 4,294 എണ്ണത്തിന്റെ വിശദാംശങ്ങൾ മാത്രമേ റവന്യൂ വകുപ്പിനു കീഴിലുള്ള താലൂക്ക് ഓഫീസുകൾ ശേഖരിച്ചുള്ളൂ. ഈ 4,294 കെട്ടിടങ്ങളിൽ 679 എണ്ണത്തിന്റെ വിശദാംശങ്ങൾ മാത്രമേ എൽസിഎഎസിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. 282 കേസുകളിൽ സെസ്സ് നിർണ്ണയം നടത്താൻ ഒന്നു മുതൽ അഞ്ചുവർഷം വരെ കാലതാമസം ഉണ്ടായി.

സെസ്സ് പിരിച്ചെടുക്കുന്നതിൽ 1,319 കേസുകളിലായി നാലുവർഷം വരെ ഉണ്ടായ കാലതാമസം മൂലം ₹11.39 കോടി പലിശ ഇനത്തിൽ ഈടാക്കുന്നതിൽ തൊഴിൽ വകുപ്പ് വീഴ്ച വരുത്തുകയുണ്ടായി. ഇതിനു പുറമേ സെസ്സ് പിരിക്കാൻ അധികാരപ്പെട്ട സ്ഥാപനങ്ങൾ പിരിച്ചെടുത്ത ₹1.56 കോടി വരുന്ന സെസ്സ് തുക തെറ്റായി റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡിലേയ്ക്ക് (ആർഐഎബി) അടയ്ക്കുകയുണ്ടായി. ഇതിൽ ₹84.87 ലക്ഷം ഇനിയും ബോർഡിലേയ്ക്ക് തിരികെ കിട്ടാനുണ്ട്.

സംസ്ഥാനത്ത് തൊഴിൽ വകുപ്പ് സെസ്സ് പിരിക്കുന്നതിനായി നിർണ്ണയിച്ച 2,82,998 കെട്ടിടങ്ങളിൽ 1,26,446 (44.68 ശതമാനം) കെട്ടിടങ്ങളിൽ നിന്നു മാത്രമാണ് സെസ്സ് പിരിഞ്ഞു കിട്ടിയത്. ഇത് സെസ്സ് പിരിവിൽ ₹542.17 കോടിയുടെ (53.83 ശതമാനം) കുറവിനു കാരണമായി. തെരഞ്ഞെടുത്ത ജില്ലകളിൽ ജീവനക്കാരുടെ ശമ്പളം, തപാൽ

ചെലവുകൾ എന്നീ ഇനങ്ങളിലായി തൊഴിൽ വകുപ്പിന് ₹1.66 കോടി കൊടുക്കുക വഴി ബോർഡ് ഒരു ശതമാനം ഭരണച്ചെലവിന്റെ പരിധി മറികടക്കുകയുണ്ടായി.

ഓഡിറ്റ് പരിശോധിച്ച കേരള വാട്ടർ അതോറിറ്റിയുടെ അഞ്ച് പിഎച്ച് ഡിവിഷനുകളിൽ ₹48.52 ലക്ഷം വരുന്ന സെസ്സിനത്തിനുള്ള ചെക്കുകൾ / ഡിഡികൾ ബോർഡിന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കപ്പെട്ടിരുന്നില്ല.

സംസ്ഥാനത്ത് ബോർഡ് നടത്തിവരുന്ന ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട, ഗുണഭോക്താക്കളുടെ എണ്ണമോ, ചെലവോ നിരീക്ഷിക്കാൻ ഒരു കേന്ദ്രീകൃത ശേഖരം ഇല്ല. സംസ്ഥാന ഓഫീസിൽ ഇത്തരത്തിലൊരു കേന്ദ്രീകൃത സംവിധാനം ഇല്ലാത്തതിനാൽ ജില്ലാ ഓഫീസുകളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങളെ ആശ്രയിച്ചാണ്, ജില്ലാതല പദ്ധതികൾ നിർവ്വഹിക്കുന്നതിന് ആവശ്യമായി വരുന്ന ഫണ്ട് ബോർഡ് നിർണ്ണയിക്കുന്നത്.

പെൻഷൻ, വിവാഹധനസഹായം, ചികിത്സാ സഹായം, മാരക രോഗ ചികിത്സാ സഹായം, പ്രസവാനുകൂല്യം, മരണാനന്തര ധനസഹായം, സ്കോളർഷിപ്പുകൾ, ക്യാഷ് അവാർഡുകൾ ഉൾപ്പെടെ വിവിധ ക്ഷേമാനുകൂല്യങ്ങൾക്കായുള്ള അപേക്ഷകൾ, ഫണ്ടിന്റെ അപര്യാപ്തത മൂലം തീർപ്പാകാതെ കിടക്കുകയായിരുന്നു. ഗുണഭോക്തൃ വിവരങ്ങൾ വിശ്വാസയോഗ്യമല്ലാത്തത് കാരണം, കോവിഡ്-19 ആനുകൂല്യ വിതരണത്തിൽ ക്രമക്കേടുകൾ ഉണ്ടായതായി കണ്ടെത്തി.

നിർമ്മാണ തൊഴിലാളികൾക്കിടയിലുള്ള പരിമിതമായ അവബോധം, രജിസ്ട്രേഷനുകൾ കുറയുന്നതിന് കാരണമായി. രജിസ്ട്രേഷൻ പലപ്പോഴും ട്രേഡ് യൂണിയൻ സർട്ടിഫിക്കറ്റ് അടിസ്ഥാനമാക്കിയാണ് നടത്തിയിരുന്നത്. ഈ നിയമത്തിനു കീഴിൽ രജിസ്റ്റർ ചെയ്യപ്പെടാത്തത്, അതിഥി തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കാത്തതിന് കാരണമായി. കൂടാതെ അനിഷ്ടസംഭവങ്ങൾക്കും അപകടങ്ങൾക്കും ശേഷവും തൊഴിലിടങ്ങളിൽ സുരക്ഷാചട്ടങ്ങൾ നടപ്പിലാക്കുന്നതിൽ തൊഴിൽ വകുപ്പ് പരാജയപ്പെട്ടു.

തൊഴിലുടമകളിൽ നിന്ന് ഫോറം IV സ്വീകരിക്കുന്നത് നിരീക്ഷിക്കുന്നതിനോ ചട്ടങ്ങൾ അനുസരിച്ച് പിഴ ചുമത്തുന്നതിനോ ജില്ലാ ലേബർ ഓഫീസുകൾക്ക് ഒരു സംവിധാനം ഇല്ലായിരുന്നു. ബോർഡിന്റെ ക്യാഷ് ബാലൻസ് 2019 മാർച്ചിൽ ₹910.06 കോടിയിൽ നിന്ന് 2023 മാർച്ചിൽ ₹135.16 കോടിയായി കുറഞ്ഞു. ക്ഷേമ ആനുകൂല്യങ്ങളുടെ വിതരണവും 2020-21 മുതൽ കുറയുന്ന പ്രവണത കാണിച്ചു. അഞ്ച് വർഷത്തെ ഓഡിറ്റ് കാലയളവിലെ ബോർഡിന്റെ ക്യാഷ് റിസർവിലെ സ്ഥിരമായുണ്ടായിരുന്ന കുറവ്, ബോർഡിന്റെ വാർഷിക ചെലവുകൾ ക്യാഷ് റിസർവുകളിൽ നിന്ന് ഫണ്ട് ചെയ്യപ്പെട്ടതായി സൂചിപ്പിക്കുന്നു. ഇതിനാൽ റിസർവ് തുക ഗണ്യമായി ശോഷിക്കുകയും അധിക വായ്പകൾ ആവശ്യമായി വരുകയും ചെയ്തു.

ബോർഡിന്റെ കണക്കുകൾ ഓഡിറ്റിനായി അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കുന്നതിൽ 11 മുതൽ 24 മാസം വരെ കാലതാമസമുണ്ടായി. അതിഥി തൊഴിലാളികളുടെ ക്ഷേമനിധിക്കായി അനുവദിച്ച ₹10 കോടി കോർപ്പസ് ഫണ്ടിൽ നിന്നും 2018-19-നും 2022-23-നും ഇടയിൽ ₹1.69 കോടി മാത്രമാണ് തൊഴിലാളികളുടെ ക്ഷേമത്തിനായി ചെലവഴിച്ചത്. ഉപദേശക സമിതികളുടെ രൂപീകരണത്തിലും പ്രവർത്തനത്തിലും പോരായ്മകൾ ഉണ്ടായിരുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. നിയമാനുസൃത സംസ്ഥാന ഉപദേശക സമിതി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ രൂപീകരിക്കാതിരിക്കുകയും മതിയായ പങ്കാളിത്തം ഇല്ലാതെ വിദഗ്ധ സമിതി ചേരുകയും ചെയ്തു. പരിശോധന നടത്തിയ ജില്ലകളിൽ, ലേബർ കമ്മീഷണർ നിർദ്ദേശിച്ച പ്രകാരം ലേബർ ഓഫീസർമാർ പ്രതിമാസ പരിശോധനകൾ നടത്തിയില്ല. പരാതി പരിഹാര സംവിധാനം വിഭാവനം ചെയ്തതു പോലെ ഫലപ്രദമായി പ്രവർത്തിച്ചില്ല.

സിഎജി ശിപാർശ ചെയ്യുന്നത്:

- *സെസ്സ് നിർണ്ണയം കൂടുതൽ കാര്യക്ഷമമാകത്തക്ക രീതിയിൽ എല്ലാ പ്രവൃത്തികളും ബോർഡിൽ രജിസ്റ്റർ ചെയ്ത് സെസ്സിന്റെ പരിധിയിൽ കൊണ്ടുവരുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കണം.*

  (ശിപാർശ 1)

- *ഫലപ്രദമായ ഒരു ഡാറ്റാ മൂല്യനിർണ്ണയ സംവിധാനം നടപ്പിലാക്കുന്നുണ്ടെന്നും അതുവഴി സെസ്സ് അടയ്ക്കുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ ശരിയായി രേഖപ്പെടുത്തുന്നതരത്തിൽ ഡാറ്റാബേസ് സ്വയംപര്യാപ്തമാണെന്ന് സർക്കാർ ഉറപ്പാക്കണം.*

  (ശിപാർശ 2)

- *എൽഎസ്ജിഐകൾ അനുമതി നൽകിയ എല്ലാ നിർമ്മാണങ്ങളുടെയും വിശദാംശങ്ങൾ ശേഖരിച്ച് എൽസിഎഎസ് സോഫ്റ്റ്‌വെയറിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് സർക്കാർ ഉറപ്പാക്കണം. ഇതു വഴി, സർക്കാരിന് സെസ്സ് സംബന്ധിച്ച ശരിയായ നിർണ്ണയം നടത്താൻ കഴിയും.*

  (ശിപാർശ 3)

- *സെസ്സ് മൂല്യനിർണ്ണയങ്ങൾ കൃത്യമായി നടത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് ശക്തമായ ഒരു സംവിധാനം വികസിപ്പിച്ചെടുക്കാനും, സെസ്സ് കൃത്യമായി പിരിച്ചെടുക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകേണ്ടതാണ്.*

  (ശിപാർശ 4)

- *വരുമാനത്തിന്റെ ചോർച്ച തടയുന്നതിനും, സാധ്യമായ എല്ലാ സ്രോതസ്സുകളിൽ നിന്നും സെസ്സ് സാക്ഷാത്കരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും ബോർഡിന്റെ ആന്തരിക നിയന്ത്രണസംവിധാനം ശക്തിപ്പെടുത്താൻ സർക്കാർ നിർദ്ദേശിക്കണം.*

  (ശിപാർശ 5)

- *സാമ്പത്തിക സഹായത്തിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നത് ത്വരിതപ്പെടുത്താൻ ഗുണഭോക്താക്കൾക്കു ലഭിച്ച ആനുകൂല്യങ്ങളുടെ പൂർണ്ണമായ വിവരം, പൂർണ്ണമായ ബാങ്കിംഗ് വിശദാംശങ്ങൾ മുതലായവ അടങ്ങുന്ന ഗുണഭോക്താക്കളുടെ ഒരു ഡാറ്റാബേസ്, ബോർഡ് പരിപാലിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തണം.*

  (ശിപാർശ 6)

- *ബോർഡ് പലതലത്തിലുള്ള പരിശോധനകൾ ഉൾപ്പെടുത്തിക്കൊണ്ട് ട്രേഡ് യൂണിയനുകൾ നൽകുന്ന അംഗത്വ സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഉറപ്പാക്കുകയും അതുവഴി രജിസ്ട്രേഷൻ പ്രക്രിയയുടെ സുതാര്യത സംരക്ഷിക്കുകയും ചെയ്യുന്നുവെന്ന് സർക്കാർ ഉറപ്പാക്കണം.*

  (ശിപാർശ 7)

- *രജിസ്ട്രേഷൻ നടപടികളെക്കുറിച്ചും രജിസ്ട്രേഷൻ വഴി വിവിധ ക്ഷേമപദ്ധതികളുടെ രൂപത്തിൽ ലഭിക്കുന്ന ഗുണങ്ങളെക്കുറിച്ചും തൊഴിലാളികളെ ബോധവാന്മാരാക്കാൻ മതിയായ പ്രചരണങ്ങളും പരസ്യങ്ങളും ബോർഡ് നടത്തുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കണം.*

  (ശിപാർശ 8)

- ***ബോർഡിന്റെ വാർഷിക ചെലവുകൾക്കുള്ള ഫണ്ട് അതിന്റെ കരുതൽ ശേഖരത്തിൽ നിന്ന് കണ്ടെത്തുന്നതിനാൽ, കടമെടുക്കുന്നത് ഒഴിവാക്കാനായി ബോർഡ് യുദ്ധകാലാടിസ്ഥാനത്തിൽ സെസ്സ് പിരിവിന്റെ നിരക്ക് വർദ്ധിപ്പിക്കുന്നു എന്ന് സർക്കാർ ഉറപ്പാക്കണം.***

(ശിപാർശ 9)

- ***നിയമത്തിലും ചട്ടങ്ങളിലും നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം നിർമ്മാണ പ്രവർത്തനങ്ങളിൽ ആവശ്യമായ പരിശോധനകൾ നടക്കുന്നുണ്ടെന്നും പരാതി പരിഹാര സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കുന്നുണ്ടെന്നും സർക്കാർ ഉറപ്പാക്കേണ്ടതാണ്.***

(ശിപാർശ 10)

- ***നിർമ്മാണ സ്ഥലങ്ങളിൽ തൊഴിലാളികളുടെ സുരക്ഷയ്ക്കാണ് ഏറ്റവും കൂടുതൽ മുൻഗണന നൽകുന്നതെന്ന് സർക്കാർ ഉറപ്പാക്കണം. തൊഴിൽദാതാക്കൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തത്, സഗൗരവം നിരീക്ഷിക്കാത്ത ഉദ്യോഗസ്ഥർക്കുമേൽ ഉത്തരവാദിത്തം ചുമത്തേണ്ടതാണ്.***

(ശിപാർശ 11)

അദ്ധ്യായം – I

അവതാരിക

അദ്ധ്യായം I
അവതാരിക

ഇന്ത്യയിലെ അസംഘടിത തൊഴിൽ മേഖലയിലെ ഏറ്റവുമധികമുള്ളതും ദുർബ്ബലവുമായ വിഭാഗമാണ് കെട്ടിട-കെട്ടിടേതര നിർമ്മാണ തൊഴിലാളികൾ. അനിശ്ചിതത്വമുള്ള ജോലി സമയം, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, അപര്യാപ്തമായ ക്ഷേമ സൗകര്യങ്ങൾ, തൊഴിൽദാതാവും തൊഴിലാളിയും തമ്മിലുള്ള താൽക്കാലിക ബന്ധം, എന്നിവയാണ് അവരുടെ തൊഴിലിന്റെ പ്രത്യേകതകൾ. ഒപ്പം ജീവനും ശരീരത്തിനും അപകട സാധ്യത ഉൾപ്പെടുകയും ചെയ്യുന്നു.

1996-ൽ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) നിയമം (ബിഒസിഡബ്ല്യു (ആർഇസിഎസ്) നിയമം) രൂപീകരിച്ചത്, കെട്ടിട-കെട്ടിടേതര നിർമ്മാണ തൊഴിലാളികളുടെ തൊഴിലിനെയും തൊഴിൽവ്യവസ്ഥകളെയും നിയന്ത്രിച്ചുകൊണ്ട് അവർക്ക് സുരക്ഷിതത്വം, ആരോഗ്യം ക്ഷേമപ്രവർത്തനങ്ങൾ എന്നിവ പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടിയാണ്. ബിഒസിഡബ്ല്യു(ആർഇസിഎസ്) നിയമത്തിനു കീഴിൽ രൂപീകരിച്ച ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ വിഭവ സമാഹരണത്തിനായി, ഒരു തൊഴിൽദായകനുണ്ടാകുന്ന നിർമ്മാണച്ചെലവിന്റെ ഒരു ശതമാനത്തിൽ കുറയാത്തതും രണ്ടു ശതമാനത്തിൽ കൂടാത്തതുമായ സെസ്സ് ചുമത്തുന്നതിനും കണക്കാക്കുന്നതിനും പിരിച്ചെടുക്കുന്നതിനുള്ള വ്യവസ്ഥകൾ 1996-ലെ ബിൽഡിംങ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമത്തിൽ (സെസ്സ് നിയമം) പ്രതിപാദിച്ചിരിക്കുന്നു.

ഭാരതസർക്കാർ രൂപീകരിച്ച ബിഒസിഡബ്ല്യു (ആർഇസിഎസ്) നിയമത്തിന് അനുസൃതമായി കേരള സർക്കാർ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) കേരള ചട്ടങ്ങൾ (കേരള ചട്ടങ്ങൾ) 1998-ൽ രൂപീകരിച്ചു. ഭാരതസർക്കാർ രൂപീകരിച്ച 1996- ലെ സെസ്സ് നിയമവും, 1998-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ചട്ടങ്ങളും (സെസ്സ് ചട്ടങ്ങൾ) അനുസരിച്ച് ക്ഷേമ സെസ്സ് ചുമത്തിയും കണക്കാക്കിയും പിരിച്ചെടുത്തും കെട്ടിട-കെട്ടിടേതര നിർമ്മാണ തൊഴിലാളികൾക്ക് വേണ്ട സുരക്ഷിതത്വം, ആരോഗ്യക്ഷേമപ്രവർത്തനങ്ങൾ എന്നിവ നൽകുന്നതിനായി വിനിയോഗിക്കാവുന്നതാണ്.

സംസ്ഥാനത്തെ വ്യാവസായികബന്ധങ്ങൾ സന്തുലിതമാക്കുന്നതിനും തൊഴിലാളികളുടെ ക്ഷേമമുറപ്പാക്കുന്നത് ലക്ഷ്യം വച്ചുള്ള വിവിധ തൊഴിൽ നിയമങ്ങൾ നടപ്പാക്കുന്നതിനുമുള്ള ചുമതല തൊഴിലും നൈപുണ്യവും വകുപ്പിൽ നിക്ഷിപ്തമാണ് (തൊഴിൽ വകുപ്പ്). തൊഴിൽ മേഖലയൊന്നടങ്കം സമാധാനപരമായ അന്തരീക്ഷം നിലനിർത്തുക, തൊഴിലാളികൾക്ക് മാന്യമായ തൊഴിൽസാഹചര്യങ്ങളും മെച്ചപ്പെട്ട ജീവിതനിലവാരവും ഉറപ്പുവരുത്തുക, തൊഴിൽദാതാക്കളും തൊഴിലാളികളും തമ്മിൽ സഹകരണവും ആരോഗ്യകരമായ ബന്ധവും ഉറപ്പുവരുത്തുക, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ തൊഴിൽ നിയമങ്ങൾ ചിട്ടയായി നടപ്പാക്കുക, മെച്ചപ്പെട്ട നയങ്ങളിലൂടെയും പദ്ധതികളിലൂടെയും തൊഴിലാളികളുടെ സാമൂഹ്യസുരക്ഷാപരിരക്ഷ വർദ്ധിപ്പിക്കുക എന്നിവ വകുപ്പിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിലുൾപ്പെടുന്നു.

കേരള സംസ്ഥാനത്തെ കെട്ടിടനിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമസഹായം നൽകുന്നതിനുവേണ്ടിയാണ് 1990-ൽ കേരള ബിൽഡിംഗ് ആന്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് (ബോർഡ്) രൂപീകരിച്ചത്. അപകടങ്ങളിൽ തൊഴിലാളികൾക്ക് സഹായം നൽകുക, 60 വയസ് പൂർത്തിയായവർക്ക് പെൻഷൻ നൽകുക, ഗൃഹനിർമ്മാണത്തിന് വായ്പയും മുൻകൂറുകളും നൽകുക, ഗുണഭോക്താക്കളുടെ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതികളുടെ പ്രീമിയം ഒടുക്കുക, കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം നൽകുക, ഗുരുതര രോഗങ്ങളുടെ ചികിത്സയ്ക്കാവശ്യമായ ആരോഗ്യചെലവുകൾക്ക് പണം നൽകുക, വനിതാ തൊഴിലാളികൾക്ക് പ്രസവാനുകൂല്യം

നൽകുക മറ്റു ക്ഷേമപ്രവർത്തനങ്ങളും, സൗകര്യങ്ങളും മെച്ചപ്പെടുത്തുക എന്നിവ ബോർഡിന്റെ ക്ഷേമ പദ്ധതികളിലുൾപ്പെടുന്നു.

'കെട്ടിട-മറ്റ് നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമം' എന്നതിന്റെ പ്രവർത്തനക്ഷമതാ ഓഡിറ്റ്, കെട്ടിട-കെട്ടിടേതര നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി സർക്കാർ/ബോർഡ് ആരംഭിച്ച പ്രവൃത്തികളുടെ കാര്യക്ഷമതയും തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി പിരിക്കുന്ന സെസ്സിന്റെ നിർണ്ണയം, ശേഖരണം, വിനിയോഗം എന്നിവയുടെ ഫലപ്രദമായ നിർവ്വഹണവും വിലയിരുത്തുക എന്ന ലക്ഷ്യത്തോടെയാണ് നടത്തിയത്. പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ കണ്ടെത്തലുകൾ വിഭാഗം I – 'തൊഴിൽ സെസ്സിന്റെ ഈടാക്കൽ', വിഭാഗം II - 'തൊഴിൽ സെസ്സിന്റെ വിനിയോഗം' എന്നീ വിഭാഗങ്ങളിലായി വേർതിരിച്ചിരിക്കുന്നു.

1.1. ഘടനാ നില

കെട്ടിട-കെട്ടിടേതര നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങളുടെ നടപ്പാക്കലിന് ഉത്തരവാദിത്തമുള്ള ഉദ്യോഗസ്ഥർക്ക് നൽകിയിരിക്കുന്ന ചുമതലകൾ വ്യക്തമാക്കുന്ന വകുപ്പിന്റെയും ബോർഡിന്റെയും ഘടനാനില സൂചിപ്പിക്കുന്ന ചാർട്ടുകൾ ചുവടെ നൽകിയിരിക്കുന്നു.

ചാർട്ട് 1.1 : ഘടനാ നില

എ. തൊഴിലും നൈപുണ്യവും വകുപ്പ് –കേരള സർക്കാർ



തൊഴിൽ വകുപ്പിന്റെ ഭരണനിയന്ത്രണം പ്രിൻസിപ്പൽ സെക്രട്ടറിയിലും ലേബർ കമ്മീഷണറേറ്റിന്റെ ഭരണനിയന്ത്രണം ലേബർകമ്മീഷണറിലും നിക്ഷിപ്തമാണ്.

വ്യാവസായിക ബന്ധങ്ങളുടെ മേൽനോട്ടം അഡീഷണൽ ലേബർ കമ്മീഷണർ (ഇൻഡസ്ട്രിയൽ റിലേഷൻസ്)ഉം, തൊഴിൽ നിയമങ്ങളുടെ നടപ്പാക്കൽ അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെൻറ്)ഉം, വിവിധ ക്ഷേമ ബോർഡുകളുടെ കീഴിൽ നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതികൾ അഡീഷണൽ ലേബർ കമ്മീഷണർ (വെൽഫെയർ)ഉം വഹിക്കുന്നു. എന്നാൽ, പദ്ധതികളുടെ നടപ്പാക്കലിൽ ബോർഡിന് പൂർണ്ണമായ സ്വയംഭരണാവകാശമുണ്ട്.

കൊല്ലം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന മേഖലാ ഓഫീസുകൾ അതാതു ജോയിന്റ് ലേബർ കമ്മീഷണർമാരുടെ കീഴിലാണ്. സെക്ടർ അടിസ്ഥാനത്തിലുള്ള തൊഴിൽ തർക്കങ്ങളുടെ പരിഹാരവും നിയമനിർവ്വഹണം ഉൾപ്പെടെയുള്ള വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഏകോപനവും നിയന്ത്രണവും ഈ ഓഫീസുകളിൽ നിക്ഷിപ്തമാണ്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലായി ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ എട്ട് ഓഫീസുകൾ പ്രവർത്തിക്കുന്നു.
ഓരോ ജില്ലയിലെയും നിർമ്മാണപ്രവർത്തനങ്ങളിൽ നിന്നും ചുമത്തേണ്ട സെസ്സ് നിർണ്ണയിക്കുന്നത് ജില്ലാ ലേബർ ഓഫീസിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ് 1)/ ഡെപ്യൂട്ടി ലേബർ ഓഫീസർമാരാണ്. സെസ്സിന്റെ ചുമത്തൽ, നിർണ്ണയം, ഈടാക്കൽ എന്നിവയുടെ കാലാകാലങ്ങളിലെ മേൽനോട്ടത്തിന്റെ ഉത്തരവാദിത്വം ജില്ലാ ലേബർ ഓഫീസരമാർക്കാണ്(എൻഫോഴ്സ്മെൻറ്). കേരള ചട്ടങ്ങൾ പ്രകാരം ജില്ലാ ലേബർ ഓഫീസർ(ജനറൽ)മാരാണ് സെസ്സ് ചുമത്തൽ, നിർണ്ണയം, ഈടാക്കൽ എന്നിവയെ സംബന്ധിച്ച അപ്പലേറ്റ് ഓഫീസർമാർ.

ബി. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്



കേരള ചട്ടങ്ങളിലെ 266–ാം ചട്ടമനുസരിച്ച്, ബോർഡിന്റെ ഗവേണിംഗ് ബോഡിയിൽ[1] കേരള സർക്കാർ നിയമിക്കുന്ന ചെയർപേഴ്സൺ, കേന്ദ്രസർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു അംഗം, കേരള സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന കെട്ടിട–കെട്ടിടേതര നിർമ്മാണ തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന പരമാവധി അഞ്ച് അംഗങ്ങൾ, തൊഴിൽദാതാക്കളിൽ നിന്നും കേരള സർക്കാർ നാമ നിർദ്ദേശം ചെയ്യുന്ന പരമാവധി അഞ്ച് വ്യക്തികൾ, കേരള സർക്കാരിനെ പ്രതിനിധീകരിക്കുന്ന പരമാവധി അഞ്ച് അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്നു. കേരളസർക്കാരിനെ പ്രതിനിധീകരിക്കുന്ന പരമാവധി അഞ്ച് അംഗങ്ങളിൽ ഒരു ചീഫ് ഇൻസ്പെക്ടറും (ഇൻസ്പെക്ഷൻ ഓഫ് ബിൽഡിംഗ് ആന്റ് കൺസ്ട്രക്ഷൻ), ധനകാര്യം, നിയമം, തൊഴിൽ വകുപ്പുകളിൽ നിന്നും

[1] ബിഒസിഡബ്ല്യൂ (ആർഇസിഎസ്) നിയമത്തിലെ 18, 19 വകുപ്പുകൾ

ഒരാൾ വീതവും ഉൾപ്പെടുന്നു. ചെയർപേഴ്സന്റെയും ഔദ്യോഗിക അംഗങ്ങൾ ഒഴികെയുള്ള ബോർഡിലെ മറ്റ് അംഗങ്ങളുടെയും കാലാവധി മൂന്നു വർഷമാണ്.

1.2. ഓഡിറ്റ് ലക്ഷ്യങ്ങൾ

താഴെപ്പറയുന്നവ ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ് പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തിയത്;

- എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും കണക്കാക്കുകയും രജിസ്റ്റർ ചെയ്യുകയും തദ്വാരാ സെസ്സ് നിർണ്ണയിക്കുകയും ഈടാക്കുകയും, ബോർഡിന്റെ ഫണ്ടിലേക്ക് മുതൽക്കൂട്ടുകയും ചെയ്യുന്നതിന് ഫലപ്രദമായ ഒരു സംവിധാനം നിലവിലുണ്ടോ;
- എല്ലാ നിർമ്മാണ തൊഴിലാളികളുടെയും കണക്കെടുക്കുന്നതിനും തിരിച്ചറിയുന്നതിനും രജിസ്ട്രേഷൻ നടത്തുന്നതിനും, ഫണ്ട് ശരിയായ രീതിയിൽ പരിപാലിക്കുന്നുണ്ടെന്നുറപ്പാക്കുന്നതിനും കാര്യക്ഷമവും ഫലപ്രദവുമായ സംവിധാനം നിലവിലുണ്ടോ;
- നിരീക്ഷണത്തിനും ആന്തരിക നിയന്ത്രണത്തിനുമുള്ള സംവിധാനങ്ങൾ ഫലപ്രദമാണോയെന്നും നിർമ്മാണമേഖലയിലെ എല്ലാ തൊഴിൽദാതാക്കളും തൊഴിലാളികളുടെ ക്ഷേമത്തിനായി ഫണ്ട് വിനിയോഗിച്ച് തങ്ങളുടെ നിയമപരമായ കടമകൾ നിറവേറ്റുന്നുണ്ടോ.

1.3. ഓഡിറ്റ് മാനദണ്ഡങ്ങൾ

റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെപ്പറയുന്നവയിൽ നിന്ന് ഉരുത്തിരിഞ്ഞ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ്.

- ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) നിയമം, 1996[2]
- ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) കേരള ചട്ടങ്ങൾ, 1998
- ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് സെസ്സ് നിയമം, 1996-ഉം സെസ്സ് ചട്ടങ്ങൾ, 1998-ഉം
- കെട്ടിട-കെട്ടിടേതര നിർമ്മാണത്തൊഴിലാളികളുടെ മാതൃകാക്ഷേമപദ്ധതിയും നിർവ്വഹണസംവിധാനം ശക്തമാക്കുന്നതിനുള്ള കർമ്മപദ്ധതിയും, 2018
- 'കൺസ്ട്രക്ഷൻ മാനേജ്മെന്റ്, രീതികളും സുരക്ഷയും' എന്ന ശീർഷകത്തോടുകൂടിയ നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ, 2016-ലെ ഭാഗം 7
- കേരള സർക്കാർ 2015-ൽ പുറപ്പെടുവിച്ച ഇൻസ്പെക്ഷൻ നയം
- സെസ്സിന്റെ ചുമത്തൽ, നിർണ്ണയം, ഈടാക്കൽ എന്നിവയും കെട്ടിട-കെട്ടിടേതര നിർമ്മാണത്തൊഴിലാളികൾക്കുവേണ്ട ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട കേരള സർക്കാർ ഉത്തരവുകൾ

[2] പത്തോ അതിലധികമോ തൊഴിലാളികൾ ഏർപ്പെട്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിലെ ആളുകളുടെ തൊഴിൽ സുരക്ഷിതത്വം, ആരോഗ്യം, തൊഴിൽ സാഹചര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടുള്ള നിയമങ്ങളെ ഏകോപിപ്പിച്ച് ഭേദഗതി ചെയ്ത് ഒക്യുപേഷണൽ സേഫ്റ്റി ആന്റ് വർക്കിംഗ് കണ്ടീഷൻസ് കോഡ്, 2020, 2020 സെപ്റ്റംബർ 28-ന് നിലവിൽ വന്നു. ഈ നിയമത്തിനുള്ളിൽ 13 തൊഴിൽ നിയമങ്ങൾ ഉൾക്കൊള്ളിച്ചതിൽ ബിഒസിഡബ്ല്യൂ (ആർഇസിഎസ്) നിയമവും ഉൾപ്പെടുന്നു. എന്നാൽ, കേരളത്തിൽ ഈ കോഡ് നിലവിൽ നടപ്പിലാക്കിയിട്ടില്ല.

1.4. ഓഡിറ്റിന്റെ വ്യാപ്തി, രീതി, സാംപ്ലിംഗ്

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങൾ 2022 ജൂലൈ മുതൽ 2023 ജനുവരി വരെയും 2023 ജൂലൈ മുതൽ 2023 ഡിസംബർ വരെയും ഓഡിറ്റിനു വിധേയമാക്കി. സെസ്സ് ഈടാക്കിയതിന്റെ അളവും ക്ഷേമ ആനുകൂല്യങ്ങളുടെ രൂപത്തിൽ വിതരണം ചെയ്യപ്പെട്ട തുകയും അടിസ്ഥാനമാക്കി എറണാകുളം, കോഴിക്കോട്, മലപ്പുറം എന്നീ മൂന്നു ജില്ലകൾ തെരഞ്ഞെടുത്തു. പെൻഷൻ, വിവാഹധനസഹായം, മരണാനുകൂല്യം, സ്കോളർഷിപ്പുകളും ക്യാഷ് അവാർഡുകളും, മാരകരോഗങ്ങൾക്കുള്ള ധനസഹായം, പ്രസവാനുകൂല്യം, സ്വയം വിരമിക്കൽ പദ്ധതി, മൈനർ ഡെപ്പോസിറ്റ്, ഭവന നിർമ്മാണ വായ്പ, ഉപകരണ വായ്പ മുതലായ പത്ത് ക്ഷേമ പദ്ധതികളെ സ്ട്രാറ്റിഫൈഡ് റാൻഡം സാംപ്ലിംഗ് രീതിയിൽ വിശദപരിശോധനയ്ക്കായി തെരഞ്ഞെടുത്തു.

ലേബർ കമ്മീഷണറേറ്റ്, ബോർഡ്, തൊഴിൽ വകുപ്പ്/ബോർഡിന്റെ ജില്ലാ ഓഫീസുകൾ, തെരഞ്ഞെടുത്ത താലൂക്ക് ഓഫീസുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (എൽഎസ്ജിഐ) എന്നിവിടങ്ങളിലെ ഫയലുകളും രേഖകളും ഓഡിറ്റ് പരിശോധിച്ചു. ഇതു കൂടാതെ, വർക്ക് ബില്ലുകളിൽ നിന്നും സെസ്സ് ഈടാക്കി ബോർഡിന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിച്ച പൊതുമരാമത്ത് വകുപ്പിന്റെ (പിഡബ്ല്യൂഡി) എട്ട്[3] ഓഫീസുകൾ, കേരള ജല അതോറിറ്റിയുടെ ആറ് ഓഫീസുകൾ[4] എന്നിവയെ പരിശോധിച്ച ജില്ലകളിൽ നിന്നും തെരഞ്ഞെടുത്തു. സെസ്സ് ഈടാക്കുന്നതിന്റെ കൃത്യത പരിശോധിക്കുന്നതിനായി റാൻഡം സാംപ്ലിംഗ് വഴി സെസ്സ് നിർണ്ണയത്തിന്റെ 300 കേസുകൾ ഓഡിറ്റ് പരിശോധിച്ചു. കൂടാതെ, ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റത്തിൽ (എൽസിഎഎസ്) ലഭ്യമായ നിർമ്മിച്ച കെട്ടിടങ്ങളെ സംബന്ധിച്ച ഇലക്ട്രോണിക് ഡാറ്റ പരിശോധിക്കുന്നതിനായി തെരഞ്ഞെടുത്ത ജില്ലകളിൽ നിന്നും ആറ് എൽഎസ്ജിഐകളെയും അനുബന്ധ വില്ലേജ് ഓഫീസുകളെയും തെരഞ്ഞെടുത്തു. ലേബർ കമ്മീഷണറേറ്റ് പരിപാലിക്കുന്ന എല്ലാ ക്ഷേമബോർഡുകളെയും സംബന്ധിച്ച് അഡ്വാൻസ്ഡ് ഇൻഫോർമേഷൻ ഇന്റർഫേസ് സിസ്റ്റത്തിൽ (എഐഐഎസ്) നിന്നും ലഭിച്ച ഡാറ്റയും ഓഡിറ്റ് പരിശോധിച്ചു. കൂടാതെ, ഓഡിറ്റിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ സർവ്വേയും തൊഴിൽ സ്ഥലങ്ങളിൽ സംയുക്ത ഭൗതിക പരിശോധനയും നടത്തി.

തൊഴിൽ വകുപ്പ് സെക്രട്ടറിയുമായി ഒരു പ്രാരംഭ കൂടിക്കാഴ്ച 2022 ജൂൺ 01-ാം തീയതി നടത്തിയതിൽ ഓഡിറ്റ് ലക്ഷ്യങ്ങൾ, മാനദണ്ഡങ്ങൾ, സാംപ്ലിംഗ്, രീതി എന്നിവയെ സംബന്ധിച്ച് ചർച്ച ചെയ്തു തീരുമാനത്തിലെത്തി. 2024 ജൂലൈ 19-ന് നടത്തിയ സമാപന കൂടിക്കാഴ്ചയിൽ ഓഡിറ്റിന്റെ കണ്ടെത്തലുകൾ തൊഴിൽ വകുപ്പ് സെക്രട്ടറിയുമായി ചർച്ചചെയ്തു.

1.5. കൃതജ്ഞത

തൊഴിൽ വകുപ്പ്, ലേബർ കമ്മീഷണറേറ്റ്, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡും അവയുടെ കീഴിലുള്ള ജില്ലാ ഓഫീസുകളും, തെരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള ജല അതോറിറ്റി ഓഫീസുകൾ, പിഡബ്ല്യൂഡി ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ എന്നിവയ്ക്ക് ഓഡിറ്റ് സുഗമമായും സമയബന്ധിതമായും നടത്തുന്നതിനുവേണ്ട സഹകരണം നൽകിയതിന് ഓഡിറ്റ് കൃതജ്ഞത രേഖപ്പെടുത്തുന്നു.

[3] ബിൽഡിംഗ്സ് സബ് ഡിവിഷൻ, റോഡ്സ് ഡിവിഷൻ, ഇലക്ട്രിക്കൽ ഡിവിഷൻ (കോഴിക്കോട്); റോഡ്സ് ഡിവിഷൻ (മൂവാറ്റുപുഴ) റോഡ്സ് ഡിവിഷൻ (എറണാകുളം); ബിൽഡിംഗ്സ് ഡിവിഷൻ (ഇടപ്പള്ളി); റോഡ്സ് ഡിവിഷൻ (മഞ്ചേരി); എൻഎച്ച് ഡിവിഷൻ (മലപ്പുറം).

[4] പിഎച്ച് ഡിവിഷൻ, പ്രോജക്ട് ഡിവിഷൻ (കോഴിക്കോട്); പിഎച്ച് ഡിവിഷൻ (എടപ്പാൾ); പിഎച്ച് ഡിവിഷൻ (മലപ്പുറം); പ്രോജക്ട് ഡിവിഷൻ (കൊച്ചി); പ്രോജക്ട് ഡിവിഷൻ (പെരുമ്പാവൂർ).

1.6. റിപ്പോർട്ടിന്റെ ഘടന

ബോർഡിന്റെ ഹെഡ് ഓഫീസുകളിലെയും ഫീൽഡ് ഓഫീസുകളിലെയും രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റിന്റെ കണ്ടെത്തലുകൾ താഴെപ്പറഞ്ഞിരിക്കുന്ന അദ്ധ്യായങ്ങളിലായി ഉൾപ്പെടുത്തിയിരിക്കുന്നു.

വിഭാഗം I : തൊഴിൽ സെസ്സ് ഈടാക്കൽ

- ❖ അദ്ധ്യായം II - നിർമ്മാണ പ്രവർത്തനങ്ങളുടെ രജിസ്ട്രേഷനും തൊഴിൽ സെസ്സിന്റെ നിർണ്ണയവും.
- ❖ അദ്ധ്യായം III – തൊഴിലാളി ക്ഷേമനിധി സെസ്സ് പിരിക്കലും അടയ്ക്കലും.

വിഭാഗം II : തൊഴിൽ സെസ്സിന്റെ വിനിയോഗം

- ❖ അദ്ധ്യായം IV – ക്ഷേമപദ്ധതികളുടെ നടപ്പാക്കൽ.
- ❖ അദ്ധ്യായം V – കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ പ്രവർത്തനം.

വിഭാഗം – I

തൊഴിൽ സെസ്സ് ഈടാക്കൽ

അദ്ധ്യായം – II

നിർമ്മാണ പ്രവർത്തനങ്ങളുടെ രജിസ്ട്രേഷനും തൊഴിലാളിക്ഷേമനിധി സെസ്സിന്റെ നിർണ്ണയവും

അദ്ധ്യായം II
നിർമ്മാണ പ്രവർത്തനങ്ങളുടെ രജിസ്ട്രേഷനും തൊഴിലാളി ക്ഷേമനിധി സെസ്സിന്റെ നിർണ്ണയവും

കെട്ടിട നിർമ്മാണത്തൊഴിലാളികളെ ജോലിക്കു നിർത്തുന്ന എല്ലാ നിർമ്മാണ പ്രവൃത്തികളുടെയും വിശദാംശങ്ങൾ എൽസിഎഎസ് രജിസ്ട്രേഷൻ പോർട്ടലിൽ നൽകിയിട്ടില്ല. 2023 മാർച്ചിലെ കണക്കനുസരിച്ച് സംസ്ഥാനത്തുടനീളമുള്ള 10,113 നിർമ്മാണ പ്രവൃത്തികൾ മാത്രമാണ് എൽസിഎഎസിൽ രേഖപ്പെടുത്തപ്പെട്ടത്. ഗുണഭോക്താക്കളുടെ വിവരങ്ങൾ കൃത്യതയോടെ സൂക്ഷിക്കുന്നതിന് ബോർഡ് ഗുണഭോക്താക്കൾക്കുള്ള എഐഐഐഎസ് ഡാറ്റാബേസ് സംവിധാനം പൂർണ്ണമായും ഉപയോഗപ്പെടുത്തിയില്ല. തെരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ (എൽഎസ്ജിഐ) നിർമ്മിക്കപ്പെട്ട, സെസ്സ് നിർണ്ണയത്തിന് യോഗ്യത നേടിയ 7,312 കെട്ടിടങ്ങളിൽ 4,294 എണ്ണത്തിന്റെ വിശദാംശങ്ങൾ മാത്രമേ റവന്യൂ വകുപ്പിനു കീഴിലുള്ള താലൂക്ക് ഓഫീസുകൾ ശേഖരിച്ചുള്ളൂ. ഈ 4,294 കെട്ടിടങ്ങളിൽ 679 എണ്ണത്തിന്റെ വിശദാംശങ്ങൾ മാത്രമേ എൽസിഎഎസിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. 282 കേസുകളിൽ സെസ്സ് നിർണ്ണയം നടത്താൻ ഒന്നു മുതൽ അഞ്ചു വർഷം വരെ കാലതാമസം ഉണ്ടായി.

2.1. നിർമ്മാണ പ്രവൃത്തികളുടെ രജിസ്ട്രേഷൻ

ബിഒസിഡബ്ല്യൂ (ആർഇസിഎസ്) നിയമത്തിലെ വകുപ്പ് 7 പ്രകാരം, ഓരോ തൊഴിൽദാതാവും നിർമ്മാണ പ്രവർത്തനം[5] ആരംഭിച്ച് 60 ദിവസത്തിനകം നിർമ്മാണ പ്രവർത്തനം നടക്കുന്ന മേഖലയിലെ രജിസ്റ്ററിംഗ് ഓഫീസർക്ക് (ജില്ലാ ലേബർ ഓഫീസർ) അപേക്ഷ[6] നൽകേണ്ടതാണ്. നിർമ്മാണ പ്രവർത്തനത്തിന്റെ രജിസ്ട്രേഷൻ ഫീസ് സഹിതം ഫോറം I-ൽ അപേക്ഷയുടെ[7] മൂന്ന് പകർപ്പുകൾ രജിസ്റ്ററിംഗ് ഓഫീസർക്ക് സമർപ്പിക്കണം. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് രജിസ്റ്ററിംഗ് ഓഫീസർ നിർമ്മാണ പ്രവർത്തനം രജിസ്റ്റർ ചെയ്യുകയും 15 ദിവസത്തിനകം അപേക്ഷകന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (ഫോറം II) നൽകുകയും വേണം.

2.1.1. ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (എൽസിഎഎസ്) വഴിയുള്ള രജിസ്ട്രേഷൻ

തൊഴിൽ വകുപ്പ് സേവനങ്ങൾ നൽകുന്നത് ടോട്ടൽ സൊല്യൂഷൻസ് പ്രൊവൈഡർ ആയ കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ) വികസിപ്പിച്ചെടുത്ത ''ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം'' (എൽസിഎഎസ്) എന്ന വെബ്-അധിഷ്ഠിത സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ വഴിയാണ്. തൊഴിൽനിയമ നിർമ്മാണങ്ങൾക്കനുസൃതമായി രജിസ്ട്രേഷൻ/ ലൈസൻസ് അനുവദിക്കൽ, ഇൻവെന്ററി മാനേജ്മെന്റ്, തർക്കപരിഹാരം, ഗ്രാറ്റുവിറ്റി, കോൾസെന്റർ നിരീക്ഷണം തുടങ്ങിയ വിവിധ സേവനങ്ങളുടെ ഘട്ടം ഘട്ടമായുള്ള വികസനത്തിന്റെയും,

---

[5] സർക്കാർ നിയന്ത്രണത്തിലോ, ഏതെങ്കിലും ബോഡിയോ, കോർപറേറ്റോ, സ്ഥാപനമോ ഒരു വ്യക്തിയോ, സംഘടനയോ, വ്യക്തികളുടെ മറ്റു കൂട്ടായ്മയോ, നിർമ്മാണത്തൊഴിലികളെ വെച്ച് നിർമ്മിക്കുന്ന ഏതെങ്കിലും കെട്ടിടവും മറ്റു നിർമ്മാണ പ്രവൃത്തികളും, കരാറുകാരൻ ഏർപ്പെട്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുന്നു. എന്നാൽ ഏതെങ്കിലും കെട്ടിടത്തിന്റെയോ, തന്റെ സ്വന്തം വാസസ്ഥലത്തിന്റെ നിർമ്മാണപ്രവൃത്തികളുടെയോ, ഭാഗമായി തൊഴിലാളികളെ ജോലിയ്ക്ക് നിർത്തുന്ന വ്യക്തി, അത്തരം നിർമ്മാണപ്രവൃത്തിയുടെ മൊത്തം അടങ്കൽ ₹10 ലക്ഷം കവിയാത്തിടത്തോളം ഈ നിർവചനത്തിൽപ്പെടുന്നില്ല.

[6] കേരളാ ചട്ടങ്ങളിലെ ചട്ടം 25

[7] ഫോറം I-ൽ താഴെപറയുന്നവ അടങ്ങിയിരിക്കുന്നു. സ്ഥാപനത്തിന്റെ പേര്, 1996-ലെ ബിഒസിഡബ്ല്യൂ (ആർഇസിഎസ്) ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ നമ്പർ രജിസ്റ്ററിംഗ് അതോറിറ്റി, വിലാസം, പ്രവൃത്തിയുടെ പേര്, ജോലിക്ക് നിയോഗിച്ച തൊഴിലാളികളുടെ എണ്ണം, പ്രവൃത്തി തുടങ്ങിയ ദിവസം, പ്രവൃത്തിയുടെ പ്രതീക്ഷിത കാലാവധി, കണക്കാക്കിയ നിർമ്മാണച്ചെലവ്, അടച്ച സെസ്സിന്റെ വിവരങ്ങൾ (അതായത് മുൻകൂർ തുക, സ്രോതസ്സിൽ നിന്നുള്ള കിഴിവ്, അന്തിമമായ തുക മുതലായവ), തൊഴിൽദാതാവിന്റെ പേര് മുതലായവ.

സംയോജനത്തിന്റെയും ഭാഗമായി ₹10.40 ലക്ഷം ചെലവിൽ എൽസിഎഎസ് നവീകരിക്കുന്നതിന് കെൽട്രോണുമായി തൊഴിൽ വകുപ്പ് കരാറിലേർപ്പെട്ടു (2018 മാർച്ച്). രജിസ്ട്രേഷൻ/പുതുക്കൽ, ലൈസൻസ്/പുതുക്കൽ, ഭേദഗതികൾ എന്നിവ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളും അനുസരിച്ച് ഓൺലൈൻ വഴി മാത്രമേ പൂർത്തിയാക്കാവൂ എന്ന് നിർദേശിച്ചുകൊണ്ട് ലേബർ കമ്മീഷണർ 2018 ഡിസംബറിൽ ഒരു സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. ലേബർ ഓഫീസർമാർ നടത്തുന്ന എല്ലാ പരിശോധനകളും എൽസിഎഎസ് വഴി ആയിരിക്കണമെന്നുണ്ട്.

കേരളത്തിൽ 1975-ലെ കേരളാ കെട്ടിടനിർമ്മാണ നികുതി നിയമത്തിലെ വകുപ്പുകൾ 3, 3എ[8] പ്രകാരം ഒഴിവാക്കിയ കെട്ടിടങ്ങൾ ഒഴികെയുള്ള എല്ലാ വിഭാഗം കെട്ടിടങ്ങൾക്കും ഒറ്റത്തവണ നികുതി ചുമത്താൻ റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. റവന്യൂ വകുപ്പിൽ നിന്നു ലഭ്യമായ ഒറ്റത്തവണ കെട്ടിടനിർമ്മാണ നികുതി സംബന്ധിച്ച ഡാറ്റ അനുസരിച്ച് 2021-23 കാലയളവിൽ മൊത്തം 2,57,104 നിർമ്മാണങ്ങളാണ് നടന്നതായി കണ്ടത്. എന്നാൽ, 2023 മാർച്ചിലെ കണക്കനുസരിച്ച് 10,113 നിർമ്മാണങ്ങൾ മാത്രമാണ് എൽസിഎഎസിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. റവന്യൂ വകുപ്പിൽ നിന്നും ലഭ്യമായ ഡാറ്റ പ്രകാരം നിർമ്മാണങ്ങളുടെ എണ്ണവും തൊഴിൽ വകുപ്പിന്റെ എൽസിഎഎസ് സോഫ്റ്റ്‌വെയർ പ്രകാരമുള്ള എണ്ണവും തമ്മിലുള്ള താരതമ്യം പട്ടിക **2.1-ൽ** കൊടുത്തിരിക്കുന്നു.

പട്ടിക 2.1 : തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച ഡാറ്റയുടെ അടിസ്ഥാനത്തിൽ നിർമ്മാണങ്ങളുടെ എണ്ണവും എൽസിഎഎസ് സോഫ്റ്റ്‌വെയർ പ്രകാരമുള്ള എണ്ണവും തമ്മിലുള്ള താരതമ്യം

ജില്ല	റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച ഡാറ്റ പ്രകാരമുള്ള നിർമ്മാണങ്ങളുടെ എണ്ണം	എൽസിഎഎസ് പ്രകാരമുള്ള നിർമ്മാണങ്ങളുടെ എണ്ണം
കോഴിക്കോട്	24,436	622
മലപ്പുറം	35,611	406
എറണാകുളം	25,809	574
ആകെ	**85,856**	**1,602**

(ഉറവിടം: റവന്യൂവകുപ്പിൽ നിന്നും തൊഴിൽ വകുപ്പ് സോഫ്റ്റ്‌വെയറിൽ നിന്നും ലഭിച്ച ഡാറ്റ)

ഇത് റവന്യൂ വകുപ്പിന്റെ രേഖകൾ പ്രകാരം നിലവിലുള്ള നിർമ്മാണങ്ങളുടെ യഥാർത്ഥ എണ്ണവും എൽസിഎഎസിൽ രജിസ്റ്റർ ചെയ്യപ്പെട്ട എണ്ണവും തമ്മിലുള്ള കാര്യമായ വ്യത്യാസമാണ് സൂചിപ്പിക്കുന്നത്. കൂടാതെ, ഇത് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനത്തിന്റെ ഫലശൂന്യത തെളിയിക്കുന്നു. സെസ്സ് പിരിച്ചെടുക്കുന്നതിനായി കഴിഞ്ഞ അഞ്ച് വർഷക്കാലം 2,82,998 നിർമ്മാണങ്ങൾ അടങ്ങിയ ഒരു പ്രത്യേക ഡാറ്റ ശേഖരം തൊഴിൽ വകുപ്പ് പരിപാലിച്ചിരുന്നതായി നിരീക്ഷിച്ചു. ഇത് തൊഴിൽ വകുപ്പ് പരിപാലിച്ചിരുന്ന ഡാറ്റയിലെ വൈരുദ്ധ്യത്തെ ചൂണ്ടിക്കാണിക്കുന്നു.

ഇൻവെന്ററി മാനേജ്മെന്റ്, തർക്കപരിഹാരം, ഗ്രാറ്റുവിറ്റി, കോൾസെന്റർ നിരീക്ഷണം, പരിശോധനകൾ നടത്തൽ തുടങ്ങിയ നടപടിക്രമങ്ങൾ എൽസിഎഎസ് വഴിയല്ല നിർവ്വഹിക്കപ്പെടുന്നതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ജില്ലകളിലെ അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ അമിതമായ ജോലിഭാരം മൂലം അവർക്ക് കെട്ടിട നിർമ്മാണത്തൊഴിലാളികളെ രജിസ്റ്റർ ചെയ്യാൻ ആവശ്യമായ സമയം ലഭിക്കുന്നില്ലെന്ന വസ്തുത ആണ് രജിസ്ട്രേഷന്റെ കുറഞ്ഞ നിരക്കിന് പ്രധാനമായും കാരണമാകുന്നതെന്ന് സർക്കാർ അറിയിച്ചു (2024 ജൂലൈ). രജിസ്റ്റർ ചെയ്യപ്പെടേണ്ട

[8] കേരള സർക്കാരിന്റെയോ, ഭാരതസർക്കാരിന്റെയോ ഏതെങ്കിലും തദ്ദേശ ഭരണസ്ഥാപനത്തിന്റെയോ കെട്ടിടങ്ങൾ; മുഖ്യമായും മതപരമായ, ജീവകാരുണ്യപരമോ, വിദ്യാഭ്യാസപരമോ ആയ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ; ഫാക്ടറികൾ, വർക്ക്ഷോപ്പുകൾ, സർക്കാർ വിജ്ഞാപനം ചെയ്ത മറ്റ് കെട്ടിടങ്ങൾ.

കെട്ടിടങ്ങളെക്കുറിച്ചുള്ള രേഖകൾ എൽഎസ്ജിഐകളിൽ നിന്ന് നേരിട്ട് ശേഖരിച്ച രജിസ്ട്രേഷൻ പ്രക്രിയ സർക്കാർ പുനഃക്രമീകരിക്കണമെന്നാണ് ഓഡിറ്റിന്റെ അഭിപ്രായം.

2.1.2. അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം

കമ്മീഷണറേറ്റിനു കീഴിലുള്ള 19 ക്ഷേമബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ തൊഴിലാളികളുടെയും ഡാറ്റ 'ഡിജിറ്റലൈസ്' ചെയ്യുന്നതിന്റെ ഭാഗമായി, തൊഴിൽ വകുപ്പിനു കീഴിലുള്ള എല്ലാ ക്ഷേമ ബോർഡുകളുടെയും പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനായി ലേബർ കമ്മീഷണറേറ്റിലെ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം (എഐഐഎസ്) നവീകരിക്കുന്നതിന് ₹1.39 കോടി ചെലവിൽ കെൽട്രോൺ (2019 ജൂലൈ) ഒരു പ്രോജക്ട്[9] നിർദ്ദേശിക്കുകയുണ്ടായി. സർക്കാർ 2021 മാർച്ചിൽ ₹1.39 കോടിയുടെ നിർദ്ദേശത്തിന് അനുമതി നൽകുകയും, പ്രൊജക്ടിന്റെ പ്രാരംഭഘട്ടം എന്ന നിലയിൽ എഐഐഎസ് സോഫ്റ്റ്‌വെയർ നവീകരിക്കാനായി ₹25 ലക്ഷം അനുവദിക്കുകയും ചെയ്തു. 2021 സെപ്റ്റംബറിൽ, പ്രോജക്ടിന്റെ ഒരു ഹ്രസ്വപതിപ്പ് നടപ്പിലാക്കാൻ തൊഴിൽ വകുപ്പ് തീരുമാനിച്ചു. ഇതിൽ തൊഴിൽ വകുപ്പിന് കീഴിലെ എല്ലാ ക്ഷേമ ബോർഡുകളിലേയും രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾക്കിടയിൽ, ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ, നോമിനേഷൻ സൗകര്യങ്ങൾ, തിരച്ചിലിനുള്ള സൗകര്യങ്ങൾ എന്നിവ പോലുള്ള പരിമിതമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി, ഇതിനായി ₹25 ലക്ഷം ചെലവാക്കി. പ്രോജക്ടിനുപയോഗിച്ച സോഫ്റ്റ്‌വെയറിൽ ഗുണഭോക്താക്കളുടെ പേര്, വിലാസം, ആധാർ നമ്പർ, ജനനത്തീയതി, ജാതി, സ്ഥാപനത്തിന്റെ വിലാസം, സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ ശിപാർശ ചെയ്ത ട്രേഡ് യൂണിയന്റെ പേര്, ബാങ്ക് വിവരങ്ങൾ, സേവനകാലാവധി എന്നിവ എളുപ്പത്തിൽ കണ്ടെത്താനുള്ള സൗകര്യങ്ങളുണ്ടായിരുന്നു. ഈ സോഫ്റ്റ്‌വെയറിന്റെ പരിമിതമായ പതിപ്പുപോലും ഉപയോഗപ്പെടുത്തുന്നതിൽ ബോർഡ് നിഷ്കർഷത കാണിച്ചില്ല എന്ന കാര്യം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഗുണഭോക്താക്കൾ നേരിട്ട് നൽകിയ വിവരങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് ആനുകൂല്യങ്ങൾ വിതരണം ചെയ്തത്. അല്ലാതെ എഐഐഎസിൽ രേഖപ്പെടുത്തിയ വിവരങ്ങൾ വഴി ആയിരുന്നില്ല. ബോർഡിൽ പുതുതായി അംഗത്വത്തിന് അപേക്ഷിച്ചിരുന്ന ഒരു ഗുണഭോക്താവ്, തൊഴിൽ വകുപ്പിനു കീഴിലെ വേറെ ഏതെങ്കിലും ക്ഷേമ ബോർഡിൽ അംഗമായിരുന്നോ എന്ന് പരിശോധിയ്ക്കാൻ മാത്രമാണ് പരിമിത പതിപ്പ് സോഫ്റ്റ്‌വെയറിലെ ഡാറ്റ ഉപയോഗിച്ചത്.

പ്രസ്തുത ഡാറ്റാബേസിലെ 5,54,294 ഗുണഭോക്താക്കൾ ഉൾക്കൊള്ളുന്ന ബോർഡിന്റെ ഡാറ്റയുടെ ഓഡിറ്റ് വിശകലനം താഴെ പറയുന്ന കാര്യങ്ങൾ വെളിപ്പെടുത്തുകയുണ്ടായി:

എ) 15,396 കേസുകളിൽ ഒരേ ബാങ്ക് അക്കൗണ്ട് നമ്പർ ഒന്നിൽ കൂടുതൽ ഗുണഭോക്താക്കൾക്ക് രേഖപ്പെടുത്തിയതായി കണ്ടു.
ബി) 127 കേസുകളിൽ ഗുണഭോക്താക്കളുടെ ആധാർ നമ്പർ അസാധു ആയിരുന്നു.
സി) 83 കേസുകളിൽ ഗുണഭോക്താക്കളുടെ ഐ ഡി യിൽ ഇരട്ടിപ്പ് വന്നിരുന്നു.

അങ്ങനെ, ഡാറ്റാബേസിൽ തെറ്റായ വിവരങ്ങൾ അടങ്ങിയിട്ടുണ്ടെന്നും, വിവരങ്ങൾ സാധൂകരിക്കുന്നതിനുള്ള ഒരു സംവിധാനവും ഇല്ലായിരുന്നു എന്നും വ്യക്തമാണ്. തൽഫലമായി സോഫ്റ്റ്‌വെയറിന്റെ പരിമിതമായ പതിപ്പുകൊണ്ട് ബോർഡിന് പ്രയോജനമുണ്ടായില്ല എന്ന കാരണത്താൽ ഉപയോഗം നിർത്തുകയും ചെയ്തു. ₹25 ലക്ഷം ചെലവഴിച്ചിട്ടും ഈ സോഫ്റ്റ്‌വെയർ വഴിയല്ലാതെ, ഗുണഭോക്താക്കളിൽ നിന്നും ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ആനുകൂല്യങ്ങൾ നൽകുന്നത്

[9] പ്രോജക്ടിൽ അംഗത്വ മാനേജ്മെന്റ്, നോമിനേഷൻ മാനേജ്മെന്റ്, ഐഡന്റിറ്റി കാർഡ് ജനറേഷൻ, മാസവരി മാനേജ്മെന്റ്, പെൻഷൻ, മറ്റ് ക്ഷേമ ആനുകൂല്യങ്ങൾ, ഡിജിറ്റൽ രേഖാനിർമ്മിതി, സർക്കാർ ഫണ്ടുകളുടെ മാനേജ്മെന്റ്, എസ്റ്റാബ്ലിഷ്മെന്റ്, വിവിധ റിപ്പോർട്ടിംഗ് സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

എന്നതിനാൽ മുഴവൻ ചെലവും നിഷ്ഫലമായി. ഈ വിഷയത്തെ കുറിച്ച് സർക്കാരിന്റെ മറുപടിയിൽ ഒരു പരാമർശവും ഉൾപ്പെടുത്തിയില്ല.

ശിപാർശ 1 : സെസ്സ് നിർണ്ണയം കൂടുതൽ കാര്യക്ഷമമാകത്തക്ക രീതിയിൽ എല്ലാ പ്രവൃത്തികളും ബോർഡിൽ രജിസ്റ്റർ ചെയ്ത് സെസ്സിന്റെ പരിധിയിൽ കൊണ്ടുവരുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കണം.

ശിപാർശ 2 : ഫലപ്രദമായ ഒരു ഡാറ്റാ മൂല്യനിർണ്ണയ സംവിധാനം നടപ്പിലാക്കുന്നുണ്ടെന്നും അതുവഴി സെസ്സ് അടയ്ക്കുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ ശരിയായി രേഖപ്പെടുത്തുന്ന തരത്തിൽ ഡാറ്റാബേസ് സ്വയംപര്യാപ്തമാണെന്ന് സർക്കാർ ഉറപ്പാക്കണം.

2.2. സെസ്സ് നിർണ്ണയം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാതിരിക്കൽ

സെസ്സ് ചട്ടങ്ങളുടെ[10] 6-ാം ചട്ടപ്രകാരം എല്ലാ തൊഴിൽ ദാതാക്കളും പ്രവൃത്തി ആരംഭിച്ച് / സെസ്സ് അടച്ച 30 ദിവസത്തിനുള്ളിൽ ഫോറം I-ൽ നിർമ്മാണ പ്രവർത്തനത്തിന്റെ വിവരം, തൊഴിലാളികളുടെ എണ്ണം, കണക്കാക്കിയ നിർമ്മാണ ചെലവ് എന്നീ വിവരങ്ങൾ സെസ്സ് നിർണ്ണയ ഓഫീസർക്ക് നൽകണം. ഫോറം I-ലെ വിവരങ്ങൾ ലഭിച്ചു കഴിഞ്ഞാൽ സെസ്സ് നിർണ്ണയ ഓഫീസർ[11] വിവരങ്ങൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്ന് ബോധ്യപ്പെട്ടാൽ തൊഴിൽദാതാവ് നൽകേണ്ട സെസ്സ് തുക കാണിച്ചുകൊണ്ട് ആറ് മാസത്തിനുള്ളിൽ ഒരു സെസ്സ് നിർണ്ണയ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് സെസ്സ് ചട്ടങ്ങളിലെ ചട്ടം 7(1)-ൽ വ്യവസ്ഥ ചെയ്യുന്നു. നിർമ്മാണം പൂർത്തിയായി 30 ദിവസത്തിനകമോ സെസ്സ് നിർണ്ണയം പൂർത്തീകരിച്ച് 30 ദിവസത്തിനകമോ (ഏതാണോ ആദ്യം, അത്) സെസ്സ് അടയ്ക്കാവുന്നതാണെന്ന് ചട്ടം 4 വ്യവസ്ഥ ചെയ്യുന്നു.

മുകളിൽ പറഞ്ഞ ചട്ടം 6 പ്രകാരം ഫോറം I കൈപ്പറ്റുന്നതിനും മറ്റും തൊഴിൽ വകുപ്പിൽ യാതൊരു സംവിധാനവും നിലവിലില്ലെന്ന് ഓഡിറ്റ് വേളയിൽ ബോധ്യപ്പെട്ടു. തൽഫലമായി സെസ്സ് നിർണ്ണയ ഓഫീസർക്ക് ചട്ടം 7(1) പ്രകാരമുള്ള തന്റെ ചുമതലകൾ നിർവ്വഹിക്കാൻ കഴിഞ്ഞിരുന്നില്ല. ഇത് ഫലത്തിൽ ചട്ടം 4 പ്രകാരം സെസ്സ് ചുമത്തുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ വകുപ്പ് നിഷേധിക്കുന്നതിന് കാരണമായി. എൽഎസ്ജിഐകൾ അവരുടെ അധികാര പരിധിയിലുള്ള കെട്ടിടങ്ങൾക്ക് വാസയോഗ്യ സാക്ഷ്യപത്രം നൽകാൻ ചുമതലപ്പെട്ടവയാണ്. എന്നാൽ, തെരഞ്ഞെടുത്ത ജില്ലകളിലെ ജില്ലാ ലേബർ ഓഫീസർമാർ (ഡിഎൽഒ) നിർമ്മാണം പൂർത്തിയായി സെസ്സ് ചുമത്തപ്പെടാൻ യോഗ്യതയുള്ള കെട്ടിടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ എൽഎസ്ജിഐകൾക്കു പകരം റവന്യൂ വകുപ്പിന് കീഴിലുള്ള താലൂക്ക് ഓഫീസുകളിൽ നിന്നുമാണ് ശേഖരിച്ചത്. റവന്യൂ വകുപ്പിൽ നിന്നും ശേഖരിച്ച വിവരങ്ങൾ സമഗ്രമായിരുന്നില്ലെന്ന് ഓഡിറ്റ് കണ്ടെത്തി.

തെരഞ്ഞെടുത്ത എൽഎസ്ജിഐകൾ, താലൂക്കാഫീസുകൾ, തൊഴിൽ വകുപ്പിന്റെ ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (എൽസിഎഎസ്) എന്നീ മൂന്ന് വ്യത്യസ്ത ഉറവിടങ്ങളിൽ നിന്ന് ലഭ്യമായ കെട്ടിട നിർമ്മാണങ്ങളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ താരതമ്യം ചെയ്യാൻ ഓഡിറ്റ് ശ്രമിച്ചു. ഇതിന്റെ വിശദാംശങ്ങൾ **പട്ടിക 2.2-ൽ** നൽകിയിരിക്കുന്നു.

[10] കേന്ദ്രസർക്കാർ രൂപം നൽകിയ 1998-ലെ കെട്ടിട-കെട്ടിടേതര നിർമ്മാണ തൊഴിലാളി ക്ഷേമ സെസ്സ് ചട്ടങ്ങൾ

[11] ഡെപ്യൂട്ടി ലേബർ ഓഫീസർ ആന്റ് അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ് I)

പട്ടിക 2.2 : എൽഎസ്ജിഐകൾ, താലൂക്കാഫീസുകൾ, എൽസിഎഎസ് സോഫ്റ്റ്‌വെയർ എന്നിവിടങ്ങളിൽ നിന്നും ലഭ്യമായ നിർമ്മാണങ്ങളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ

വർഷം	ലഭ്യമായ വിവരങ്ങൾ അനുസരിച്ചുള്ള നിർമ്മാണങ്ങളുടെ എണ്ണം		
	എൽഎസ്ജിഐകൾ	താലൂക്കാഫീസുകൾ	എൽസിഎഎസ് സോഫ്റ്റ്‌വെയർ
2018-19	2,828	986	85
2019-20	1,300	967	469
2020-21	1,191	437	124
2021-22	1,240	866	1
2022-23	753	1,038	0
ആകെ	**7,312**	**4,294**	**679**

(ഉറവിടം: എൽഎസ്ജിഐകൾ, താലൂക്കാഫീസുകൾ, തൊഴിൽ വകുപ്പിന്റെ സോഫ്റ്റ്‌വെയർ എന്നിവിടങ്ങളിൽ നിന്നുള്ള വിവരങ്ങൾ)

മേൽപ്പറഞ്ഞ എൽഎസ്ജിഐകളിൽ നിർമ്മിച്ച സെസ്സ് നിർണ്ണയത്തിന് യോഗ്യമായ മൊത്തം 7,312 കെട്ടിടങ്ങളിൽ, 4,294 കെട്ടിടങ്ങളുടെ വിശദവിവരങ്ങൾ മാത്രമേ റവന്യൂ വകുപ്പിനു കീഴിലെ താലൂക്കാഫീസുകൾ ശേഖരിച്ചിട്ടുള്ളൂ. ഈ 4,294 കെട്ടിടങ്ങളിൽ 679 കെട്ടിടങ്ങളുടെ വിശദാംശങ്ങൾ മാത്രമേ തുടർ നിർണ്ണയത്തിനായി എൽസിഎഎസിൽ രേഖപ്പെടുത്തിയിട്ടുള്ളൂ.

അങ്ങനെ, എൽഎസ്ജിഐകളിൽ വിശദാംശങ്ങൾ ലഭ്യമായ നിർമ്മാണങ്ങളുടെ വെറും 9.29 ശതമാനത്തിനു മാത്രമേ തൊഴിൽ വകുപ്പിന് സെസ്സ് നിർണ്ണയിക്കാൻ സാധിച്ചിട്ടുള്ളൂ.

മുൻ മാസങ്ങളിൽ ബന്ധപ്പെട്ട എൽഎസ്ജിഐകളുടെ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട എല്ലാ കെട്ടിടങ്ങളുടേയും വിശദാംശങ്ങൾ ശേഖരിക്കാനും, ഇതു സംബന്ധിച്ച സെസ്സ് നിർണ്ണയ രജിസ്റ്ററുകളിൽ ഒരു സർട്ടിഫിക്കറ്റ് രേഖപ്പെടുത്താനും ലേബർ കമ്മീഷണർ എല്ലാ ഡിഎൽഒമാർക്കും നിർദ്ദേശം (2020 ഒക്ടോബർ) നൽകിയതായി ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, ഈ ഉത്തരവ് പാലിക്കപ്പെട്ടിട്ടില്ല (2023 ഡിസംബർ). അങ്ങനെ, എൽഎസ്ജിഐകളിൽ നിന്നുള്ള സെസ്സ് നിർണ്ണയത്തിന് വിധേയമാകേണ്ട കെട്ടിടങ്ങളുടെ സമഗ്രമായ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിൽ ഡിഎൽഒമാരുടെ ഭാഗത്തു നിന്നും ഉണ്ടായ അലംഭാവം സെസ്സ് നിർണ്ണയത്തിൽ നിന്ന് ഒഴിവാകുന്നതിൽ പ്രസ്തുത കെട്ടിടങ്ങൾക്ക് സഹായകമായി.

2024 ഫെബ്രുവരി 14-ന് പുറപ്പെടുവിച്ച ഉത്തരവുപ്രകാരം സെസ്സ് പിരിയ്ക്കുന്നതിനുള്ള ഉത്തരവാദിത്തം എൽഎസ്ജിഐകളെ ഏല്പിച്ചതായി ലേബർ കമ്മീഷണർ പ്രസ്താവിച്ചു (2024 ജൂൺ). ഇക്കാര്യത്തിൽ സർക്കാർ ഒരു മറുപടിയും നൽകിയില്ല.

ശിപാർശ 3 : എൽഎസ്ജിഐകൾ അനുമതി നൽകിയ എല്ലാ നിർമ്മാണങ്ങളുടെയും വിശദാംശങ്ങൾ ശേഖരിച്ച് എൽസിഎഎസ് സോഫ്റ്റ്‌വെയറിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് സർക്കാർ ഉറപ്പാക്കണം. ഇതു വഴി, സർക്കാരിന് സെസ്സ് സംബന്ധിച്ച ശരിയായ നിർണ്ണയം നടത്താൻ കഴിയും.

2.3. സെസ്സ് നിർണ്ണയിക്കുന്നതിലെ കാലതാമസം

സെസ്സ് ചട്ടങ്ങളിലെ ചട്ടം 6(1) പ്രകാരം, എല്ലാ തൊഴിൽദാതാക്കളും തങ്ങളുടെ പ്രവൃത്തി തുടങ്ങി/സെസ്സ് അടച്ച് 30 ദിവസത്തിനകം ഫോറം I-ൽ വിവരങ്ങൾ നൽകേണ്ടതാണ്. കൂടാതെ, പ്രസ്തുത ചട്ടങ്ങളുടെ ചട്ടം 7 പ്രകാരം ഫോറം I ലഭിച്ച് ആറ് മാസത്തിനുള്ളിൽ സെസ്സ് നിർണ്ണയ ഓഫീസർ സെസ്സ് നിർണ്ണയ ഓർഡർ പുറപ്പെടുവിയ്ക്കേണ്ടതും, ഫോറം I നൽകിയിട്ടില്ലെങ്കിൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ സെസ്സ് നിർണ്ണയം നടത്തേണ്ടതുമാണ്.

തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ 300 സെസ്സ് നിർണ്ണയ കേസുകൾ ഓഡിറ്റ് വിശകലനം ചെയ്തു. ഇതിൽ ഒന്നിലും ഫോറം I നൽകിയിരുന്നില്ല എന്ന് കണ്ടെത്തുകയും ചെയ്തു. അതിനാൽ, സെസ്സ് നിർണ്ണയ ഓഫീസർ നിർമ്മാണം പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ താലൂക്ക്, വില്ലേജ് ഓഫീസുകളിൽ നിന്നും ശേഖരിക്കുകയും പ്ലിന്ത് ഏരിയ, നിർമ്മാണം പൂർത്തിയായ വർഷം[12] എന്നിവയെ അടിസ്ഥാനമാക്കി സെസ്സ് കണക്കാക്കുകയും ചെയ്തു.

പട്ടിക 2.3-ൽ കാണിച്ചിരിക്കുന്നത് പോലെ 282 കേസുകളിൽ സെസ്സ് നിർണ്ണയിക്കുന്നതിൽ ഒന്നു മുതൽ അഞ്ചു വർഷം വരെ കാലതാമസം ഉണ്ടായതായി സെസ്സ് നിർണ്ണയ അപഗ്രഥനം വെളിപ്പെടുത്തുകയുണ്ടായി.

പട്ടിക 2.3: കെട്ടിട നിർമ്മാണ പൂർത്തീകരണത്തിനും പ്രഥമ നോട്ടീസ് നൽകുന്നതിനും ഇടയ്ക്കുള്ള കാലയളവ്

ക്രമനമ്പർ	കെട്ടിട നിർമ്മാണ പൂർത്തീകരണത്തിനും പ്രഥമ നോട്ടീസ് നൽകുന്നതിനും ഇടയ്ക്കുള്ള കാലയളവ്	സന്ദർഭങ്ങളുടെ എണ്ണം
1.	ഒരു വർഷത്തിൽ കുറവ്	99
2.	ഒന്ന് മുതൽ മൂന്ന് വർഷം വരെ	84
3.	മൂന്ന് മുതൽ അഞ്ച് വർഷം വരെ	51
4.	അഞ്ചുവർഷവും അതിനു മുകളിലും	48
ആകെ		**282**

(ഉറവിടം : ജില്ലാ ലേബർ ഓഫീസുകളിൽ നിന്നുള്ള സെസ്സ് നിർണ്ണയ ഉത്തരവുകൾ)

തൊഴിൽ ദാതാവ് ഫോറം I-ൽ വിവരങ്ങൾ നൽകിയിട്ടുള്ള സന്ദർഭങ്ങളിൽ സെസ്സ് നിർണ്ണയത്തിന് ആറ് മാസം സമയപരിധി ബിഒസിഡബ്ല്യൂ (ആർഇസിഎസ്) നിയമം വ്യവസ്ഥ ചെയ്യുന്നു. തൊഴിൽദാതാവ് മുകളിൽ പറയുന്നവയിൽ വീഴ്ച വരുത്തിയാൽ ലഭ്യമായ രേഖകളുടെയും, അതുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങളുടെയും അടിസ്ഥാനത്തിൽ സെസ്സ് നിർണ്ണയം നടത്താൻ ചട്ടങ്ങൾ സെസ്സ് നിർണ്ണയ ഓഫീസറെ ചുമതലപ്പെടുത്തുന്നു. എന്നാൽ, സെസ്സ് നിർണ്ണയം നടത്തുന്നതിന്, സെസ്സ് നിർണ്ണയ ഓഫീസർക്ക് ഒരു സമയപരിധി നിശ്ചയിച്ചിട്ടില്ല. സെസ്സ് നിർണ്ണയത്തിലുണ്ടായ കാലതാമസം സെസ്സ് അടയ്ക്കുന്നതിലും കാലതാമസത്തിന് കാരണമായി.

2024 സെപ്റ്റംബർ വരെ സർക്കാർ ഇതിന് മറുപടിയൊന്നും നൽകിയില്ല.

2.4. ഉപസംഹാരം

കെട്ടിട നിർമ്മാണ തൊഴിലാളികളെ ജോലിക്കു നിർത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ എൽസിഎഎസ് രജിസ്ട്രേഷൻ പോർട്ടലിൽ രേഖപ്പെടുത്തിയിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഗുണഭോക്താക്കൾക്കുള്ള എഐഐഐഎസ് ഡാറ്റാബേസ് സംവിധാനം ബോർഡ് പൂർണ്ണമായും ഉപയോഗപ്പെടുത്തിയിരുന്നില്ല. തെരഞ്ഞെടുക്കപ്പെട്ട എൽഎസ്ജിഐകളിൽ നിർമ്മാണം പൂർത്തിയാക്കിയവയും സെസ്സ് നിർണ്ണയത്തിന് യോഗ്യതയുണ്ടായിരുന്നതുമായ, മൊത്തം 7,312 കെട്ടിടങ്ങളിൽ 4,294 എണ്ണത്തിന്റെ വിശദാംശങ്ങൾ മാത്രമേ റവന്യൂ വകുപ്പിലെ താലൂക്ക് ഓഫീസർമാർ ശേഖരിച്ചിരുന്നുള്ളൂ. ഇവയിൽ 679 കെട്ടിടങ്ങളുടെ വിശദാംശങ്ങൾ മാത്രമാണ് എൽസിഎഎസിൽ രേഖപ്പെടുത്തിയിരുന്നത്. ഇത് രജിസ്ട്രേഷൻ സംവിധാനത്തിന്റെ പ്രവർത്തനത്തിലെ ഉദാസീനത വെളിവാക്കുന്നു.

[12] 2017 ജൂലൈ 14-ാം തീയതിയിലെ കേരള സർക്കാർ ഉത്തരവ്.

അദ്ധ്യായം – III

തൊഴിലാളിക്ഷേമനിധി സെസ്സ് പിരിയ്ക്കലും അടയ്ക്കലും

അദ്ധ്യായം – III
തൊഴിലാളിക്ഷേമനിധി സെസ്സ് പിരിയ്ക്കലും അടയ്ക്കലും

സെസ്സ് പിരിച്ചെടുക്കുന്നതിൽ 1,319 കേസുകളിലായി നാലുവർഷം വരെ ഉണ്ടായ കാലതാമസം മൂലം ₹11.39 കോടി പലിശ ഇനത്തിൽ ഈടാക്കുന്നതിൽ തൊഴിൽ വകുപ്പ് വീഴ്ച വരുത്തുകയുണ്ടായി. ഇതിനു പുറമേ സെസ്സ് പിരിക്കാൻ അധികാരപ്പെട്ട സ്ഥാപനങ്ങൾ പിരിച്ചെടുത്ത ₹1.56 കോടി വരുന്ന സെസ്സ് തുക തെറ്റായി റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡിലേയ്ക്ക് (ആർഐഎബി) അടയ്ക്കുകയുണ്ടായി. ഇതിൽ ₹84.87 ലക്ഷം ഇനിയും ബോർഡിലേയ്ക്ക് തിരികെ കിട്ടാനുണ്ട്.

സംസ്ഥാനത്ത് തൊഴിൽ വകുപ്പ് സെസ്സ് പിരിക്കുന്നതിനായി നിർണ്ണയിച്ച 2,82,998 കെട്ടിടങ്ങളിൽ 1,26,446 (44.68 ശതമാനം) കെട്ടിടങ്ങളിൽ നിന്നു മാത്രമാണ് സെസ്സ് പിരിഞ്ഞു കിട്ടിയത്. ഇത് സെസ്സ് പിരിവിൽ ₹542.17 കോടിയുടെ (53.83 ശതമാനം) കുറവിനു കാരണമായി. തെരഞ്ഞെടുത്ത ജില്ലകളിൽ ജീവനക്കാരുടെ ശമ്പളം, തപാൽ ചെലവുകൾ എന്നീ ഇനങ്ങളിലായി തൊഴിൽ വകുപ്പിന് ₹1.66 കോടി കൊടുക്കുക വഴി ബോർഡ് ഒരു ശതമാനം ഭരണച്ചെലവിന്റെ പരിധി മറികടക്കുകയുണ്ടായി.

ഓഡിറ്റ് പരിശോധിച്ച കേരള ജല അതോറിറ്റിയുടെ അഞ്ച് പിഎച്ച് ഡിവിഷനുകളിൽ ₹48.52 ലക്ഷം വരുന്ന സെസ്സിനത്തിനുള്ള ചെക്കുകൾ / ഡി.ഡികൾ ബോർഡിന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കപ്പെട്ടിരുന്നില്ല.

ബിഒസിഡബ്ല്യു (ആർഇസിഎസ്) നിയമത്തിന്റെ 3-ാം വകുപ്പ് പ്രകാരം കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതുപോലെ ഒരു തൊഴിൽദാതാവ്, ചെലവഴിക്കുന്ന നിർമ്മാണച്ചെലവിന്റെ രണ്ട് ശതമാനത്തിൽ കവിയാതെയും, എന്നാൽ ഒരു ശതമാനത്തിൽ കുറയാതെയുമുള്ള നിരക്കിൽ സെസ്സ് ചുമത്തുകയും, പിരിച്ചെടുക്കുകയും ചെയ്യണമെന്ന് വ്യവസ്ഥചെയ്യുന്നു. നിർമ്മാണ പ്രോജക്ട് പൂർത്തീകരിച്ച് 30 ദിവസത്തിനുള്ളിലോ, സെസ്സ് നിർണ്ണയിച്ച് 30 ദിവസത്തിനുള്ളിലോ (ഏതാണോ ആദ്യം അത്) തൊഴിൽദാതാവ് സെസ്സ് അടക്കേണ്ടതാണ്. കൂടാതെ, ജില്ലാ ലേബർ ഓഫീസർമാർ പുറപ്പെടുവിക്കുന്ന സെസ്സ് നിർണ്ണയ ഉത്തരവുകൾ പ്രകാരം സെസ്സ് നിർണ്ണയ നോട്ടീസ് കൈപ്പറ്റി 20 ദിവസത്തിനകം സെസ്സ് തുക ബോർഡിന്റെ പേരിൽ ഡി.ഡി അഥവാ ചെക്കായി അയയ്ക്കേണ്ടതാണ്.

മേൽ നിയമത്തിന്റെ 2-ാം വകുപ്പ് അനുസരിച്ച് തദ്ദേശ സ്ഥാപനവും സംസ്ഥാന സർക്കാരും പിരിച്ചെടുക്കുന്ന സെസ്സ് തുകയുടെ ഒരു ശതമാനത്തിൽ കവിയാതെയുള്ള തുക, പിരിവു ചെലവായി മൊത്തം തുകയിൽ നിന്നു കുറവ് ചെയ്ത ശേഷം ബാക്കി തുക ബോർഡിനു നൽകേണ്ടതാണ്. സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും വർക്ക് ബില്ലുകളിൽ നിന്നും സെസ്സ് കുറയ്ക്കുകയും അവ ബോർഡിലേയ്ക്ക് അടയ്ക്കുകയും ചെയ്യുന്നു.

3.1. സെസ്സ് അടയ്ക്കുന്നതിലെ കാലതാമസത്തിന് പിഴപ്പലിശ ഈടാക്കാത്തത്

സെസ്സ് നിയമത്തിന്റെ 8-ാം വകുപ്പ് പ്രകാരം സെസ്സ് അടയ്ക്കുന്നതിൽ കാലതാമസം വരുത്തുന്ന തൊഴിൽ ദാതാക്കൾ സെസ്സ് തുകയുടെ രണ്ട് ശതമാനം പ്രതിമാസനിരക്കിൽ പലിശ അടയ്ക്കാൻ ബാധ്യസ്ഥരാണ്. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ എൽസിഎംഎസ് ഡാറ്റാ വിശകലനം ചെയ്തപ്പോൾ 1,319 കേസുകളിൽ സെസ്സ് അടയ്ക്കുന്നതിലെ കാലതാമസത്തിന് തൊഴിൽ വകുപ്പ് പലിശ ഈടാക്കിയിട്ടില്ലെന്ന് കണ്ടു[13]. പലിശ ഈടാക്കാൻ തക്കവണ്ണം സെസ്സ് അടയ്ക്കുന്നതിൽ കാലതാമസം വരുത്തിയതിന്റെ കാലയളവ്, ഒരു മാസത്തിൽ താഴെ മുതൽ നാലുവർഷത്തിലേറെ വരെ ആയിരുന്നു, വിശദാംശങ്ങൾ **പട്ടിക 3.1**-ൽ കാണിച്ചിരിക്കുന്നു.

[13] നിർമ്മാണ പ്രോജക്ടിന്റെ പൂർത്തീകരണ തീയതി ലഭ്യമാക്കാത്തതിനാൽ സെസ്സ് നിർണ്ണയ നോട്ടീസിന്റെ തീയതിക്കു ശേഷം 20 ദിവസം മുതലാണ് കാലതാമസം കണക്കാക്കിയത്.

പട്ടിക 3.1 : സെസ്സ് അടയ്ക്കുന്നതിലെ കാലതാമസവും ഈടാക്കേണ്ടിയിരുന്ന പലിശ തുകയും

കാലതാമസം	സെസ്സ് നിർണ്ണയ കേസുകളുടെ എണ്ണം	ഈടാക്കേണ്ട പലിശ* (₹ കോടിയിൽ)
ഒന്ന് മുതൽ 30 ദിവസം വരെ	346	4.34
31 മുതൽ 90 ദിവസം വരെ	291	1.27
91 മുതൽ 365 ദിവസം വരെ	381	3.62
ഒരു വർഷം മുതൽ രണ്ട് വർഷം വരെ	172	0.57
രണ്ട് വർഷം മുതൽ നാല് വർഷം വരെ	127	1.59
നാല് വർഷത്തിനു മുകളിൽ	2	0.0035
ആകെ	**1,319**	**11.39**

* 2023 *ഒക്ടോബറിലെ നില അനുസരിച്ച്*

(ഉറവിടം: എൽസിഎഎസിൽ നിന്നുള്ള ഡാറ്റയും ബോർഡിലെ സെസ്സ് അടയ്ക്കൽ വിശദാംശങ്ങളും)

സെസ്സ് അടയ്ക്കുന്നതിനുള്ള നോട്ടീസ് നൽകിയപ്പോൾ 8-ാം വകുപ്പ് പ്രകാരമുള്ള പിഴ ഒടുക്കുന്നതിനെക്കുറിച്ച് അതിൽ പ്രസ്താവിച്ചിട്ടില്ലായിരുന്നു എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. സെസ്സ് അടയ്ക്കാൻ കാലതാമസം വരുത്തിയതിന്റെ പിഴപ്പലിശ ഈടാക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം ബോർഡിന് ₹11.39 കോടിയുടെ നഷ്ടമുണ്ടായി.

തവണ വ്യവസ്ഥയിൽ സെസ്സ് അടയ്ക്കുന്നതിന് അനുവാദം ചോദിച്ച് ബന്ധപ്പെട്ട കക്ഷികൾ സർക്കാരിനെ സമീപിക്കുന്നതായി തൊഴിൽ വകുപ്പ് അറിയിച്ചു(2022 ഒക്ടോബർ). കൂടാതെ അദാലത്ത്[14] നടക്കുന്ന വേളയിൽ സെസ്സിൽ ചില ഇളവുകൾ സർക്കാർ അനുവദിച്ചു. അതിൽ വാസയോഗ്യമായ കെട്ടിടങ്ങൾക്ക് പിഴ മുഴുവനായും വാണിജ്യ കെട്ടിടങ്ങൾക്ക് 50 ശതമാനവും ഇളവു നൽകാൻ തീരുമാനമായി. നിയമത്തിന്റെയും ചട്ടത്തിന്റെയും ഭേദഗതി ഒന്നുകിൽ പാർലമെന്റിലോ അല്ലെങ്കിൽ സംസ്ഥാന നിയമസഭയിലോ ചെയ്യേണ്ടതിനാൽ ഈ മറുപടി സാധൂകരിക്കത്തക്കതല്ല. നിയമ ഭേദഗതി കൂടാതെ സെസ്സ് ഇളവ് ചെയ്യുന്നതിനുള്ള സർക്കാർ ഉത്തരവുകൾ നിലനിൽക്കത്തക്കതല്ല. 2024 സെപ്റ്റംബർ വരെ സർക്കാർ ഇക്കാര്യത്തിൽ മറുപടിയൊന്നും നൽകിയിട്ടില്ല.

3.2. തെറ്റായി അടച്ച സെസ്സ് തുക തിരികെ ലഭിക്കാത്തത്

സെസ്സ് ചട്ടങ്ങൾ 4(3) പ്രകാരം നിർമ്മാണപ്രവൃത്തികൾക്ക് നൽകുന്ന ബിൽ തുകകളിൽ നിന്ന് വിജ്ഞാപനം ചെയ്യപ്പെട്ട നിരക്കുകളിൽ സർക്കാർ/ പൊതുമേഖലാസ്ഥാപനങ്ങൾ സെസ്സ് ഈടാക്കുകയോ സെസ്സ് പിരിയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യണം. അങ്ങനെ ഈടാക്കുന്ന തുകകൾ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ ബോർഡിന് കൈമാറണമെന്ന് ചട്ടം അഞ്ച് വ്യവസ്ഥ ചെയ്യുന്നു. റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേർണൽ ഓഡിറ്റ് ബോർഡ് (ആർഐഎബി)[15]-ന്റെ ഓഡിറ്റിനിടെ സെസ്സ് പിരിക്കാൻ അധികാരപ്പെട്ട സ്ഥാപനങ്ങൾ 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിലെ ₹1.56 കോടി വരുന്ന സെസ്സ് തുക, ബോർഡിന്റെ തനത് അക്കൗണ്ടിൽ അടയ്ക്കാതെ ആർഐഎബിയുടെ സ്പെഷ്യൽ റ്റിഎസ്ബി അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തു. ആ ₹1.56 കോടി പലിശ സഹിതം ബോർഡിന്റെ തനത് അക്കൗണ്ടിൽ തിരിച്ച് ക്രെഡിറ്റ് ചെയ്യാൻ ആർഐഎബിക്ക് നിർദ്ദേശം നൽകണമെന്ന് ബോർഡ് സെക്രട്ടറി, തൊഴിൽ വകുപ്പ് സെക്രട്ടറിയോടും, ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോടും അഭ്യർത്ഥിക്കുകയുണ്ടായി (2022 മേയ്). സെസ്സ് അടയ്ക്കുന്നതിന്റെ വിശദാംശങ്ങൾ നിരീക്ഷിയ്ക്കാനോ, പരിശോധിയ്ക്കാനോ മതിയായ സംവിധാനങ്ങൾ ഇല്ലാതിരിക്കെ ബോർഡിലേക്ക് ലഭിക്കാനുള്ള തുകയിൽ കുറവ് വരാനുള്ള സാധ്യത തള്ളിക്കളയാവുന്നതല്ല.

[14] അദാലത്ത് കാലയളവ് 2022 ഡിസംബർ 31 വരെ നീട്ടിയിരുന്നു

[15] വ്യവസായ വകുപ്പിനു കീഴിലുള്ള ഒരു പൊതു മേഖലാ സ്ഥാപനം

ബോർഡിന്റെ അക്കൗണ്ടിലേക്ക് ₹71.18 ലക്ഷം തിരിച്ചടച്ചതായി സർക്കാർ മറുപടി നൽകി (2022 ഡിസംബർ). എന്നിരുന്നാലും, ബാക്കി തുകയായ ₹84.87 ലക്ഷവും പലിശയും തിരിച്ച് നൽകാതെ ആർഐഎബിയുടെ അക്കൗണ്ടിൽ അവശേഷിക്കുന്നു.

3.3. അനുവദനീയ പരിധിയിൽ കവിഞ്ഞുള്ള തുക അടയ്ക്കൽ

സംസ്ഥാന സർക്കാർ വകുപ്പുകൾ, സ്വയംഭരണസ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിങ്ങനെയുള്ള സെസ്സ് പിരിയ്ക്കുന്ന അധികാര സ്ഥാപനങ്ങൾ സെസ്സ് നിയമത്തിന്റെ 3-ാം വകുപ്പ് പ്രകാരം ഭരണച്ചെലവുകളുടെ പേരിൽ ഒരു ശതമാനം സെസ്സ് തുക ഈടാക്കിയ ശേഷം ബാക്കി തുക ബോർഡിൽ അടയ്ക്കുന്നു. ഓഡിറ്റ് കാലയളവിൽ ജില്ലാ ലേബർ ഓഫീസുകളിൽ ജോലി ക്രമീകരണത്തിന്റെ ഭാഗമായി നിയുക്തരായ ബോർഡ് ജീവനക്കാരുടെ ശമ്പളവും, തപാൽ ചെലവുകളും ഉൾപ്പെടെയുള്ള തുക തൊഴിൽ വകുപ്പ് റീ-ഇംമ്പേഴ്സ്മെന്റായി ഈടാക്കി. എന്നാൽ, സെസ്സ് തുകയിൽ നിന്നും ഈടാക്കിയ അനുവദനീയമായ ഒരു ശതമാനം പരിധിയ്ക്കും മേലെയാണ് ഇങ്ങനെ തുക ക്ലെയിം ചെയ്തിരിക്കുന്നത് എന്ന് ഓഡിറ്റ് കണ്ടെത്തി. 2018-2023 ഓഡിറ്റ് കാലയളവിൽ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ ജീവനക്കാരുടെ ശമ്പളവും തപാൽ ചെലവുകളും എന്ന നിലയിൽ ബോർഡ് തൊഴിൽ വകുപ്പിന് ₹1.66 കോടി[16] ഒരു ശതമാനം പരിധി കവിഞ്ഞു ക്രമരഹിതമായി നൽകുകയുണ്ടായി.

സംസ്ഥാനത്ത് 2021 നവംബർ ഒന്നിന് അദാലത്ത് ആരംഭിച്ചപ്പോൾ, തപാൽ സ്റ്റാമ്പുകൾ, നോട്ടീസ് പ്രിന്റിംഗ്, അച്ചടി കടലാസ്, തുടങ്ങിയവ അധികമായി വേണ്ടി വന്നതിനാൽ ഓഫീസ് ചെലവുകൾ വർദ്ധിച്ചതായി ലേബർ കമ്മീഷണർ മറുപടി നൽകി (2024 ജൂൺ). എന്നാൽ, നിയമത്തിന്റെ വ്യവസ്ഥകൾ ലംഘിക്കുന്ന തരത്തിൽ അനുവദനീയ പരിധി കവിഞ്ഞ് ചെലവാക്കുന്ന ഏത് തുകയും ക്രമരഹിതമായതിനാൽ ഈ മറുപടി സ്വീകാര്യമല്ല.

3.4. സെസ്സ് പിരിവിലെ കുറവ്

സെസ്സ് നിർണ്ണയ ഓഫീസർ തന്റെ അധികാര പരിധിയിലുള്ള കെട്ടിട നിർമ്മാണങ്ങളുടെ വിശദാംശങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് ശേഖരിക്കുന്നുവെന്നും അവയുടെ സെസ്സ്[17] പിരിയ്ക്കുന്നതിനായി തുടർനടപടികൾ സ്വീകരിക്കുന്നുവെന്നും ജില്ലാ ലേബർ ഓഫീസർ ഉറപ്പാക്കണം. തൊഴിൽ വകുപ്പ് നൽകിയ വിവരങ്ങൾ അനുസരിച്ച് സെസ്സ് നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെയും, പിരിച്ചെടുത്ത സെസ്സിന്റെയും ഇനി പിരിഞ്ഞു കിട്ടാനുള്ള സെസ്സിന്റെയും വിശദാംശങ്ങൾ **പട്ടിക 3.2**-ൽ നൽകിയിരിക്കുന്നു.

പട്ടിക 3.2 : തൊഴിൽ വകുപ്പ് സെസ്സ് നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെയും, പിരിച്ചെടുത്ത സെസ്സിന്റെയും, ഇനി പിരിഞ്ഞു കിട്ടാനുള്ള സെസ്സിന്റെയും 2018-23 വരെയുള്ള വിശദാംശങ്ങൾ

വർഷം	സെസ്സ് നിർണ്ണയിച്ച കെട്ടിടങ്ങൾ		പിരിച്ചെടുത്ത സെസ്സ്		പിരിഞ്ഞു കിട്ടാനുള്ള തുക	
	എണ്ണം	തുക (₹ കോടിയിൽ)	എണ്ണം	തുക (₹ കോടിയിൽ)	എണ്ണം	തുക (₹ കോടിയിൽ)
2018-19	54,857	194.92	23,008	89.20	31,849	105.72
2019-20	70,181	285.66	6,722	95.99	63,459	189.67
2020-21	11,965	87.30	8,531	31.77	3,434	55.53
2021-22	35,098	167.68	27,655	99.41	7,443	68.28
2022-23	1,10,897	271.62	60530	148.65	50,367	122.97
ആകെ	**2,82,998**	**1,007.18**	**1,26,446**	**465.02**	**1,56,552**	**542.17**

(ഉറവിടം : തൊഴിൽ വകുപ്പിൽ നിന്നു ലഭിച്ച വിവരങ്ങൾ)

[16] ശമ്പള ഇനത്തിൽ ₹1.35 കോടിയും തപാൽ ചെലവ് ഇനത്തിൽ ₹0.31 കോടിയും

[17] ലേബർ കമ്മീഷണർ പുറപ്പെടുവിച്ച 2020 ഒക്ടോബർ 12-ലെ സർക്കുലർ നം. 06/2020

തൊഴിൽ വകുപ്പ് സെസ്സ് പിരിയ്ക്കാൻ നിർണ്ണയിച്ച 2,82,998 കെട്ടിടങ്ങളിൽ 1,26,446 കെട്ടിടങ്ങളുടെ (44.68 ശതമാനം) സെസ്സ് മാത്രമേ പിരിച്ചെടുത്തുള്ളൂ എന്നും ഇത് സെസ്സ് തുകയിൽ ₹542.17 കോടിയുടെ (53.83 ശതമാനം) കുറവ് വരുത്തിയെന്നും മുകളിൽ കാണിച്ചിരിക്കുന്ന പട്ടികയിൽ നിന്ന് മനസ്സിലാക്കാം.

കൂടാതെ, സ്വകാര്യകെട്ടിട നിർമ്മാണങ്ങൾ യഥാസമയം രജിസ്റ്റർ ചെയ്യുകയോ, തൊഴിൽ വകുപ്പിന് റിട്ടേണുകൾ സമർപ്പിക്കുകയോ ചെയ്തില്ല, ഇത് സെസ്സ് നിർണ്ണയിക്കുന്നതിന്റെയും പിരിച്ചെടുക്കുന്നതിന്റെയും കുറവിനു കാരണമാകുന്നു. അതിനാൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പുതിയ നിർമ്മിതികളുടെ വിവരങ്ങൾ ശേഖരിച്ച് ഒരു സമഗ്ര ഡാറ്റാബേസ് നിർമ്മിക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സെസ്സ് പിരിവ് ഊർജ്ജിതപ്പെടുത്താനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

സെസ്സ് പിരിയ്ക്കാനുള്ള ഉത്തരവാദിത്വം 2024 ജനുവരി മുതൽ തൊഴിൽ വകുപ്പിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മാറ്റാൻ തീരുമാനിച്ചെന്ന് സർക്കാർ പ്രസ്താവിച്ചു (2024 ജൂലൈ). ഇതു സംബന്ധിച്ച് 2020 ഒക്ടോബറിൽ തന്നെ ലേബർ കമ്മീഷണർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നെങ്കിലും ജില്ലാ ലേബർ ഓഫീസർമാർ താലൂക്കാഫീസുകളിൽ നിന്ന് അടിസ്ഥാന ഡാറ്റ ശേഖരിക്കുന്നത് തുടർന്നു. ഇത് സെസ്സ് നിർണ്ണയത്തിൽ നിന്ന് ഒഴിവാക്കപ്പെടാൻ പല കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്കും അവസരം ഒരുക്കുകയും സെസ്സ് പിരിവിൽ കാര്യമായ കുറവ് ഉണ്ടാകാനിടയാക്കുകയും ചെയ്തുവെന്നും ഓഡിറ്റ് കണ്ടെത്തി.

ശിപാർശ 4 : സെസ്സ് മൂല്യനിർണ്ണയങ്ങൾ കൃത്യമായി നടത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് ശക്തമായ ഒരു സംവിധാനം വികസിപ്പിച്ചെടുക്കാനും, സെസ്സ് കൃത്യമായി പിരിച്ചെടുക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകേണ്ടതാണ്.

3.5. ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് തുകയുള്ള ചെക്കുകൾ/ഡി.ഡികൾ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാത്തത്

സർക്കാർ പ്രവൃത്തികളുടെ കാര്യത്തിൽ വർക്ക് ബില്ലുകളിലെ മൊത്തം തുകയുടെ ഒരു ശതമാനം നിരക്കിൽ സെസ്സ് പിരിച്ചെടുക്കുന്നു. അങ്ങനെ കുറവു ചെയ്യുന്ന തുക ചെക്കുകൾ/ഡി.ഡികൾ മുഖേന ബോർഡിലേയ്ക്ക് അയയ്ക്കുകയോ, ട്രഷറിയിൽ നിലനിർത്തുന്ന ബോർഡ് അക്കൗണ്ടിലേയ്ക്ക് മാറ്റുകയോ ചെയ്യുന്നു.

തെരഞ്ഞെടുക്കപ്പെട്ട മൂന്ന് ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും, ജല അതോറിറ്റി, പിഡബ്ല്യുഡി എന്നിവയിലെ ആറ് ഓഫീസുകളിലെ വീതവും വർക്ക് ബില്ലുകളിൽ നിന്നും സെസ്സ് കിഴിവുകളുടെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധിക്കുകയുണ്ടായി. പരിശോധിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പിഡബ്ല്യുഡി ഓഫീസുകളിലും കിഴിവ് ചെയ്യുന്ന സെസ്സ് തുക ട്രഷറികളിൽ അടവാക്കിയിരുന്നു. ജല അതോറിറ്റി ഓഫീസുകളിൽ വർക്ക് ബില്ലുകളിൽ നിന്ന് സെസ്സ് തുക കുറച്ചു ചെക്കുകൾ/ഡി.ഡികളായി മാറ്റി ബോർഡിലേക്ക് അയച്ചു കൊടുത്തു. ബോർഡ് ഇവ ഈ ആവശ്യത്തിനായി സൃഷ്ടിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു.

ആറ് ജല അതോറിറ്റി ഓഫീസുകളിൽ തയ്യാറാക്കിയ ചെക്കുകളും ഡി.ഡികളും ബോർഡ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുകയും തമ്മിൽ ഓഡിറ്റ് താരതമ്യം ചെയ്തു. അഞ്ച് ഓഫീസുകളിൽ ഓഡിറ്റ് കാലയളവിൽ തയ്യാറാക്കിയ ചെക്കുകളുടെയും ഡിഡികളുടെയും താഴെ പറയുന്ന പ്രകാരമുള്ള തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരുന്നില്ല എന്ന് ഓഡിറ്റ് കണ്ടെത്തി. വിശദാംശങ്ങൾ **പട്ടിക 3.3-ൽ** കൊടുത്തിരിക്കുന്നു.

പട്ടിക 3.3 : തെരഞ്ഞെടുക്കപ്പെട്ട ജല അതോറിറ്റി ഓഫീസുകളിൽ തയ്യാറാക്കിയതും എന്നാൽ ബോർഡിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാത്തതുമായ ചെക്കുകളുടെയും ഡിഡികളുടെയും വിശദാംശങ്ങൾ

ക്രമ നമ്പർ	ഓഫീസിന്റെ പേര്	ജല അതോറിറ്റി തയ്യാറാക്കിയ ചെക്കുകൾ / ഡി.ഡികളുടെ എണ്ണം	മൊത്തം തുക (₹ ലക്ഷത്തിൽ)	ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാത്ത ചെക്കുകൾ / ഡി.ഡികളുടെ എണ്ണം	ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാത്ത തുക (₹ ലക്ഷത്തിൽ)
1.	പ്രോജക്റ്റ് ഡിവിഷൻ, പെരുമ്പാവൂർ	56	20.87	1	3.81
2.	പിഎച്ച് ഡിവിഷൻ, കോഴിക്കോട്	33	96.52	1	0.35
3.	പിഎച്ച് ഡിവിഷൻ, എടപ്പാൾ	136	50.52	14	27.58
4.	പ്രോജക്റ്റ് ഡിവിഷൻ, എറണാകുളം	123	69.62	2	0.23
5.	പിഎച്ച് ഡിവിഷൻ, മലപ്പുറം	214	76.18	75	46.70
ആകെ		**562**	**313.71**	**93**	**78.67**

(ഉറവിടം : ബോർഡ്, ജല അതോറിറ്റി ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നു ലഭിച്ച വിവരങ്ങൾ)

പിരിച്ചെടുത്ത സെസ്സിന്റെ തുക സംബന്ധിച്ച് ജല അതോറിറ്റി ബോർഡിനെ ഒന്നും തന്നെ അറിയിക്കുകയോ, ബോർഡ് ജല അതോറിറ്റിയിൽ നിന്നും അത്തരം വിവരങ്ങൾ ആരായുകയോ ചെയ്യാതിരുന്ന സാഹചര്യത്തിൽ ജല അതോറിറ്റി പിരിച്ചെടുത്ത മൊത്തം തുകയും ബോർഡിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടു എന്നുറപ്പാക്കാനുള്ള യാതൊരു പരിശോധനയും ഇല്ലായിരുന്നു[18]. ഇത് വരുമാന ചോർച്ചയുടെ സാധ്യതയിലേയ്ക്ക് നയിക്കത്തക്കവണ്ണമുള്ള ബോർഡിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അപര്യാപ്തതയുടെ സൂചകമാണ്.

104 ചെക്കുകൾ/ഡി.ഡികളിൽ (₹80.19 ലക്ഷം), 19 ചെക്കുകൾ/ഡി.ഡികൾ (₹31.67 ലക്ഷം) കണ്ടെത്തിയതായും ബോർഡിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതായും കേരള സർക്കാർ മറുപടി നൽകി (2022 ഡിസംബർ). കൂടാതെ, സമഗ്രമായ ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നുണ്ടെന്നും ഇത് പൂർത്തീകരിക്കുമ്പോൾ ഇത് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്നും സർക്കാർ അറിയിച്ചു. എന്നാൽ, ബോർഡിൽ നിന്നു കിട്ടിയ മറുപടിയിൽ ₹48.52 ലക്ഷം വരുന്ന ബാക്കി ചെക്കുകൾ/ഡി.ഡികളുടെ കാര്യത്തിൽ വിശദീകരണം ഉൾപ്പെടുത്തിയിരുന്നില്ല.

സെസ്സ് പിരിവ് സുഗമമാക്കാനുള്ള സോഫ്റ്റ്‌വെയറിന്റെ അഭാവം, ചെക്കുകൾ/ഡി.ഡികളുടെ തുക ക്രെഡിറ്റ് ചെയ്തതു സംബന്ധിച്ചുള്ള ശരിയായ അവസ്ഥ വിലയിരുത്താൻ തടസ്സമായെന്നും, ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന സോഫ്റ്റ്‌വെയർ പൂർണ്ണമായും വികസിപ്പിക്കുമ്പോൾ അത്തരം പ്രതിബന്ധങ്ങളെല്ലാം തരണം ചെയ്യപ്പെടുമെന്നും സർക്കാർ പറയുകയുണ്ടായി (2024 ആഗസ്റ്റ്).

ശിപാർശ 5 : വരുമാനത്തിന്റെ ചോർച്ച തടയുന്നതിനും, സാധ്യമായ എല്ലാ സ്രോതസ്സുകളിൽ നിന്നും സെസ്സ് സാക്ഷാത്കരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ബോർഡിന്റെ ആന്തരിക നിയന്ത്രണസംവിധാനം ശക്തിപ്പെടുത്താൻ സർക്കാർ നിർദ്ദേശിക്കണം.

3.6. ഉപസംഹാരം

1,319 കേസുകളിൽ സെസ്സ് പിരിവ് കാലതാമസപ്പെട്ടതിനാൽ ₹11.39 കോടി വരുന്ന പലിശ ഈടാക്കാൻ കഴിഞ്ഞില്ല. മറ്റ് അക്കൗണ്ടുകളിലേയ്ക്ക് തെറ്റായി ക്രെഡിറ്റ് ചെയ്യപ്പെടുകയും അതിനുശേഷം ബോർഡിലേയ്ക്ക് തിരികെ കൈമാറ്റം ചെയ്യേണ്ടി വരുകയും ചെയ്ത സെസ്സ് തുകകളും ഉണ്ടായിരുന്നു. സംസ്ഥാന തൊഴിൽ വകുപ്പ് സെസ്സ് നിർണ്ണയത്തിനായി വിലയിരുത്തിയ 2,82,998 കെട്ടിടങ്ങളിൽ 1,26,446 കെട്ടിടങ്ങളിൽ നിന്നും മാത്രമാണ്

[18] ചെക്കുകൾ/ഡി.ഡികൾ ക്രെഡിറ്റ് ചെയ്യുന്നതിന് ബോർഡിന് നാല് ബാങ്ക് അക്കൗണ്ടുകളുണ്ട് (2022 ഒക്ടോബർ)

സെസ്സ് പിരിച്ചെടുത്തിരുന്നത്. ശമ്പളം, തപാൽ ചെലവുകൾ എന്നീ ഇനങ്ങളിൽ കൂടുതൽ തുകകൾ ചെലവഴിക്കേണ്ടി വന്നതിനാൽ ബോർഡ് അനുവദനീയ പരിധി കടക്കുകയും ചെയ്തു.

വിഭാഗം – II

തൊഴിൽ സെസ്സിന്റെ വിനിയോഗം

അദ്ധ്യായം – IV

ക്ഷേമപദ്ധതികളുടെ നടപ്പിലാക്കൽ

അദ്ധ്യായം IV
ക്ഷേമപദ്ധതികളുടെ നടപ്പിലാക്കൽ

സംസ്ഥാനത്ത് ബോർഡ് നടത്തിവരുന്ന ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണമോ, ചെലവോ നിരീക്ഷിക്കാൻ ഒരു കേന്ദ്രീകൃത ശേഖരം ഇല്ല. സംസ്ഥാന ഓഫീസിൽ ഇത്തരത്തിലൊരു സംവിധാനം ഇല്ലാത്തതിനാൽ ജില്ലാ ഓഫീസുകളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങളെ ആശ്രയിച്ചാണ്, ജില്ലാതല പദ്ധതികൾ നിർവ്വഹിക്കുന്നതിന് ആവശ്യമായി വരുന്ന ഫണ്ട് നിർണ്ണയിക്കുന്നത്.

പെൻഷൻ, വിവാഹധനസഹായം, ചികിത്സാ സഹായം, മാരക രോഗ ചികിത്സാ സഹായം, പ്രസവാനുകൂല്യം, മരണാനന്തര ധനസഹായം, സ്കോളർഷിപ്പുകൾ, ക്യാഷ് അവാർഡുകൾ ഉൾപ്പെടെ വിവിധ ക്ഷേമാനുകൂല്യങ്ങൾക്കായുള്ള അപേക്ഷകൾ, ഫണ്ടിന്റെ അപര്യാപ്തത മൂലം തീർപ്പാകാതെ കിടക്കുകയായിരുന്നു. ഗുണഭോക്തൃ വിവരങ്ങൾ വിശ്വാസയോഗ്യമല്ലാത്തത് കാരണം, കോവിഡ്-19 ആനുകൂല്യ വിതരണത്തിൽ ക്രമക്കേടുകൾ ഉണ്ടായതായി കണ്ടെത്തി.

നിർമ്മാണ തൊഴിലാളികൾക്കിടയിലുള്ള പരിമിതമായ അവബോധം, രജിസ്ട്രേഷനുകൾ കുറയുന്നതിന് കാരണമായി. രജിസ്ട്രേഷൻ പലപ്പോഴും ട്രേഡ് യൂണിയൻ സർട്ടിഫിക്കറ്റ് അടിസ്ഥാനമാക്കിയാണ് നടത്തിയിരുന്നത്. ഈ നിയമത്തിനു കീഴിൽ രജിസ്റ്റർ ചെയ്യപ്പെടാത്തത്, അതിഥി തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കാത്തതിന് കാരണമായി. കൂടാതെ അപകടങ്ങൾക്കും അനിഷ്ടസംഭവങ്ങൾക്കും ശേഷവും സുരക്ഷാചട്ടങ്ങൾ നടപ്പിലാക്കുന്നതിൽ തൊഴിൽ വകുപ്പ് പരാജയപ്പെട്ടു.

4.1. ബോർഡ് നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ

ബിഒസിഡബ്ല്യു(ആർഇസിഎസ്) നിയമത്തിലെ വകുപ്പ് 11 പ്രകാരം, ഗുണഭോക്താവായി രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ നിർമ്മാണ തൊഴിലാളികളും, ബോർഡ് അതിന്റെ ഫണ്ടിൽ നിന്നും നൽകുന്ന ആനുകൂല്യങ്ങൾക്ക് അർഹരാണ്. ബോർഡ് നടപ്പിലാക്കുന്ന ഇരുപത് ക്ഷേമപദ്ധതികളിലെ പത്തെണ്ണമായ എ) പെൻഷൻ ബി) വിവാഹധനസഹായം സി) സ്കോളർഷിപ്പുകളും ക്യാഷ് അവാർഡുകളും ഡി) അസുഖങ്ങൾക്കും മാരകരോഗങ്ങൾക്കുമുള്ള ചികിത്സാ സഹായം ഇ) അവശത/മരണാനന്തര ധനസഹായം എഫ്) പ്രസവാനുകൂല്യം ജി) സ്വയം വിരമിക്കൽ പദ്ധതി എച്ച്) മൈനർ ഡെപ്പോസിറ്റ് പദ്ധതി ഐ) ഉപകരണങ്ങൾക്കുള്ള മുൻകൂർ തുക ജെ) ഭവന നിർമ്മാണത്തിനുള്ള മുൻകൂർ തുക, ഇവയെ ഓഡിറ്റ് പരിശോധനയ്ക്കായി തെരഞ്ഞെടുത്തു. ബോർഡ് അനുവദിക്കുന്ന പെൻഷനും, മറ്റ് ക്ഷേമാനുകൂല്യങ്ങളും, ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ വഴിയാണ് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നിക്ഷേപിച്ചിരുന്നത്.

ഓഡിറ്റ് കാലയളവിൽ സംസ്ഥാനത്ത് മേൽപ്പറഞ്ഞ ക്ഷേമപദ്ധതികൾക്കായി ബോർഡിനു വന്ന ആകെ ചെലവും, വിതരണം ചെയ്യാൻ ശേഷിക്കുന്ന തുകയും **ചാർട്ടുകൾ 4.1, 4.2**-ൽ കാണിച്ചിരിക്കുന്നു.

ചാർട്ട് 4.1 : സംസ്ഥാനത്തെ പ്രധാന ക്ഷേമപദ്ധതികൾക്കായി 2018-23 കാലയളവിൽ ബോർഡ് ചെലവാക്കിയ തുക

(₹ കോടിയിൽ)



(ഉറവിടം: ബോർഡിൽ നിന്നും ലഭിച്ച ഡാറ്റ)

പ്രധാന ക്ഷേമപദ്ധതികൾക്കായുള്ള ധനാഭ്യർത്ഥനയുടെയും ചെലവിന്റെയും ക്രമം ഓഡിറ്റ് വിശകലനം ചെയ്തത് ചുവടെ കൊടുത്തിരിക്കുന്നു.

പട്ടിക 4.1 : 2018-23 കാലയളവിലെ പ്രധാന ക്ഷേമപദ്ധതികൾക്കായി ആവശ്യമായ തുകയും ചെലവും

(₹ കോടിയിൽ)

പ്രധാന ക്ഷേമ പദ്ധതികൾ	ആവശ്യമായ തുക	ചെലവ്	വിതരണം ചെയ്യാനുള്ള തുക
പെൻഷൻ, സ്വയം വിരമിക്കൽ പദ്ധതി	2,508.20	2,399.82	108.38
വിവാഹ ധനസഹായം	134.51	91.98	42.53
പ്രസവാനുകൂല്യം	10.25	8.11	2.14
സ്കോളർഷിപ്പും ക്യാഷ് അവാർഡും	13.26	12.22	1.04
മാരകരോഗ ചികിത്സാ സഹായം	26.68	24.39	2.29
മരണാനന്തര ധനസഹായം	65.71	41.67	24.04
ആകെ	**2,758.61**	**2,578.19**	**180.42**

(ഉറവിടം: ബോർഡിൽ നിന്നും ലഭിച്ച ഡാറ്റ)

പ്രധാന ക്ഷേമപദ്ധതികൾക്കായി ആവശ്യമായ തുക ₹2,758.61 കോടി ആണെങ്കിലും, യഥാർത്ഥ ചെലവ് ₹2,578.19 കോടി (93.45 ശതമാനം) ആണെന്ന് മുകളിലെ പട്ടികയിൽ നിന്നും മനസ്സിലാക്കാം. 2022-23 കാലയളവിൽ ₹742.60 കോടി ബജറ്റിൽ വകയിരുത്തിയിട്ടും നിർണ്ണയിച്ച തുകയെക്കാൾ വളരെ കുറവായ ₹582.07 കോടി (78.38 ശതമാനം) യാണ് ബജറ്റ് വിഹിതമായി ലഭിച്ചത്. ഇത്, ക്ഷേമപദ്ധതികൾ നടപ്പിലാക്കാനുള്ള ഫണ്ടിന്റെ ദൗർലഭ്യത്തെ സൂചിപ്പിക്കുന്നു.

ചാർട്ട് 4.2 : വിവിധ ക്ഷേമപദ്ധതികൾക്കായി ബോർഡിൽ മുടങ്ങിക്കിടക്കുന്ന തുക
(₹ കോടിയിൽ)



(ഉറവിടം: ബോർഡിൽ നിന്നും ലഭിച്ച ഡാറ്റ)

സംസ്ഥാനത്ത് ബോർഡ് നടത്തിവരുന്ന വിവിധ ക്ഷേമപദ്ധതികൾക്കു കീഴിലെ ഗുണഭോക്താക്കളുടെ എണ്ണമോ, ചെലവോ സംബന്ധിച്ച വിവരങ്ങളുടെ ഒരു കേന്ദ്രീകൃത ശേഖരം ലഭ്യമല്ല. അതിനാൽ ക്ഷേമപദ്ധതികളുടെ നടത്തിപ്പ് ഫലപ്രദമായി നിരീക്ഷിക്കുന്നതിൽ പരാജയപ്പെടുന്നതിനൊപ്പം, അർഹരായ ഗുണഭോക്താക്കളിലേക്ക് ആനുകൂല്യങ്ങൾ എത്താതിരിക്കാനുള്ള സാധ്യതയും തള്ളിക്കളയാനാകില്ല. ജില്ലകളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ വേണ്ട ഫണ്ട് നിർണ്ണയിക്കാൻ, ജില്ലാ ഓഫീസുകളിൽ നിന്നുമാണ് ബോർഡ് വിവരങ്ങൾ ശേഖരിച്ചത്. ക്ഷേമ പദ്ധതികളുടെ ഫലപ്രദമായ നടപ്പിലാക്കൽ ഉറപ്പുവരുത്താൻ സ്വന്തമായ നിരീക്ഷണ സംവിധാനം ഇല്ലാത്തതിനാൽ, ജില്ലാ ഓഫീസുകളെ വളരെയധികം ആശ്രയിക്കേണ്ടി വന്നു.

പരിശോധന നടത്തിയ ജില്ലകളിൽ ബോർഡിനു കീഴിലുള്ള ഓഫീസുകളിലെ രേഖകൾ പരിശോധിച്ചപ്പോൾ തെളിഞ്ഞത്, വിവിധ ക്ഷേമപദ്ധതികൾ ബോർഡ് നടപ്പിലാക്കിയിട്ടും, അവ വിഭാവനം ചെയ്ത വിധത്തിൽ ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്നില്ല എന്നാണ്. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റിന്റെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു:

4.1.1. പെൻഷൻ പദ്ധതികൾ

കേരള ചട്ടങ്ങളിലെ ചട്ടം 289 പ്രകാരം, ഒരു തൊഴിലാളി 60 വയസ്സ് പൂർത്തീകരിച്ചതിന് ശേഷം വരുന്ന ആദ്യ മാസത്തിലെ ഒന്നാം ദിനം മുതൽ അയാൾ പ്രതിമാസ പെൻഷന് അർഹനായിത്തീരുന്നു.

4.1.1.1. പ്രതിമാസ പെൻഷൻ വിതരണം ചെയ്യാത്തത് സംബന്ധിച്ച്

വിരമിക്കലിനുശേഷമുള്ള വർഷങ്ങളിൽ, അവശ്യ ചെലവുകൾ നിർവ്വഹിക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ വിശ്വാസയോഗ്യമായ സ്ഥിരവരുമാനമായാണ് പ്രതിമാസ പെൻഷൻ നൽകുന്നത്. രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിരുന്നെങ്കിലും, അത് ത്രൈമാസ അടിസ്ഥാനത്തിലായിരുന്നെന്നും, മറിച്ച് പ്രതിമാസാടിസ്ഥാനത്തിലല്ലായിരുന്നെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

സംസ്ഥാനത്താകെ (2023 മാർച്ച് 31) 1,35,977 പെൻഷൻകാർക്ക് കിട്ടാനുള്ള ₹108.22 കോടി പെൻഷൻ ഇതുവരെ ലഭിച്ചിട്ടില്ലെന്ന് നിരീക്ഷിക്കപ്പെട്ടു. തെരഞ്ഞെടുത്ത

ജില്ലകളിൽ, **പട്ടിക 4.2**-ൽ കാണിച്ചിരിക്കുന്നതുപോലെ 10,024 പെൻഷൻകാർക്ക് (2023 മാർച്ച്). പെൻഷൻ കുടിശ്ശിക[19] ഇനത്തിൽ ₹12.03 കോടി വിതരണം ചെയ്യാനുണ്ട്.

പട്ടിക 4.2: പെൻഷൻ വിതരണത്തിൽ വർഷം തോറും മുടങ്ങിക്കിടക്കുന്ന തുക

ജില്ല	വർഷം	പെൻഷൻ മുടങ്ങിക്കിടക്കുന്നവരുടെ എണ്ണം	തുക (₹ കോടിയിൽ)
കോഴിക്കോട്	2022 2023 (2023 മാർച്ച് വരെ)	505	0.44
എറണാകുളം	2021	785	1.06
	2022	2,660	2.06
	2023 (2023 മാർച്ച് വരെ)	603	0.70
മലപ്പുറം	2021	2,212	4.26
	2022	2,717	2.94
	2023 (2023 മാർച്ച് വരെ)	542	0.57
ആകെ		**10,024**	**12.03**

(ഉറവിടം: ബോർഡിൽ നിന്നും ലഭിച്ച ഡാറ്റ)

ഖണ്ഡിക 4.1-ൽ സൂചിപ്പിച്ചതു പോലെ, ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് പെൻഷൻ വിതരണം മുടങ്ങിക്കിടന്നിരുന്നത്. കൂടാതെ ഈ റിപ്പോർട്ടിന്റെ ഖണ്ഡികകൾ 2.2, 2.3-ൽ വിശദമാക്കിയിരിക്കുന്നതുപോലെ നിർണ്ണയിക്കാത്ത കെട്ടിടങ്ങളിൽ നിന്നും സെസ്സ് ഈടാക്കാനുള്ള സജീവമായ നടപടികൾ ബോർഡ് അവലംബിച്ചിരുന്നില്ല. നാളിതുവരെ സർക്കാർ ഒരു മറുപടിയും നൽകിയിട്ടില്ല.

4.1.1.2. അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകിയത്

കേരള ചട്ടങ്ങളിലെ ചട്ടം 283 പ്രകാരം, നിലവിലുള്ള ഏതെങ്കിലും നിയമ പ്രകാരം സ്ഥാപിതമായ മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമായ തൊഴിലാളിക്ക് ബോർഡിലെ അംഗമാകാൻ സാധിക്കുന്നതല്ല. എന്നതുപോലെ, ബോർഡിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന വ്യക്തി, മറ്റ് ബോർഡുകളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നതിന് അർഹനല്ല.

കേരള സർക്കാർ ഉത്തരവ് (2013 ജൂലൈ) പ്രകാരം, ഏതൊരു സാമൂഹിക ക്ഷേമ പെൻഷൻ ലഭിക്കുവാനും ആധാർ തിരിച്ചറിയൽ രേഖ നിർബന്ധമാണ്. 2018 മെയ് 20-നകം, പെൻഷൻകാർ ആധാർ നമ്പർ രേഖപ്പെടുത്തിയിട്ടുള്ള 'ലൈഫ് സർട്ടിഫിക്കറ്റ്' സമർപ്പിക്കുവാൻ ബോർഡ് 2018 മേയ് 9-ന് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു. പുതിയ പെൻഷൻകാർ അപേക്ഷയോടൊപ്പം ആധാറിന്റെ പകർപ്പും സമർപ്പിക്കേണ്ടിയിരുന്നു. സേവന പെൻഷൻ സോഫ്റ്റ്‌വെയറിൽ[20] പേര് ചേർക്കാത്ത ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യേണ്ടതില്ലെന്നും ബോർഡ് നിർദ്ദേശിച്ചു.

പട്ടിക.4.3-ൽ വിവരിച്ചിരിക്കുന്നത് പോലെ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ 2017-18-ൽ ഒന്നിലധികം പെൻഷൻ കൈപ്പറ്റുന്നവരെ തിരിച്ചറിയാൻ ആധാറുമായുള്ള ബന്ധിപ്പിക്കൽ സഹായിച്ചു.

[19] അർഹനായ തീയതി മുതൽ പെൻഷൻ കിട്ടിത്തുടങ്ങുന്ന തീയതി വരെയും, അല്ലെങ്കിൽ ലൈഫ് സർട്ടിഫിക്കറ്റ് ബോർഡിന് സമർപ്പിക്കാനെടുക്കുന്ന കാലതാമസം വരെയും ഉള്ള തുക കുടിശ്ശികയിൽ ഉൾപ്പെടുന്നു.

[20] കേരളത്തിലെ ഗുണഭോക്താക്കൾക്ക് സാമൂഹിക സുരക്ഷാ പെൻഷൻ വിതരണം ചെയ്യുവാനായി ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയതും പ്രവർത്തിപ്പിക്കുന്നതുമായ വെബ് അടിസ്ഥാനമാക്കിയുള്ള ആപ്ലിക്കേഷൻ.

പട്ടിക 4.3: തെരഞ്ഞെടുത്ത ജില്ലകളിൽ പെൻഷൻകാർക്ക് ഒന്നിലധികം പെൻഷൻ ലഭിച്ച കേസുകൾ

ജില്ല	കേസുകളുടെ എണ്ണം	അധികമായി വിതരണം ചെയ്ത പെൻഷൻ തുക (₹ ലക്ഷത്തിൽ)
കോഴിക്കോട്	718	91.96
എറണാകുളം	10	0.56
മലപ്പുറം	288	46.06
ആകെ	**1,016**	**138.58**

(ഉറവിടം: ബോർഡിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും ലഭിച്ച വിവരം)

ഗുണഭോക്താക്കൾക്ക് അധികമായി നൽകിയ തുക തിരിച്ചുപിടിക്കുന്നതിന് ആവശ്യമായ നടപടി ക്രമങ്ങൾ ആരംഭിക്കുമെന്ന് കേരള സർക്കാർ (2022 ഡിസംബർ) മറുപടി നൽകി.

4.1.1.3. പെൻഷൻ ലഭിക്കേണ്ട മാസം മുതൽ ഗുണഭോക്താക്കൾക്ക് പെൻഷൻ നിഷേധിക്കപ്പെട്ടത് സംബന്ധിച്ച്

കേരള ചട്ടങ്ങളിലെ ചട്ടം 289 പ്രകാരം, ഒരു തൊഴിലാളിക്ക് 60 വയസ്സ് തികയുന്ന മാസത്തിന് ശേഷം വരുന്ന ആദ്യ മാസത്തിലെ ആദ്യദിനം മുതൽ അയാൾ പ്രതിമാസ പെൻഷന് അർഹനാണ്. പെൻഷന് അനുമതി നൽകികൊണ്ടുള്ള ഉത്തരവിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പ് വയ്ക്കുന്ന ദിവസം മുതൽ പെൻഷൻ വിതരണം ചെയ്താൽ മതി എന്ന് നിർദ്ദേശിച്ചുകൊണ്ട് 2022 ഏപ്രിലിൽ കേരള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കേരള ചട്ടങ്ങളിലെ ചട്ടം 289-ന് അനുസൃതമല്ലാത്ത മേൽപ്പറഞ്ഞ ഉത്തരവ്, കേരള സർക്കാർ 2023 ജനുവരിയിൽ പിൻവലിച്ചുവെങ്കിലും, തെരഞ്ഞെടുത്ത ജില്ലകളിൽ 2022 മേയ് മുതൽ 2022 ഡിസംബർ വരെയുള്ള കാലയളവിൽ 3,489 പെൻഷൻകാർക്ക് ₹2.28 കോടി പെൻഷൻ ഇനത്തിൽ നിഷേധിക്കപ്പെടാൻ ഇത് കാരണമായതിന്റെ വിവരങ്ങൾ ചുവടെയുള്ള **പട്ടിക 4.4**-ൽ നൽകിയിരിക്കുന്നു.

പട്ടിക 4.4: തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ അർഹമായ മാസം മുതൽ പെൻഷൻ നിഷേധിക്കപ്പെട്ട കേസുകൾ

ക്രമ നമ്പർ.	ജില്ല	പെൻഷൻകാരുടെ എണ്ണം	നിഷേധിക്കപ്പെട്ട പെൻഷന്റെ ആകെ തുക (₹ ലക്ഷത്തിൽ)
1.	എറണാകുളം	1644	107.46
2.	കോഴിക്കോട്	1753	115.58
3.	മലപ്പുറം	92	6.11
	ആകെ	**3489**	**229.15**

(ഉറവിടം : ബോർഡിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും ലഭിച്ച ഡാറ്റ)

ബോർഡ് നൽകിയ വിവരങ്ങളിൽ പെൻഷനു വേണ്ടി ഗുണഭോക്താക്കൾ അപേക്ഷ സമർപ്പിച്ച തീയതി ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ, ഈ അപേക്ഷകൾ തീർപ്പാക്കാനെടുത്ത യഥാർത്ഥ സമയം നിജപ്പെടുത്താൻ ഓഡിറ്റിന് സാധിച്ചില്ല. എന്നാൽ ലഭ്യമായ വിവരങ്ങൾ അനുസരിച്ച്, ഗുണഭോക്താവിന് 60 വയസ്സാകുന്ന തീയതിയ്ക്കും പെൻഷൻ ലഭിച്ചു തുടങ്ങിയ തീയതിക്കും ഇടയിലുള്ള കാലയളവ്, ഒന്നു മുതൽ മുപ്പത്തിനാല് മാസങ്ങൾ വരെയാണ്. ചട്ടം ലംഘിച്ചുള്ള നിർദ്ദേശം കേരള സർക്കാർ 2023 ജനുവരിയിൽ പിൻവലിച്ചുവെങ്കിലും, പെൻഷൻ തുക ഇനിയും വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു (2024 മേയ്). ഇക്കാര്യത്തെക്കുറിച്ച് മറുപടിയിൽ സർക്കാർ മൗനം പാലിച്ചു.

4.1.2. വിവാഹ ധനസഹായം

കേരള ചട്ടങ്ങളിലെ ചട്ടം 300 പ്രകാരം, മൂന്ന് വർഷം തുടർച്ചയായി അംഗത്വമുള്ള തൊഴിലാളികളുടെ രണ്ട് കുട്ടികളുടെ വിവാഹത്തിന് ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ട്. ബോർഡിലെ വനിതാ അംഗങ്ങൾക്കും സ്വന്തം വിവാഹത്തിന് ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ട്. ഒരു ഗുണഭോക്താവിന്റെ രണ്ട് മക്കൾക്കും ₹10,000 വീതമാണ് ധനസഹായം നിശ്ചയിച്ചിരുന്നത്. തെരഞ്ഞെടുത്ത ജില്ലകളിൽ 2023

മാർച്ച് 31 വരെയുള്ള, മുടങ്ങിക്കിടക്കുന്ന വിവാഹ ധനസഹായത്തിന്റെ വിവരങ്ങൾ **പട്ടിക 4.5**–ൽ കാണിച്ചിരിക്കുന്നു.

പട്ടിക 4.5 : തെരഞ്ഞെടുത്ത ജില്ലകളിൽ മുടങ്ങിക്കിടക്കുന്ന വിവാഹ ധനസഹായ വിതരണം

ജില്ല	മുടങ്ങിക്കിടക്കുന്ന അപേക്ഷകളുടെ എണ്ണം	വിതരണം ചെയ്യാൻ ശേഷിക്കുന്ന തുക (₹ ലക്ഷത്തിൽ)
കോഴിക്കോട്	4,934	493.40
മലപ്പുറം	7,327	732.70
എറണാകുളം	1,912	191.20
ആകെ	**14,173**	**1,417.30**

(ഉറവിടം: ബോർഡിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും ലഭിച്ച വിവരം)

സംസ്ഥാനമൊട്ടാകെ ₹42.54 കോടി വരുന്ന 42,535 അപേക്ഷകൾ കെട്ടിക്കിടക്കുന്നതായി കണ്ടെത്തി. ഫണ്ടിന്റെ ദൗർലഭ്യമാണ് ധനസഹായം നൽകാത്തതിന് കാരണം എന്ന് ബോർഡ് ചൂണ്ടിക്കാട്ടി. 2022–23–വർഷത്തിന്റെ അവസാനത്തിൽ ബോർഡിന് ₹135.16 കോടിയുടെ (ഖണ്ഡിക 5.1) ചെലവഴിക്കാത്ത ക്യാഷ് ബാലൻസ് ഉണ്ടായിരുന്നതിനാലും, ഈ തുക സഹായം നൽകുന്നതിന് ഉപയോഗിക്കാമായിരുന്നതിനാലും ബോർഡിന്റെ മറുപടി സ്വീകാര്യമല്ല. നാളിതുവരെ സർക്കാർ ഒരു മറുപടിയും നൽകിയിട്ടില്ല.

4.1.3. സ്കോളർഷിപ്പും ക്യാഷ് അവാർഡും

കേരള ചട്ടങ്ങളിലെ ചട്ടം 299 പ്രകാരം ബോർഡംഗങ്ങളുടെ മക്കളുടെ ഉന്നത വിദ്യാഭ്യാസത്തിനായി, ₹1,000 മുതൽ ₹3,000 വരെ വിദ്യാഭ്യാസ സഹായമായി നൽകി വരുന്നു. അതു കൂടാതെ, യോഗ്യരായ കുട്ടികൾക്ക് ₹1,000 എസ്എസ്എൽസി[21] വിദ്യാഭ്യാസ അലവൻസായും, ₹3,000 എസ്എസ്എൽസി പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡായും നൽകിവരുന്നു. തെരഞ്ഞെടുത്ത ജില്ലകളിൽ 2023 മാർച്ച് 31 വരെ ₹55.89 ലക്ഷത്തിനുള്ള 4,587 മുടങ്ങിക്കിടക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ **പട്ടിക 4.6**–ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4.6 : തെരഞ്ഞെടുത്ത ജില്ലകളിൽ മുടങ്ങിക്കിടക്കുന്ന സ്കോളർഷിപ്പ്, ക്യാഷ് അവാർഡ് വിതരണം

ജില്ല	മുടങ്ങിക്കിടക്കുന്ന അപേക്ഷകളുടെ എണ്ണം	വിതരണം ചെയ്യാൻ ശേഷിക്കുന്ന തുക (₹ ലക്ഷത്തിൽ)
കോഴിക്കോട്	1,194	15.74
മലപ്പുറം	2,947	33.32
എറണാകുളം	446	6.83
ആകെ	**4,587**	**55.89**

(ഉറവിടം: ബോർഡിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും ലഭിച്ച വിവരം)

സംസ്ഥാനത്താകെ ₹1.04 കോടിയുടെ 8,208 അപേക്ഷകൾ തീർപ്പാകാതെ ശേഷിച്ചിരുന്നുവെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഫണ്ടിന്റെ അപര്യാപ്തതയാണ് സഹായം നൽകാനാകാത്തതിന് കാരണമെന്ന് ബോർഡ് അറിയിച്ചു. ഖണ്ഡിക 5.1–ൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ ബോർഡിന്റെ മറുപടി സ്വീകാര്യമല്ല. നാളിതുവരെ സർക്കാർ ഒരു മറുപടിയും നൽകിയിട്ടില്ല.

4.1.4. അസുഖം/ മാരകരോഗ ചികിത്സാ ധനസഹായം

കേരള ചട്ടങ്ങളിലെ ചട്ടം 298 പ്രകാരം, അപകടമോ ഏതെങ്കിലും അസുഖമോ മൂലം അഞ്ചോ അതിലധികമോ ദിവസം ആശുപത്രിയിൽ കിടക്കേണ്ടി വരുന്ന ഗുണഭോക്താക്കൾക്ക് ധനസഹായത്തിനായുള്ള അനുമതി ബോർഡിന് നൽകാവുന്നതാണ്. അപകടം പറ്റിയവർക്ക് ₹800 മുതൽ ₹5,000 വരെയും, മാരകരോഗം ഉള്ളവർക്ക് പരമാവധി ₹50,000–ഉം നൽകേണ്ടതുണ്ട്. തെരഞ്ഞെടുത്ത ജില്ലകളിലെ

[21] സ്റ്റേറ്റ് സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ്

2023 മാർച്ച് 31 വരെയുള്ള മുടങ്ങിക്കിടക്കുന്ന ധനസഹായത്തിന്റെ വിവരങ്ങൾ **പട്ടിക 4.7**–ൽ നൽകിയിരിക്കുന്നു.

പട്ടിക 4.7 : തെരഞ്ഞെടുത്ത ജില്ലകളിൽ മുടങ്ങിക്കിടക്കുന്ന അസുഖം / മാരക രോഗ ചികിത്സാ ധനസഹായം

ജില്ല	മുടങ്ങിക്കിടക്കുന്ന അപേക്ഷകളുടെ എണ്ണം	ധനസഹായത്തിനുള്ള തുക (₹ ലക്ഷത്തിൽ)
കോഴിക്കോട്	416	23.78
മലപ്പുറം	177	21.03
എറണാകുളം	103	29.12
ആകെ	**696**	**73.93**

(ഉറവിടം: ബോർഡിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും ലഭിച്ച വിവരം)

സംസ്ഥാനത്താകെ ₹2.29 കോടിയുടെ സഹായത്തിനായുള്ള 1,647 അപേക്ഷകൾ തീർപ്പാകാതെ ശേഷിച്ചിരുന്നു. ഫണ്ടിന്റെ അപര്യാപ്തതയാണ് ധനസഹായം മുടങ്ങിക്കിടക്കാൻ കാരണമെന്ന് ബോർഡ് മറുപടി നൽകി. ഖണ്ഡിക 5.1–ൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ ബോർഡിന്റെ മറുപടി സ്വീകാര്യമല്ല. നാളിതുവരെ സർക്കാർ ഒരു മറുപടിയും നൽകിയിട്ടില്ല.

4.1.5. മരണാനന്തര ധനസഹായം

കേരള ചട്ടങ്ങളിലെ ചട്ടം 295 പ്രകാരം മരണപ്പെട്ട അംഗതൊഴിലാളിയുടെ ആശ്രിതർക്ക് അല്ലെങ്കിൽ അവകാശിക്ക് മരണാനന്തര ആനുകൂല്യമായി ₹25,000–ഉം, ജോലിക്കിടയിലാണ് അപകടമരണമുണ്ടാകുന്നതെങ്കിൽ മരണാനന്തര ധനസഹായമായി ₹മൂന്നു ലക്ഷവും നൽകേണ്ടതാണ്.

സംസ്ഥാനത്താകെ ₹240 കോടിയുടെ ധനസഹായത്തിനുള്ള 2,234 അപേക്ഷകൾ തീർപ്പാക്കാതെ ശേഷിക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. തെരഞ്ഞെടുത്ത ജില്ലകളിൽ 2023 മാർച്ച് 31 വരെയുള്ള മുടങ്ങിക്കിടക്കുന്ന ധനസഹായത്തിന്റെ വിവരങ്ങൾ **പട്ടിക 4.8**–ൽ നൽകിയിരിക്കുന്നു.

പട്ടിക 4.8 : വിതരണം ചെയ്യാൻ ശേഷിക്കുന്ന മരണാനന്തര ആനുകൂല്യം

ജില്ല	മുടങ്ങിക്കിടക്കുന്ന അപേക്ഷകളുടെ എണ്ണം	ധനസഹായത്തിനുള്ള തുക (₹ ലക്ഷത്തിൽ)
കോഴിക്കോട്	258	128.50
മലപ്പുറം	298	160.99
എറണാകുളം	161	290.80
ആകെ	**717**	**580.29**

(ഉറവിടം: ബോർഡിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും ലഭിച്ച വിവരം)

ഫണ്ടിന്റെ അപര്യാപ്തതയാണ് ധനസഹായം മുടങ്ങിക്കിടക്കാൻ കാരണം എന്ന് ബോർഡ് അറിയിച്ചു. ഖണ്ഡിക 5.1–ൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ ബോർഡിന്റെ മറുപടി സ്വീകാര്യമല്ല. നാളിതുവരെ സർക്കാർ ഒരു മറുപടിയും നൽകിയിട്ടില്ല.

4.1.6. പ്രസവാനുകൂല്യം

കേരള ചട്ടങ്ങളിലെ, ചട്ടം 288 പ്രകാരം, ക്ഷേമ ബോർഡിന്റെ ഗുണഭോക്താക്കളായ വനിതാ തൊഴിലാളികൾക്ക് പ്രസവാനുകൂല്യമായി ₹15,000 ഗർഭ കാലയളവിൽ നൽകേണ്ടതാണ്. ഈ ആനുകൂല്യം രണ്ടു തവണയിൽ കൂടുതൽ ഒരംഗത്തിന് നൽകാൻ പാടുള്ളതല്ല. തെരഞ്ഞെടുത്ത ജില്ലകളിലെ 2023 മാർച്ച് 31 വരെ മുടങ്ങിക്കിടക്കുന്ന ധനസഹായത്തിന്റെ വിവരങ്ങൾ **പട്ടിക 4.9**–ൽ നൽകിയിരിക്കുന്നു.

പട്ടിക 4.9 : തെരഞ്ഞെടുത്ത ജില്ലകളിൽ വിതരണം ചെയ്യാൻ ശേഷിക്കുന്ന പ്രസവാനുകൂല്യം

ജില്ല	മുടങ്ങിക്കിടക്കുന്ന അപേക്ഷകളുടെ എണ്ണം	മുടങ്ങിക്കിടക്കുന്ന ധനസഹായം (₹ലക്ഷത്തിൽ)
കോഴിക്കോട്	21	3.15
മലപ്പുറം	424	63.60
എറണാകുളം	2	0.30
ആകെ	**447**	**67.05**

(ഉറവിടം: ബോർഡിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും ലഭിച്ച വിവരം)

2023 മാർച്ച് 31 വരെ സംസ്ഥാനത്താകെ ₹2.14 കോടിയുടെ ധനസഹായത്തിനുള്ള, 14,268 അപേക്ഷകൾ തീർപ്പാക്കാതെ ശേഷിച്ചിരുന്നു.

പ്രസവാനുകൂല്യത്തിനായി ബോർഡ് ചെലവാക്കിയ തുക സംസ്ഥാന സർക്കാർ റീ-ഇമ്പേഴ്സ് ചെയ്തിരുന്നില്ലെന്നും ഓഡിറ്റ് കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു: ലേബർ കമ്മീഷണർ കാര്യനിർവ്വാഹകനായ, "അസംഘടിത മേഖലയിലെ വനിതാ തൊഴിലാളികളുടെ പ്രസവാനുകൂല്യ പദ്ധതി, 2012" സംസ്ഥാന സർക്കാർ ആരംഭിച്ചത് 2012 മാർച്ചിലാണ്. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, പ്രസവാനുകൂല്യമായി വനിതാ തൊഴിലാളികൾക്ക് ₹15,000 നൽകേണ്ടതിൽ ₹3,000 ബോർഡും, ബാക്കി തുക സംസ്ഥാന സർക്കാരും വഹിക്കേണ്ടതാണ്. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, തുടക്കത്തിൽ ചെലവുകൾ ബോർഡ് വഹിക്കുകയും, പിന്നീട് ലേബർ കമ്മീഷണർ മുഖേന ചെലവായ തുക പ്രതിമാസ റീ-ഇമ്പേഴ്സ്മെന്റായി ആവശ്യപ്പെടുകയും ചെയ്യേണ്ടതായിരുന്നു. എന്നാൽ, ബോർഡ് വാർഷികാടിസ്ഥാനത്തിൽ മാത്രമാണ് റീ-ഇമ്പേഴ്സ്മെന്റ് സർക്കാരിൽ നിന്നും ആവശ്യപ്പെട്ടിരുന്നത്. 2023 മാർച്ച് 31 വരെ ₹6.81 കോടി സംസ്ഥാന സർക്കാർ റീ-ഇമ്പേഴ്സ് ചെയ്യാൻ ശേഷിച്ചിരുന്നു. ഇതിന്റെ വിശദാംശങ്ങൾ **പട്ടിക 4.10**-ൽ നൽകിയിരിക്കുന്നു.

പട്ടിക 4.10 : സംസ്ഥാന സർക്കാരിൽ നിന്നും റീ-ഇമ്പേഴ്സ് ചെയ്യാനുള്ള പ്രസവാനുകൂല്യത്തിന്റെ വിശദാംശങ്ങൾ

വർഷം	പ്രസവാനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം	തുക (₹ ലക്ഷത്തിൽ)	കേരളസർക്കാർ റീ-ഇമ്പേഴ്സ് ചെയ്ത തുക (₹ ലക്ഷത്തിൽ)	മുൻവർഷങ്ങളിലേതടക്കം റീ-ഇമ്പേഴ്സ് ചെയ്യാനുള്ള തുക (₹ ലക്ഷത്തിൽ)
2018-19	1,947	233.64	36.00	644.22
2019-20	1,016	121.92	48.00	718.14
2020-21	538	64.56	0.00	782.70
2021-22	721	86.52	0.00	869.22
2022-23	32	3.84	192.00	681.06

(ഉറവിടം : ബോർഡ് നൽകിയ ഡാറ്റ)

ബോർഡിന് കൊടുക്കേണ്ട തുക കൈമാറ്റം ചെയ്യുന്ന പ്രക്രിയ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (2022 ഡിസംബർ).

4.2. കോവിഡ്-19 ആനുകൂല്യ വിതരണത്തിലെ ക്രമക്കേടുകൾ

കോവിഡ്-19 ലോക്ക്ഡൗൺ കാരണം ഗുണഭോക്താക്കൾക്കുണ്ടായ ബുദ്ധിമുട്ടുകൾ മറികടക്കാൻ, ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായം നൽകാൻ ബോർഡ് തീരുമാനിച്ചു. 2020, 2021 വർഷങ്ങളിൽ ഗുണഭോക്താക്കൾക്ക് ₹1,000 വീതം ബോർഡ് അനുവദിച്ചു[22]. ഇതിന്റെ വിതരണം ചില വ്യവസ്ഥകളുടെ[23] അടിസ്ഥാനത്തിൽ

22 2020 ഏപ്രിൽ ഒന്നിന് ബോർഡ് പുറപ്പെടുവിച്ച ഓർഡർ നമ്പർ ഇ4-4099/20; മേയ് 18-ന ബോർഡ് പുറപ്പെടുവിച്ച സർക്കുലർ നമ്പർ 14/2021.

23 ഗുണഭോക്താവിന് ഏറ്റവും കുറഞ്ഞത് രണ്ടു വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണം, 2018-ൽ അംഗത്വം പുതുക്കിയിരിക്കണം, ഒരു കുടുംബത്തിൽ നിന്ന് ഒരു ഗുണഭോക്താവിന് മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ, 2020 മാർച്ച് മുതൽ ജൂൺ വരെ റിട്ടയർ ചെയ്യുന്നവരും, മാരകരോഗ ധനസഹായത്തിന് അപേക്ഷിച്ചവരും ₹2,000-ത്തിന്റെ സഹായത്തിന് അർഹരല്ല.

നിശ്ചയിക്കുകയും ചെയ്തു. കൂടാതെ, കോവിഡ് പോസിറ്റീവായ എല്ലാ ഗുണഭോക്താക്കൾക്കും 2021 ജനുവരി മുതൽ, ₹2,000 വീതം ബോർഡ് അനുവദിച്ചു.

ഗുണഭോക്താവായി ചേർക്കപ്പെട്ട തീയതി, അംഗത്വം പുതുക്കിയ വിവരങ്ങൾ, ഗുണഭോക്താക്കളായ മറ്റു കുടുംബാംഗങ്ങളുടെ വിവരങ്ങൾ തുടങ്ങിയവയുടെ സമഗ്രമായ ഡാറ്റാബേസ് ബോർഡിന്റെ പക്കലില്ല എന്ന് ഓഡിറ്റ് കണ്ടെത്തി. ഇത്തരം പ്രസക്തമായ വിവരങ്ങളുടെ അഭാവം മൂലം നിർദ്ദിഷ്ട വ്യവസ്ഥകൾ എത്രമാത്രം പാലിക്കപ്പെടുന്നു എന്ന് വിലയിരുത്താനോ കോവിഡ് ആനുകൂല്യത്തിന് അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഉചിതമായ ഒരു സംവിധാനം നിലവിലുണ്ടെന്ന് അവകാശപ്പെടാനോ ബോർഡിന് സാധിച്ചില്ല. തൽഫലമായി അർഹതയുള്ള വ്യവസ്ഥകൾ അവഗണിച്ചുകൊണ്ട് എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം വിതരണം ചെയ്തു.

2020 ആഗസ്റ്റ് 15-ാം തീയതി വരെ വിതരണം ചെയ്യപ്പെടാത്ത കോവിഡ് സഹായ തുക, സർക്കാരിലേക്ക് തിരിച്ചടയ്ക്കണമെന്ന് സർക്കാർ എല്ലാ ക്ഷേമനിധി ബോർഡുകളോടും നിർദ്ദേശിച്ചതായി (2020 ജൂലൈ) ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. മേൽപ്പറഞ്ഞ നിർദ്ദേശമനുസരിച്ച് 2020 ആഗസ്റ്റ് 15-ന് പ്രത്യേക ധനസഹായ വിതരണം നിർത്താനും, 2020 ആഗസ്റ്റ് 15-ന് ശേഷം അവരുടെ ബാങ്ക് അക്കൗണ്ടുകളിലുള്ള ബാക്കി തുക തിരിച്ചടയ്ക്കാനും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരോട് ബോർഡ് നിർദ്ദേശിച്ചു (2020 ആഗസ്റ്റ് 08). അപ്രകാരം മലപ്പുറം ജില്ലാ ഓഫീസർ, 2020 ആഗസ്റ്റ് 15-ലെ കണക്കനുസരിച്ച് ചെലവഴിക്കാത്ത തുകയായ ₹1.55 കോടി പ്രധാന ഓഫീസിലേക്ക് തിരിച്ചടച്ചു. ആ തീയതിയിൽ ₹38.06 ലക്ഷത്തോളം മതിക്കുന്ന ധനസഹായത്തിനുള്ള അപേക്ഷകൾ തീർപ്പാക്കാതെ നിൽക്കേ ആയിരുന്നു ഈ തിരിച്ചടയ്ക്കൽ.

സമാനമായി, കോഴിക്കോട് ജില്ലാ ഓഫീസർ, ₹1.89 കോടി വരുന്ന കോവിഡ് ധനസഹായം വിതരണം ചെയ്യേണ്ടിയിരുന്നിട്ടും, ചെലവഴിക്കാത്ത തുകയായ ₹3.39 കോടി പ്രധാന ഓഫീസിലേക്ക് തിരിച്ചടച്ചു. അങ്ങനെ, പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ അനുവദിച്ച അർഹമായ ധനസഹായം ഈ അപേക്ഷകർക്ക് നിഷേധിക്കപ്പെട്ടു.

ഗുണഭോക്താക്കളുടെ ബാങ്ക് വിവരങ്ങളുൾപ്പെടെ ലഭ്യമാണെന്ന് ഉറപ്പുവരുത്തേണ്ടത് ജില്ലാ ഓഫീസർമാരുടെ ഉത്തരവാദിത്വമായിരുന്നു. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് നമ്പരും ഐഎഫ്എസ്സി വിവരങ്ങളും അടങ്ങുന്ന ഒരു കൃത്യതയുള്ള ഡാറ്റാബേസ് ഇല്ലാത്തതിനാൽ, അപേക്ഷകർക്ക് ആനുകൂല്യം നൽകാൻ സാധിച്ചില്ല.

കൂടാതെ, എറണാകുളം ജില്ലയിലെ പേയ്മെന്റ് ഡാറ്റ വിശകലനം ചെയ്തപ്പോൾ, 182 കേസുകളിൽ, രണ്ടു വ്യത്യസ്ത ഗുണഭോക്താക്കൾക്കുള്ള ധനസഹായം ഒരേ ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ചിരുന്നതെന്ന് കണ്ടെത്തി. ഇത് ₹1.82 ലക്ഷത്തിന്റെ ക്രമരഹിതമായ ഇടപാടിന് കാരണമായി. ഇതിന് 2024 സെപ്റ്റംബർ വരെ സർക്കാർ ഒരു മറുപടിയും നൽകിയിട്ടില്ല.

ശിപാർശ 6 : സാമ്പത്തിക സഹായത്തിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നത് ത്വരിതപ്പെടുത്താൻ ഗുണഭോക്താക്കൾക്കു ലഭിച്ച ആനുകൂല്യങ്ങളുടെ പൂർണ്ണമായ വിവരം, പൂർണ്ണമായ ബാങ്കിംഗ് വിശദാംശങ്ങൾ മുതലായവ അടങ്ങുന്ന ഗുണഭോക്താക്കളുടെ ഒരു ഡാറ്റാബേസ്, ബോർഡ് പരിപാലിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തണം.

4.3. ഗുണഭോക്തൃ വിഹിതം വിരമിക്കുമ്പോൾ ക്രമരഹിതമായി നല്കിയത്

കേരള ചട്ടങ്ങളിലെ, ചട്ടം 303 പ്രകാരം, ഗുണഭോക്താവിന്റെ മരണശേഷം, അവശേഷിക്കുന്ന ഗുണഭോക്തൃ വിഹിതം അവകാശിക്ക് നൽകാവുന്നതാണ്. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ മേൽപ്പറഞ്ഞ നിയമത്തിന് വിപരീതമായി, ഗുണഭോക്തൃവിഹിതമായ ₹15.53 കോടി (പലിശയടക്കം) വിരമിച്ചതിനുശേഷം ഗുണഭോക്താവിന് തിരികെ നൽകിയതായി കാണുന്നു. തെരഞ്ഞെടുത്ത ജില്ലകളിൽ

പെൻഷൻകാർക്ക് ബോർഡ് തിരികെ നൽകിയ തുകയുടെ വിവരം **പട്ടിക 4.11**-ൽ നൽകിയിരിക്കുന്നു.

പട്ടിക 4.11 : തെരഞ്ഞെടുത്ത ജില്ലകളിൽ അറുപതു വയസ്സ് തികഞ്ഞ ഗുണഭോക്താക്കളുടെ ഗുണഭോക്തൃ വിഹിതം ക്രമരഹിതമായി തിരിച്ച നൽകിയതിന്റെ വിവരങ്ങൾ

ജില്ല	ഗുണഭോക്താക്കളുടെ എണ്ണം	ഗുണഭോക്തൃ വിഹിതം (₹ കോടിയിൽ)	പലിശ (₹ കോടിയിൽ)	ആകെ (₹ കോടിയിൽ)
കോഴിക്കോട്	10304	4.12	0.32	4.44
എറണാകുളം	11169	5.08	0.30	5.37
മലപ്പുറം	9805	5.36	0.36	5.72
ആകെ	**31278**	**14.56**	**0.98**	**15.53**

(ഉറവിടം: അതത് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുകളിൽ നിന്നും ലഭിച്ച വിവരം)

തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുക എന്ന ഉദ്ദേശ്യത്തോടെ ബോർഡ് എടുത്ത തീരുമാന (2005 നവംബർ) പ്രകാരമാണ് ഇങ്ങനെ ചെയ്തതെന്ന് സർക്കാർ മറുപടി നൽകി (2022 ഡിസംബർ). ചട്ടം 309 പ്രകാരം, നിയമത്തിലോ ചട്ടങ്ങളിലോ പരാമർശിച്ചിരിക്കുന്ന കാര്യങ്ങൾക്കിതരമായി, സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ, ഫണ്ട് വിനിയോഗിക്കാൻ പാടില്ലാത്തതിനാൽ മറുപടി സ്വീകാര്യമല്ല. വിരമിക്കൽ സമയത്ത് അവശേഷിക്കുന്ന വിഹിതം തിരികെ നൽകുന്നത് സംബന്ധിച്ച് നിയമത്തിലോ ചട്ടത്തിലോ പരാമർശിക്കാത്തതിനാൽ, ഇതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. എന്നാൽ മുൻകൂർ അനുമതി വാങ്ങിച്ചതായി കാണപ്പെട്ടിട്ടില്ല.

4.4. മിഷൻ മോഡ് പദ്ധതി

എല്ലാ നിർമ്മാണതൊഴിലാളികളെയും ഗുണഭോക്താക്കളായി രജിസ്റ്റർ ചെയ്യിക്കാനും അതുവഴി യാതൊരു ബുദ്ധിമുട്ടും കൂടാതെ അർഹമായ ആനുകൂല്യങ്ങൾ അവർക്ക് ലഭ്യമാക്കാനും വേണ്ടി, ഭാരത സർക്കാർ 2020 ജൂലൈയിൽ മിഷൻ മോഡ് പദ്ധതി (എംഎംപി) ആരംഭിച്ചു. സംസ്ഥാന ക്ഷേമ ബോർഡുകൾ മൂന്ന് മാസ കാലയളവിൽ ഉദ്ദേശ്യലക്ഷ്യം നേടിയെടുക്കണമെന്നാണ് എംഎംപിയിൽ വിഭാവനം ചെയ്തിരുന്നത്. മൂന്ന് ഘടകങ്ങളാണ് എംഎംപി-ക്ക് ഉണ്ടായിരുന്നത്, (i) ഉൾപ്പെടുത്താൻ വിട്ടുപോയ നിർമ്മാണ തൊഴിലാളികളുടെ രജിസ്ട്രേഷൻ (ii) പുതുക്കലും പോർട്ടബിലിറ്റിയും (iii) സാമൂഹിക സുരക്ഷയുടെ സാർവത്രികവൽക്കരണം.

ഉൾപ്പെടുത്താൻ വിട്ടുപോയ നിർമ്മാണ തൊഴിലാളികളെ രജിസ്റ്റർ ചെയ്യിക്കാൻ ഒരു പദ്ധതി/സംരംഭവും സംസ്ഥാനത്ത് ആരംഭിച്ചിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ, ബോർഡ് അനുവദിക്കാത്തതിനാൽ അത്തരം തൊഴിലാളികൾ നിയമത്തിന്റെ പരിധിയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കപ്പെട്ടു. പുതുക്കൽ, പോർട്ടബിലിറ്റി, സാമൂഹിക സുരക്ഷയുടെ സാർവത്രികവൽക്കരണം തുടങ്ങിയവയെ സംബന്ധിച്ചിടത്തോളം അന്യസംസ്ഥാനങ്ങളിലെ നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡുകളുമായി ബന്ധം സ്ഥാപിക്കുന്നതിനോ വിവരം പങ്കിടുന്നതിനോ ഉള്ള ഒരു സംവിധാനവും ബോർഡിൽ ഇല്ലെന്ന് ബോർഡ് സെക്രട്ടറി അറിയിച്ചു.

അതിനാൽ എംഎംപിയുടെ ലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിക്കാൻ ബോർഡിന് സാധിച്ചില്ലെന്നും എംഎംപിയുടെ എല്ലാ ഘടകങ്ങളും നടപ്പിലാക്കാനായി ഒരു പദ്ധതിയും തുടർന്നുവരുന്നില്ല എന്നും ഓഡിറ്റ് നിരീക്ഷിച്ചു.

4.5. തൊഴിലാളികളുടെ രജിസ്ട്രേഷൻ

ബിഒസിഡബ്ല്യു (ആർഇസിഎസ്) നിയമപ്രകാരം[24], പതിനെട്ട് വയസ് പൂർത്തിയായതും അറുപതിനു താഴെ പ്രായമുള്ളതും, കഴിഞ്ഞ പന്ത്രണ്ട് മാസത്തിൽ, തൊണ്ണൂറ്

[24] ബിഒസിഡബ്ല്യൂ(ആർഇസിഎസ്) നിയമം, 1996, വകുപ്പ് 12

ദിവസത്തിൽ കുറയാതെ ഏതെങ്കിലും കെട്ടിട നിർമ്മാണത്തിലോ മറ്റ് നിർമ്മാണ പ്രവർത്തനത്തിലോ ഏർപ്പെട്ടിരിക്കുന്നതുമായ ഓരോ നിർമ്മാണ തൊഴിലാളിയും, ഗുണഭോക്താവായി രജിസ്റ്റർ ചെയ്യപ്പെടാൻ അർഹനാണ്. ഒരിക്കൽ ഗുണഭോക്താവായി രജിസ്റ്റർ ചെയ്യപ്പെട്ടാൽ സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന മാസവരിസംഖ്യ അവർ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ടിൽ (ഫണ്ട്) നിക്ഷേപിക്കേണ്ടതാണ്. ബോർഡ് പരിപാലിക്കുന്ന ഫണ്ടിൽ നിന്നും ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ കൈപ്പറ്റാനും തൊഴിലാളി അർഹനാണ്. നിലവിൽ മാസവരിസംഖ്യ ₹50[25] ആണ്.

വിവിധ ക്ഷേമ പദ്ധതികൾക്കു കീഴിൽ സാമ്പത്തിക സഹായം ലഭിക്കാൻ തൊഴിലാളികളുടെ രജിസ്ട്രേഷൻ ഒരു മുൻ വ്യവസ്ഥയായിരുന്നെങ്കിലും താഴെ പറയുന്ന തടസ്സങ്ങൾ രജിസ്ട്രേഷൻ നടപടികളുടെ കാര്യക്ഷമതയെ ബാധിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു.

4.5.1. നിർമ്മാണ തൊഴിലാളികൾക്കിടയിൽ ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള അവബോധത്തിന്റെ അഭാവം

കേന്ദ്ര തൊഴിൽ മന്ത്രാലയം പുറത്തിറക്കിയ (2018 സെപ്റ്റംബർ), 'മോഡൽ വെൽഫെയർ സ്കീം ഫോർ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആന്റ് ആക്ഷൻ പ്ലാൻ ഫോർ സ്ട്രെങ്ത്തെനിംഗ് ഇംപ്ലിമെന്റേഷൻ മെഷീനറി', എന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം, കെട്ടിട തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികളെക്കുറിച്ച് അവബോധം നൽകുന്നതിനായി പത്രപരസ്യം, ടിവി ചാനലുകൾ എന്നീ മാർഗ്ഗങ്ങളെക്കാൾ താഴെത്തട്ടിലുള്ള അവബോധ പരിപാടികളിലൂടെയാണ് ബോധവൽക്കരണം നൽകേണ്ടതെന്ന് നിർദ്ദേശിക്കുന്നു. തൊഴിലാളികളുടെ രജിസ്ട്രേഷൻ നടത്തുന്നതിനായി അവർ പ്രധാനമായി പാർക്കുന്ന ഇടങ്ങളിൽ/നഗരചത്വരങ്ങളിൽ സ്ഥിരമായി ക്യാമ്പുകൾ സംഘടിപ്പിക്കുകയോ, ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുകയോ ചെയ്യാൻ സംസ്ഥാന തൊഴിൽ വകുപ്പും ക്ഷേമ ബോർഡും, തൊഴിലാളികളുടെ രജിസ്ട്രേഷൻ നടത്തുന്ന അധികാരികൾക്ക് (ബോർഡ്) നിർദ്ദേശങ്ങൾ നൽകണമെന്നും ഈ മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിക്കുന്നു. സ്മാർട്ട് ഫോണുകളിൽ വീഡിയോകൾ സംപ്രേഷണം ചെയ്യുക, രജിസ്റ്റർ ചെയ്ത/രജിസ്റ്റർ ചെയ്യാൻ സാധ്യതയുള്ള തൊഴിലാളികളെ അറിയിക്കാനും, അപ്ഡേറ്റ് ചെയ്യാനും പതിവായി എസ്എംഎസ് അയയ്ക്കുക, ഗ്രാമ പ്രദേശങ്ങളിൽ ബോധവൽക്കരണത്തിനുള്ള ചിത്രങ്ങൾ വരയ്ക്കുക, നഗര തദ്ദേശ സ്ഥാപനങ്ങൾ/ഗ്രാമപഞ്ചായത്തുകൾ/ഗ്രാമ സഭകൾ തുടങ്ങിയവയെ ഉൾപ്പെടുത്തി ബോധവൽക്കരണ ക്യാമ്പുകൾ നടത്തുക മുതലായവയെല്ലാം ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവബോധം ശക്തിപ്പെടുത്തുന്നതിന് സഹായകമായേക്കാം.

ബോർഡിൽ രജിസ്റ്റർ ചെയ്ത 210 ഗുണഭോക്താക്കളെ[26] ഓഡിറ്റ് സർവ്വേ ചെയ്തപ്പോൾ, അതിൽ 195 (98.86 ശതമാനം) പേരും ബോർഡ് നടത്തിയ ഒരു അവബോധ പരിപാടിയിലും പങ്കെടുത്തിട്ടില്ല എന്നറിയിച്ചു. അതിൽ 134 ഗുണഭോക്താക്കൾ (63.81 ശതമാനം) ബോർഡ് നടത്തുന്ന ക്ഷേമപദ്ധതികളെക്കുറിച്ച് തങ്ങൾക്ക് അറിയില്ലെന്നും പ്രസ്താവിച്ചു. ബോർഡിൽ ഗുണഭോക്താക്കളായി രജിസ്റ്റർ ചെയ്തിട്ടില്ലാത്ത കെട്ടിട നിർമ്മാണ തൊഴിലാളികളുടെ സർവ്വേയിൽ, രജിസ്റ്റർ ചെയ്യാത്ത 45 നിർമ്മാണ തൊഴിലാളികളും ബോർഡ് നടത്തുന്ന ക്ഷേമ പദ്ധതികളെക്കുറിച്ച് അവബോധരല്ലെന്ന് ഓഡിറ്റ് കണ്ടെത്തി.

---

[25] 2017 ഡിസംബർ 19-ന് നടന്ന യോഗത്തിൽ ബോർഡ് എടുത്ത തീരുമാനപ്രകാരം. ഈ തീരുമാനം സംസ്ഥാന സർക്കാർ ഇതുവരെ അംഗീകരിച്ചിട്ടില്ല

[26] തെരഞ്ഞെടുത്ത മൂന്ന് ജില്ലകളിൽ നിന്നും 70 ഗുണഭോക്താക്കൾ വീതം

തെരഞ്ഞെടുത്ത ജില്ലകളിലെ 26 സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ (2023 സെപ്റ്റംബർ) ജോലിയിൽ ഏർപ്പെട്ട ആകെ 1306 തൊഴിലാളികളിൽ വെറും 27 പേർ (2.07 ശതമാനം) മാത്രമേ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളൂ എന്ന് വെളിപ്പെട്ടു.

രജിസ്ട്രേഷൻ ഒരു തൊഴിലാളി സ്വമേധയാ ചെയ്യേണ്ടതാണെങ്കിലും, രജിസ്ട്രേഷൻ കുറയുന്നതിന് കാരണം ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള അവബോധമില്ലായ്മയാകാം. തൊഴിലാളികൾക്കിടയിൽ പ്രചരണം നടത്താനും, ലഘുലേഖകൾ വിതരണം ചെയ്യാനും മറ്റും നടപടികൾ എടുത്തിരുന്നെന്ന് ബോർഡ് അറിയിച്ചു (2023 ആഗസ്റ്റ്). എന്നാൽ ബോർഡിലെ/ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരോടൊപ്പം ജോലി സ്ഥലങ്ങളുടെ സംയുക്ത പരിശോധനയ്ക്കിടെ തൊഴിലാളികളുമായി നടത്തിയ ആശയ വിനിമയത്തിൽ, രജിസ്റ്റർ ചെയ്യാത്ത 45 തൊഴിലാളികൾക്കും ബോർഡിനെയും അതിന്റെ ക്ഷേമപദ്ധതികളെയും കുറിച്ച് അവബോധമില്ലെന്ന് വെളിപ്പെട്ടു. തൊഴിലാളികളിൽ അവബോധം വളർത്താൻ ഇതുവരെ ബോർഡ് നടത്തിയ പ്രചരണങ്ങൾ ഫലപ്രദമല്ലെന്ന് ഇത് സൂചിപ്പിക്കുന്നു.

അംഗങ്ങൾ അർഹമായ ആനുകൂല്യങ്ങളെക്കുറിച്ച് ബോധവാന്മാരാകാൻ വേണ്ട പ്രചരണ പ്രവർത്തനങ്ങൾ വിവിധ മാർഗ്ഗങ്ങളിലൂടെ ബോർഡ് കൈക്കൊള്ളുമെന്ന് സർക്കാർ മറുപടിയിലൂടെ ഉറപ്പ് നൽകി (2024 ആഗസ്റ്റ്).

4.5.2. അതിഥി തൊഴിലാളികൾക്ക് ബിഒസിഡബ്ല്യു(ആർഇസിഎസ്) നിയമം വഴി ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു

ബോർഡ് നൽകിയ വിവരങ്ങൾ പ്രകാരം, 2023 മാർച്ച് 31 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം 20.67 ലക്ഷമാണ്. സംസ്ഥാനത്ത് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള അതിഥി തൊഴിലാളികൾ ഇതിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഈ റിപ്പോർട്ടിലെ ഖണ്ഡിക 5.4-ൽ പരാമർശിച്ചിരിക്കുന്നതുപോലെ അതിഥി തൊഴിലാളി ക്ഷേമ നിധി രൂപീകരിക്കപ്പെട്ട മറ്റൊരു പദ്ധതിയിൻ കീഴിലാണ് ഈ തൊഴിലാളികൾ രജിസ്റ്റർ ചെയ്യേണ്ടിയിരുന്നത്. സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ ചെലവ് വഹിക്കാൻ, മേൽ പറഞ്ഞ പദ്ധതിക്കു കീഴിൽ ₹10 കോടി കോർപ്പസ് ഫണ്ടായി സർക്കാർ അനുവദിച്ചിരുന്നു. ബിഒസിഡബ്ല്യു(ആർഇസിഎസ്), നിയമത്തിൽ തൊഴിലാളികൾക്കിടയിൽ ഒരു തരത്തിലുമുള്ള വിവേചനവും നടത്തിയിട്ടില്ലെങ്കിലും, സർക്കാർ ഒരു പ്രത്യേക ഫണ്ട് രൂപീകരിച്ചുകൊണ്ട് അതിഥി തൊഴിലാളികളെ ഈ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്നതിൽ നിന്ന് മാറ്റി നിർത്തുകയും അതിലൂടെ ഈ നിയമത്തിനു കീഴിൽ വരുന്ന എല്ലാ ക്ഷേമപദ്ധതികളുടെയും ആനുകൂല്യങ്ങൾ അവർക്ക് നിഷേധിക്കുകയും ചെയ്തു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വ്യവസ്ഥകൾ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്ന് സർക്കാർ മറുപടി നൽകി. ഈ നിയമം ഒരു പ്രാദേശിക തൊഴിലാളിയെയും അതിഥി തൊഴിലാളിയെയും വേർതിരിക്കുന്നില്ലെന്നിരിക്കെ, ഈ നിയമത്തിലെ വകുപ്പ് 12-ൽ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്ന എല്ലാവരും നിയമപ്രകാരം ബോർഡിലെ അംഗങ്ങളാകാൻ അർഹരാണെന്നതിനാൽ സർക്കാരിന്റെ മറുപടി സ്വീകാര്യമല്ല. ആയതിനാൽ ബിഒസിഡബ്ല്യു(ആർഇസിഎസ്) നിയമ പ്രകാരം രജിസ്റ്റർ ചെയ്യാൻ അനുവദിക്കാതെ അതിഥി തൊഴിലാളികളോട് വിവേചനം കാണിച്ചത് സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടായ ക്രമരഹിതമായ നടപടിയാണ്.

4.5.3. ബിഒസിഡബ്ല്യു(ആർഇസിഎസ്) നിയമ പ്രകാരം അംഗമാകാനുള്ള പ്രക്രിയയിലെ പോരായ്മകൾ

കേരള ചട്ടങ്ങളിലെ, ചട്ടം 283-ൽ, ബോർഡിൽ അംഗത്വമെടുക്കാൻ വേണ്ട വ്യവസ്ഥകൾ നിഷ്കർഷിക്കുന്നു. അതനുസരിച്ച് പ്രായം തെളിയിക്കുന്ന രേഖയും, തൊഴിൽ ദാതാവിൽ നിന്നോ കോൺട്രാക്ടറിൽ നിന്നോ നിർമ്മാണ തൊഴിലാളിയാണെന്ന് തെളിയിക്കുന്ന

രേഖയും, ഫോറം XXVI-ൽ ബോർഡിന് സമർപ്പിക്കേണ്ടതാണ്. അത്തരം രേഖകളുടെ അഭാവത്തിൽ, രജിസ്റ്റർ ചെയ്ത കൺസ്ട്രക്ഷൻ വർക്കേഴ്സ് ട്രേഡ് യൂണിയനോ, പ്രദേശത്തെ അസിസ്റ്റന്റ് ലേബർ ഓഫീസറോ, പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസറോ നൽകുന്ന സർട്ടിഫിക്കറ്റ് പരിഗണിക്കാവുന്നതാണ്.

2023 ജൂലൈയിൽ നടന്ന ബോർഡിന്റെ വിദഗ്ധ സമിതി യോഗത്തിൽ, ട്രേഡ് യൂണിയനുകളിൽ നിന്ന് ലഭിച്ച നിർമ്മാണ തൊഴിലാളിയാണെന്ന് പ്രഖ്യാപിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ, നിരവധി വ്യാജവ്യക്തികൾ അംഗത്വത്തിന് അവകാശ വാദം ഉന്നയിച്ചതായി അഭിപ്രായപ്പെട്ടു. രജിസ്ട്രേഷന് വന്ന അപേക്ഷകൾ പരിശോധിച്ചപ്പോൾ ഏതാണ്ട് 100 ശതമാനം സന്ദർഭങ്ങളിലും, കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയനുകൾ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ബോർഡ് അംഗത്വം നൽകിയതെന്ന് ഓഡിറ്റ് സ്ഥിരീകരിച്ചു. അതിന്റെ വിവരങ്ങൾ ചുവടെയുള്ള **പട്ടിക 4.12**-ൽ നൽകിയിരിക്കുന്നു.

പട്ടിക 4.12 : ട്രേഡ് യൂണിയനുകളിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് നടത്തിയ രജിസ്ട്രേഷനുകളുടെ വിവരങ്ങൾ

ജില്ല	2018-23 കാലയളവിൽ രജിസ്റ്റർ ചെയ്ത അംഗങ്ങളുടെ എണ്ണം	ഓഡിറ്റ് പരിശോധിച്ച റെക്കോർഡുകളുടെ എണ്ണം	ട്രേഡ് യൂണിയനുകൾ നൽകിയ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് നടത്തിയ രജിസ്ട്രേഷനുകളുടെ എണ്ണം	ട്രേഡ് യൂണിയനുകൾ നൽകിയ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് നടത്തിയ രജിസ്ട്രേഷനുകളുടെ ശതമാനം
കോഴിക്കോട്	8,885	489	489	100.00
എറണാകുളം	4,281	225	223	99.11
മലപ്പുറം	7,238	354	354	100.00
ആകെ	**20,404**	**1,068**	**1,066**	**99.81**

(ഉറവിടം : ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുകളിൽ നിന്ന് ലഭിച്ച ഡാറ്റ)

2023-ൽ കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയനുകൾ നൽകിയ സർട്ടിഫിക്കറ്റുകളുടെ ബലത്തിൽ സമർപ്പിച്ച 532 അംഗത്വ അപേക്ഷകൾ (ഫോറം-XXVI) സർട്ടിഫിക്കറ്റുകളുടെ ആധികാരികതയെക്കുറിച്ച് ഡിഇഒ-മാർ നടത്തിയ അന്വേഷണത്തെ തുടർന്ന് നിരസിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഈ അപേക്ഷകർ കെട്ടിട നിർമ്മാണ തൊഴിലാളികൾ അല്ലെന്ന് അന്വേഷണത്തിൽ കണ്ടെത്തി. അപേക്ഷകരുടെ യഥാർത്ഥ തൊഴിൽ എന്തെന്ന് ഉറപ്പാക്കാതെയാണ് ട്രേഡ് യൂണിയനുകൾ വ്യാജ സർട്ടിഫിക്കറ്റുകൾ കൊടുക്കുന്നതെന്ന് ഇത് സ്ഥിരീകരിക്കുന്നു.

രജിസ്ട്രേഷനായുള്ള അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ, സമർപ്പിച്ച രേഖകൾ ഡിഇഒ പരിശോധിച്ച ശേഷം അതിന്റെ കൃത്യതയിൽ സംതൃപ്തനാണെങ്കിൽ മാത്രമാണ് തൊഴിലാളികൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നതെന്ന് സർക്കാർ അറിയിച്ചു (2024 ആഗസ്റ്റ്). അപാകതകൾ ഉള്ള അപേക്ഷകൾ പൂർണ്ണമായും നിരസിക്കുമെന്നും അംഗങ്ങളുടെ ആധികാരികത ജില്ലാതല സ്ക്വാഡുകൾ പരിശോധിക്കുമെന്നും പ്രസ്താവിച്ചു.

എന്നാൽ മേൽപ്പറഞ്ഞ സംഭവങ്ങൾ, നിലവിലെ രജിസ്ട്രേഷൻ നടപടിക്രമങ്ങളുടെ കാര്യക്ഷമതയെക്കുറിച്ച് ആശങ്കകൾ ഉയർത്തുകയും യഥാർത്ഥ നിർമ്മാണ തൊഴിലാളികൾക്കു മാത്രമേ ബോർഡിൽ അംഗത്വം ലഭിക്കുന്നുള്ളുവെന്ന് ഉറപ്പാക്കാൻ കൂടുതൽ കർക്കശമായ ഒരു പരിശോധനാ സംവിധാനത്തിന്റെ ആവശ്യകത അടിവരയിട്ടു പറയുകയും ചെയ്യുന്നു.

ശിപാർശ 7: ബോർഡ് പലതലത്തിലുള്ള പരിശോധനകൾ ഉൾപ്പെടുത്തിക്കൊണ്ട് ട്രേഡ് യൂണിയനുകൾ നൽകുന്ന അംഗത്വ സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഉറപ്പാക്കുകയും അതുവഴി രജിസ്ട്രേഷൻ പ്രക്രിയയുടെ സുതാര്യത സംരക്ഷിക്കുകയും ചെയ്യുന്നുവെന്ന് സർക്കാർ ഉറപ്പാക്കണം.

ശിപാർശ 8 : രജിസ്ട്രേഷൻ നടപടികളെക്കുറിച്ചും രജിസ്ട്രേഷൻ വഴി വിവിധ ക്ഷേമപദ്ധതികളുടെ രൂപത്തിൽ ലഭിക്കുന്ന ഗുണങ്ങളെക്കുറിച്ചും തൊഴിലാളികളെ ബോധവാന്മാരാക്കാൻ മതിയായ പ്രചരണങ്ങളും പരസ്യങ്ങളും ബോർഡ് നടത്തുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കണം.

4.6. ഉപസംഹാരം

സംസ്ഥാന ഓഫീസിൽ ഒരു കേന്ദ്രീകൃത ഡാറ്റാ സംവിധാനം ഇല്ലാത്തതിനാൽ, ജില്ലാ ഓഫീസുകളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങളെയാണ്, ജില്ലാതല ക്ഷേമ പദ്ധതികൾ നിർവ്വഹിക്കുവാൻ ആവശ്യമായ ഫണ്ട് നിർണ്ണയിക്കുന്നതിനായി ബോർഡ് ആശ്രയിച്ചിരുന്നത്. ഫണ്ടിന്റെ അപര്യാപ്തത മൂലം പെൻഷൻ, വിവാഹ ധനസഹായം, ചികിത്സാ സഹായം, മാരക രോഗ ചികിത്സാ സഹായം, പ്രസവാനുകൂല്യം, മരണാനന്തര ധനസഹായം, സ്കോളർഷിപ്പ്, ക്യാഷ് അവാർഡുകൾ ഉൾപ്പെടെ വിവിധക്ഷേമ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ ഫണ്ടിന്റെ അപര്യാപ്തത മൂലം തീർപ്പാക്കാതെ കിടക്കുകയാണ്. നിർമ്മാണ തൊഴിലാളികൾക്കിടയിലുള്ള പരിമിതമായ അവബോധം രജിസ്ട്രേഷൻ കുറയുന്നതിന് കാരണമായി. ബിഒസിഡബ്ല്യൂ (ആർഇസിഎസ്) നിയമ പ്രകാരം രജിസ്റ്റർ ചെയ്യപ്പെടാത്തതിനാൽ, അതിഥി തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നഷ്ടപ്പെടാൻ ഇടയായി.

അദ്ധ്യായം – V

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ പ്രവർത്തനം

അദ്ധ്യായം V
കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ പ്രവർത്തനം

തൊഴിലുടമകളിൽ നിന്ന് ഫോറം IV സ്വീകരിക്കുന്നത് നിരീക്ഷിക്കുന്നതിനോ ചട്ടങ്ങൾ അനുസരിച്ച് പിഴ ചുമത്തുന്നതിനോ ജില്ലാ ലേബർ ഓഫീസുകൾക്ക് ഒരു സംവിധാനം ഇല്ലായിരുന്നു. ബോർഡിന്റെ ക്യാഷ് ബാലൻസ് 2019 മാർച്ചിൽ ₹910.06 കോടിയിൽ നിന്ന് 2023 മാർച്ചിൽ ₹135.16 കോടിയായി കുറഞ്ഞു. ക്ഷേമ ആനുകൂല്യങ്ങളുടെ വിതരണവും 2020-21 മുതൽ കുറയുന്ന പ്രവണത കാണിച്ചു. അഞ്ച് വർഷത്തെ ഓഡിറ്റ് കാലയളവിലെ ബോർഡിന്റെ ക്യാഷ് റിസർവിലെ സ്ഥിരമായുണ്ടായിരുന്ന കുറവ്, ബോർഡിന്റെ വാർഷിക ചെലവുകൾ ക്യാഷ് റിസർവുകളിൽ നിന്ന് ഫണ്ട് ചെയ്യപ്പെട്ടതായി സൂചിപ്പിക്കുന്നു. ഇതിനാൽ റിസർവ് തുക ഗണ്യമായി ശോഷിക്കുകയും അധിക വായ്പകൾ ആവശ്യമായി വരുകയും ചെയ്തു.

ബോർഡിന്റെ കണക്കുകൾ ഓഡിറ്റിനായി അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കുന്നതിൽ 11 മുതൽ 24 മാസം വരെ കാലതാമസമുണ്ടായി. അതിഥി തൊഴിലാളികളുടെ ക്ഷേമനിധിക്കായി അനുവദിച്ച ₹10 കോടി കോർപ്പസ് ഫണ്ടിൽ നിന്നും 2018-19-നും 2022-23-നും ഇടയിൽ ₹1.69 കോടി മാത്രമാണ് തൊഴിലാളികളുടെ ക്ഷേമത്തിനായി ചെലവഴിച്ചത്. പരിശോധന നടത്തിയ ജില്ലകളിൽ, ലേബർ കമ്മീഷണർ നിർദ്ദേശിച്ച പ്രകാരം ലേബർ ഓഫീസർമാർ പ്രതിമാസ പരിശോധനകൾ നടത്തിയില്ല. പരിശോധന നടത്തിയ നിർമ്മാണ സൈറ്റുകളിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചതായി കണ്ടില്ല. പരാതി പരിഹാര സംവിധാനം വിഭാവനം ചെയ്തതുപോലെ ഫലപ്രദമായി പ്രവർത്തിച്ചില്ല.

കേരളത്തിലെ നിർമ്മാണ തൊഴിലാളികൾക്ക് സഹായം നൽകുന്നതിനായി 1990-ൽ കേരള ബിൽഡിംഗ് ആന്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് രൂപീകരിക്കുകയുണ്ടായി. സെസ്സ് ചട്ടങ്ങൾ നിലവിൽ വന്നതോടെ ബിഒസിഡബ്ല്യു (ആർഇസിഎസ്) നിയമത്തിന്റെ 18-ാം വകുപ്പ് പ്രകാരം കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് (ബോർഡ്) രൂപീകരിക്കപ്പെട്ടു. ബിഒസിഡബ്ല്യു (ആർഇസിഎസ്) നിയമത്തിലെ വകുപ്പ് 24 (1) ഉം കേരള ചട്ടങ്ങളിലെ ചട്ടം 281 ഉം ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് രൂപീകരിക്കുവാൻ നിഷ്കർഷിക്കുന്നു. സർക്കാർ നൽകുന്ന എല്ലാ ഗ്രാന്റുകളും ലോണുകളും അഡ്വാൻസുകളും ഗുണഭോക്താക്കൾ അടയ്ക്കുന്ന വിഹിതങ്ങളും മറ്റ് സ്രോതസ്സുകളിൽ നിന്ന് ബോർഡിന് ലഭിക്കുന്ന എല്ലാ തുകയും ഈ ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്നു. കൂടാതെ, സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, പ്രാദേശിക അധികാരികൾ അല്ലെങ്കിൽ സെസ്സ് കളക്ടർമാർ എന്നിവരിൽ നിന്ന് ശേഖരിക്കുന്ന സെസ്സിന്റെ വരുമാനം ബോർഡിലേക്ക് കൈമാറ്റം ചെയ്യണമെന്ന് സെസ്സ് ചട്ടങ്ങളിലെ, ചട്ടം 5 പ്രസ്താവിക്കുന്നു. അതനുസരിച്ച്, ബോർഡ്, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് (ഓഗസ്റ്റ് 1998) രൂപീകരിച്ചു. ദേശസാൽകൃത ബാങ്കുകൾ, ട്രഷറികൾ, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിലെ സേവിംഗ്സ് ബാങ്ക്/സ്ഥിരനിക്ഷേപ അക്കൗണ്ടുകളിലാണ് ഈ ഫണ്ട് നിക്ഷേപിച്ചിരുന്നത്.

ബിഒസിഡബ്ല്യു (ആർഇസിഎസ്) നിയമത്തിന്റെ വകുപ്പ് 24(2) പ്രകാരം, (എ) ബോർഡിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായ ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകൽ, സ്ത്രീ ഗുണഭോക്താക്കൾക്ക് പ്രസവാനുകൂല്യം, ഗുണഭോക്താക്കൾക്ക് വായ്പകളും അഡ്വാൻസുകളും അനുവദിക്കൽ, മുതലായവയുടെ ചെലവുകൾ വഹിക്കുന്നതിനും (ബി) ബോർഡിലെ അംഗങ്ങളുടെയും ഓഫീസർമാരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളം, അലവൻസുകൾ, മറ്റ് പ്രതിഫലങ്ങൾ നൽകുന്നതിനും (സി) ഈ നിയമം അധികാരപ്പെടുത്തിയ ആവശ്യങ്ങൾക്കും ചെലവുകൾ വഹിക്കുന്നതിനുമായി ഫണ്ട് വിനിയോഗിക്കേണ്ടതാണ്. ബോർഡ് അനുവദിക്കുന്ന പെൻഷനും മറ്റ്

ക്ഷേമാനുകൂല്യങ്ങളും ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ വഴി ഗുണഭോക്താക്കളുടെ അതാത് ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറ്റം ചെയ്യുന്നു.

5.1. ബോർഡിന്റെ വരവും ചെലവും

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ ബോർഡ് കൈകാര്യം ചെയ്യുന്ന ഫണ്ടുമായി ബന്ധപ്പെട്ട വരുമാനവും ചെലവുകളും **പട്ടിക 5.1**-ൽ നൽകിയിരിക്കുന്നു.

പട്ടിക 5.1 : 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ ബോർഡിന്റെ വരവിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ

(₹ കോടിയിൽ)

വർഷം	വരവ്				ചെലവ്					
	പ്രാരംഭ ബാക്കി	സെസ്സ് പിരിച്ചെടുത്തത്	പലിശ	ആകെ വരവ് *	മൂലധന ചെലവ്	ക്ഷേമ പ്രവൃത്തികൾ	ഭരണ ചെലവ്	മറ്റുള്ളവ	ആകെ ചെലവ് **	നീക്കിയിരുപ്പ്
2018-19	1069.62	242.23	77.83	**1473.34**	0.19	435.24	14.55	112.85	**563.29**	910.05
2019-20	910.05	232.82	67.58	**1263.25**	0.13	511.6	15.19	5.72	**533.35**	729.90
2020-21	729.90	247.97	57.59	**1087.85**	0.12	724.21	13.59	15.22	**753.33**	334.52
2021-22	334.52	285.11	8.34	**837.52**	0.39	594.19	18.54	28.80	**643.52**	194.00
2022-23	194.00	378.18	6.00	**639.64**	0.29	460.99	15.65	27.55	**504.48**	135.16

(ഉറവിടം: ബോർഡിന്റെ വാർഷിക അക്കൗണ്ടുകൾ)

** തൊഴിലാളികളുടെ വിഹിതവും മറ്റ് വരവുകളും ഉൾപ്പെടുന്നു.*

*** തൊഴിലാളികളുടെ വിഹിതത്തിന്റെ തിരിച്ചുനൽകൽ ഉൾപ്പെടുന്നു.*

ബോർഡിന്റെ വരുമാനം ഏറെക്കുറെ സ്ഥിരമായി നിലനിന്നിരുന്നെങ്കിലും, ചെലവ് 2020-21 വരെ വർദ്ധിച്ചുവരുന്ന പ്രവണത കാണിച്ചു. പ്രതിമാസ പെൻഷൻ നിരക്ക്[27] 2018 ഏപ്രിലിൽ ₹1,100 ആയിരുന്നത് 2021 ഏപ്രിലിൽ ₹1,600 ആയി ഉയർന്നതാണ് ചെലവ് ഉയരാൻ കാരണം. അതോടൊപ്പം തന്നെ പെൻഷൻകാരുടെ എണ്ണം 2018-19-ൽ 2.62 ലക്ഷത്തിൽ നിന്ന് 2022-23-ൽ 3.24 ലക്ഷമായി ഉയരുകയും ചെയ്തു. 2020-21-ലെ പെൻഷൻ ചെലവ് വർദ്ധിച്ചത് 2019-20-ലെഅവസാന ത്രൈമാസത്തിലെ[28] പെൻഷൻ 2020 ഏപ്രിലിൽ നൽകിയതിനാലാണ് എന്ന് നിരീക്ഷിക്കപ്പെട്ടു. 2021-22 കാലയളവിലെ നാല് മാസത്തെ പെൻഷൻ പേയ്മെന്റുകൾ ഫണ്ടിന്റെ കുറവ് കാരണം 2022-23-ൽ മാത്രമാണ് നൽകിയതെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 2022-23 വർഷത്തിൽ നാല് മാസത്തേക്ക് മാത്രമാണ് പെൻഷൻ പേയ്മെന്റുകൾ നടത്തിയത്. അതിനാൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് ഈ കാലയളവിൽ ആകെ ചെലവിൽ കുറവുണ്ടായി.

2018 മുതൽ 2023 വരെയുള്ള അഞ്ച് വർഷ കാലയളവിൽ പിരിച്ചെടുത്ത സെസ്സിൽ ക്രമാനുഗതമായ വർദ്ധനവ് രേഖപ്പെടുത്തിയതായി ഓഡിറ്റ് നിരീക്ഷിച്ചു. എന്നിരുന്നാലും, ബോർഡിന് ലഭിച്ച പലിശ 2018-19-ലെ ₹77.83 കോടിയിൽ നിന്ന് 2022-23-ൽ ₹ആറ് കോടിയായി കുത്തനെ കുറഞ്ഞതിന് സമാനമായി ബോർഡിന്റെ ക്യാഷ് ബാലൻസ് കുറഞ്ഞതായി കാണുന്നു. ചെലവുകൾ വർദ്ധിച്ച് വരുന്ന പ്രവണത, സെസ്സ് പിരിവിലെ ആനുപാതികമായ വർദ്ധനയുടെ അഭാവത്തിൽ 2021-22-ൽ കേരള മോട്ടോർ ട്രാൻസ്പോർട്ട് ക്ഷേമനിധി ഫണ്ട് ബോർഡിൽ നിന്നും ₹150 കോടി കടമെടുക്കാൻ ബോർഡ് നിർബന്ധിതമായി. ജീവനക്കാരുടെ ശമ്പളത്തിലും പോസ്റ്റേജ് ഇനത്തിലും

[27] 2017 ഏപ്രിൽ മുതൽ:. ₹1,100, 2019 ഏപ്രിൽ മുതൽ: ₹1,200, 2020 ഏപ്രിൽ മുതൽ: ₹1,300, 2020 സെപ്റ്റംബർ മുതൽ: ₹1,400, 2021 ജനുവരി മുതൽ: ₹1,500, 2021 ഏപ്രിൽ മുതൽ: ₹1,600

[28] മൂന്ന് മാസത്തെ പെൻഷൻ അതായത് 2020 ജനുവരി, 2020 ഫെബ്രുവരി, 2020 മാർച്ച് മാസങ്ങൾ

വന്ന ഭരണ ചെലവുകൾ ഒരു ശതമാനം പരിധി കവിഞ്ഞിരുന്നു (ഖണ്ഡിക 3.3–ൽ ചൂണ്ടിക്കാട്ടിയതുപോലെ). സെസ്സ് തുക ഉപയോഗപ്പെടുത്തി ബഹുനില ഓഫീസ് കെട്ടിടസമുച്ചയം നിർമ്മിച്ചത് (ഖണ്ഡിക 5.6–ൽ ചൂണ്ടികാണിക്കുന്നപോലെ) നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനമാണ്. ഇവ, സെസ്സിന്റെ കുറഞ്ഞ നിർണ്ണയം, കുറഞ്ഞ പിരിവ്, പിരിക്കാതിരിക്കൽ എന്നിവയുമായി ചേർന്ന് വരുമാനത്തിന്റെ ശോചനീയാവസ്ഥയ്ക്ക് കാരണമാവുകയും തന്മൂലം ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ പൂർണ്ണതോതിൽ ലഭിക്കാതിരിക്കുകയും ചെയ്തു.

കൂടാതെ, **പട്ടിക 5.1**–ൽ നിന്ന് വ്യക്തമാകുന്നതു പോലെ, 2022–23 അവസാനം സർക്കാരിന്റെ നീക്കിയിരുപ്പ് തുക ₹135.16 കോടി ആയിരുന്നു. 2023 മാർച്ച് അവസാനം പ്രധാനപ്പെട്ട ക്ഷേമപദ്ധതികളുടെ ഇനത്തിൽ കൊടുത്തു തീർക്കാനുണ്ടായിരുന്ന, കൊടുക്കാൻ അവശേഷിക്കുന്ന തുക ₹180.42 കോടിയാണ്. (ഖണ്ഡിക 4.1–ലും, **പട്ടിക 4.1**–ലും നേരത്തേ വിശദീകരിച്ചതു പ്രകാരം) ബോർഡിന്റെ കൈവശം ചെലവഴിക്കാതെ കിടന്നിരുന്ന നീക്കിയിരിപ്പ് തുക കണക്കിലെടുക്കുമ്പോൾ കുടിശ്ശിക കൊടുക്കാൻ അവശേഷിക്കുന്ന തുക ഒരു വലിയ പരിധിവരെ കുറയ്ക്കാൻ പറ്റുമായിരുന്നു. കൂടാതെ, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ₹100 കോടി വരെ വീണ്ടും കടമെടുത്താണ് 2023 ഏപ്രിൽ വരെ കൊടുക്കാനുണ്ടായിരുന്ന പെൻഷൻ തുകകൾ 2024 ഏപ്രിലിൽ എങ്കിലും കൊടുക്കാൻ കഴിഞ്ഞത് എന്നും ഓഡിറ്റ് കണ്ടെത്തുകയുണ്ടായി. അങ്ങനെ നോക്കുമ്പോൾ തങ്ങളുടെ സാമ്പത്തിക ബാധ്യതകൾ നിറവേറ്റുന്നതിൽ ബോർഡ് കടുത്ത ധന ദൗർലഭ്യത്തിന്റേതായ അപകടകരമായ ഒരു സ്ഥിതിയിലേയ്ക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത് എന്നത് സ്പഷ്ടമാണ്.

ക്ഷേമാനുകൂല്യങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റുന്നതിന് ലഭ്യമായ സാമ്പത്തിക സ്രോതസ്സുകളിലെ പരിമിതികൾ കണക്കിലെടുത്ത്, ബോർഡ് യുദ്ധകാലാടിസ്ഥാനത്തിൽ സെസ്സ് പിരിവ് നിരക്ക് വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. സെസ്സിന്റെ മൊത്തം പിരിവ് മെച്ചപ്പെടാത്തപക്ഷം, നിർമാണത്തൊഴിലാളികൾക്കുള്ള വിവിധ ക്ഷേമ സഹായ പദ്ധതികൾക്ക് ധനസഹായം നൽകുന്നതിന് തുക കണ്ടെത്തുവാൻ സർക്കാരിന് സാധിക്കുകയില്ല. സർക്കാർ ഇക്കാര്യത്തിൽ 2024 സെപ്റ്റംബർ വരെ യാതൊരു മറുപടിയും നൽകിയിട്ടില്ല.

ശിപാർശ 9: ബോർഡിന്റെ വാർഷിക ചെലവുകൾക്കുള്ള ഫണ്ട് അതിന്റെ കരുതൽ ശേഖരത്തിൽ നിന്ന് കണ്ടെത്തുന്നതിനാൽ, കടമെടുക്കുന്നത് ഒഴിവാക്കാനായി ബോർഡ് യുദ്ധകാലാടിസ്ഥാനത്തിൽ സെസ്സ് പിരിവിന്റെ നിരക്ക് വർദ്ധിപ്പിക്കുന്നു എന്ന് സർക്കാർ ഉറപ്പാക്കണം.

5.2. ബോർഡിന്റെ ബജറ്റ്

ബോർഡ് എല്ലാ വർഷവും ബജറ്റ് തയ്യാറാക്കുന്നു. ഓഡിറ്റ് കാലയളവിൽ, 'എംപ്ലോയേഴ്സ് ഷെയർ (സെസ്സ്)' എന്ന ശീർഷകത്തിൽ ബജറ്റ് കണക്കുകളുടെ പ്രതീക്ഷിത വരവിൽ 69.15 ശതമാനം (2018–19) മുതൽ 56.94 ശതമാനം (2022–23) വരെ കുറവ് കാണപ്പെട്ടു. ഓഡിറ്റ് കാലയളവിലെ ബോർഡിന്റെ യഥാർത്ഥ വരുമാനം ഏറ്റവും വലിയ വരുമാന സ്രോതസ്സായ സെസ്സ് പിരിവിന്റെ കാര്യത്തിൽ, ബജറ്റ് കണക്കുകളുടെ 70 ശതമാനത്തിൽ താഴെയായിരുന്നു. 'വർക്കേഴ്സ് കോൺട്രിബ്യൂഷൻ ഓഫ് ദി ബോർഡ്' എന്ന ശീർഷകത്തിന് കീഴിലുള്ള യഥാർത്ഥ വരവുകൾ **പട്ടിക 5.2**–ൽ കാണിച്ചിരിക്കുന്നതുപോലെ ബജറ്റ് കണക്കുകളുടെ 76.77 ശതമാനം (2018–19) മുതൽ 46.15 ശതമാനം (2021–22) വരെ വ്യത്യാസപ്പെട്ടിരുന്നു.

പട്ടിക 5.2 : റവന്യൂ വരവുകളുടെ ബജറ്റും യഥാർത്ഥ കണക്കും

(₹ കോടിയിൽ)

വർഷം	തൊഴിലുടമകളുടെ വിഹിതം (സെസ്സ്)			തൊഴിലാളികളുടെ വിഹിതം		
	ബജറ്റ്	യഥാർത്ഥ കണക്കുകൾ	ശതമാനം	ബജറ്റ്	യഥാർത്ഥ കണക്കുകൾ	ശതമാനം
2018-19	360	248.95	69.15	80	61.42	76.77
2019-20	410	235.26	57.38	90	55.50	61.67
2020-21	415	248.25	59.82	91	58.82	64.63
2021-22	415	285.60	68.82	90	41.53	46.15
2022-23	650	370.10	56.94	90	46.65	51.83

(ഉറവിടം: ബോർഡിന്റെ ബജറ്റ് രേഖകൾ)

തൊഴിലാളികളുടെ വിഹിതത്തിന്റെ കാര്യത്തിൽ, കഴിഞ്ഞ അഞ്ച് വർഷത്തിൽ ₹80 കോടി മുതൽ ₹91 കോടി വരെ സ്വേച്ഛയാ ബജറ്റ് എസ്റ്റിമേറ്റായി നിശ്ചയിച്ചിരുന്നതായി രേഖകളുടെ പരിശോധനയിൽ നിന്നും വ്യക്തമായി. ബോർഡ് നൽകിയ വിവരമനുസരിച്ച്, 18.11 ലക്ഷം മുതൽ 20.68 ലക്ഷം[29] വരെ തൊഴിലാളികൾ അഞ്ച് വർഷ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതിമാസ അടവ് ₹50 (പ്രതിവർഷം ₹600) കണക്കിലെടുത്താൽ, ₹124.05 കോടിയായി ബജറ്റ് ചെയ്യേണ്ട തൊഴിലാളികളുടെ വിഹിതം, വെറും ₹90 കോടിയായാണ് വകയിരുത്തിയിരിക്കുന്നത്. ഇത് ബജറ്റ് വ്യവസ്ഥകൾ പ്രായോഗിക അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയിട്ടില്ലെന്ന് സൂചിപ്പിക്കുന്നു. നാളിതുവരെ സർക്കാർ ഒരു മറുപടിയും നൽകിയിട്ടില്ല.

5.3. നിയമാനുസൃത റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലെ കാലതാമസം

കേരള ചട്ടങ്ങളിലെ ചട്ടം 277 (1) അനുസരിച്ച്, ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വാർഷിക റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതും നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ബോർഡിന്റെ അക്കൗണ്ടുകളുടെ വാർഷിക ഓഡിറ്റ് നടത്തുന്നതിനും ബോർഡിന് ഉത്തരവാദിത്തമുണ്ട്. എല്ലാ സാമ്പത്തിക വർഷത്തിലും ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള റിപ്പോർട്ട് അടുത്ത വർഷം ജൂൺ 15-ന് മുമ്പ് ബോർഡ് അംഗീകരിക്കുകയും ആ വർഷം ജൂലൈ 31-ന് മുമ്പ് സർക്കാരിന് സമർപ്പിക്കുകയും ചെയ്യണമെന്ന് ചട്ടം 311 അനുശാസിക്കുന്നു.

എന്നിരുന്നാലും, 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിലെ ബോർഡിന്റെ വാർഷിക റിപ്പോർട്ടുകൾ ഇനിയും സർക്കാരിന് സമർപ്പിക്കാനുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 2017-18-ലെ അന്തിമ വാർഷിക റിപ്പോർട്ട്, നാല് വർഷത്തിന് ശേഷം, 2022 മേയിൽ മാത്രമാണ് സമർപ്പിച്ചത്.

കൂടാതെ, ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിനു പ്രതിവർഷം ഓഡിറ്റ് നടത്തുവാൻ വേണ്ടി കണക്കുകളും മറ്റു രേഖകളും ശരിയായ രീതിയിൽ ബോർഡ് പരിപാലിക്കണമെന്നും ഓഡിറ്ററുടെ റിപ്പോർട്ട് സഹിതം കണക്കുകളുടെ ഓഡിറ്റ് ചെയ്യപ്പെട്ട പകർപ്പ് സംസ്ഥാന സർക്കാരിന് ബോർഡ് നൽകുകയും വേണമെന്ന് ബിഒസിഡബ്ല്യു (ആർഇസിഎസ്) നിയമത്തിലെ വകുപ്പ് 27 വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാന സർക്കാർ വാർഷിക റിപ്പോർട്ടും ഓഡിറ്ററുടെ റിപ്പോർട്ടും സംസ്ഥാന നിയമസഭയുടെ മുമ്പാകെ സമർപ്പിക്കും.

അനുബന്ധം 5.1-ൽ കാണിച്ചിരിക്കുന്ന ബോർഡിന്റെ അക്കൗണ്ടുകളുടെ ഓഡിറ്റിന്റെ വിശദാംശങ്ങൾ, ഓഡിറ്റിനായി അക്കൗണ്ടന്റ് ജനറലിന് അക്കൗണ്ടുകൾ സമർപ്പിക്കുന്നതിന് 11 മുതൽ 24 മാസം വരെ കാലതാമസം വരുത്തിയതായി ചൂണ്ടിക്കാണിക്കുന്നു. തൽഫലമായി, ഈ അക്കൗണ്ടുകളുടെ യഥാവിധി അംഗീകരിക്കപ്പെട്ട പ്രത്യേക ഓഡിറ്റ് റിപ്പോർട്ടുകൾ സാമ്പത്തിക വർഷം അവസാനിച്ച് രണ്ടോ മൂന്നോ വർഷത്തിന് ശേഷം മാത്രമാണ് സംസ്ഥാന നിയമസഭയിലേക്ക് അയച്ചത്.

[29] 2022-23-ൽ

ഇക്കാര്യത്തിൽ സർക്കാർ മറുപടി നൽകിയിട്ടില്ല.

5.4. അതിഥി തൊഴിലാളികൾക്കുള്ള ക്ഷേമനിധി

അതിഥി തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്താൻ അതിഥി തൊഴിലാളി ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കേരള സർക്കാർ പുറപ്പെടുവിച്ചു (2010 മാർച്ച്). ഈ ഫണ്ട് ഒരു പ്രത്യേക ഫണ്ടായി ബോർഡ് കൈകാര്യം ചെയ്യുകയും ഒരു ഗുണഭോക്താവിന്റെ മരണം, ഭൗതികശരീരം നാട്ടിലേക്ക് കൊണ്ടുപോകൽ, അപകട ദുരിതാശ്വാസം, ചികിത്സാ സഹായം, ടെർമിനൽ ബെനിഫിറ്റ്, അതിഥി തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കുമുള്ള വിദ്യാഭ്യാസ ഗ്രാന്റ് എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ഉപയോഗിക്കുകയും വേണം.

പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, അതിഥി തൊഴിലാളികൾക്കുള്ള ക്ഷേമനിധിയിലേക്കുള്ള ഫണ്ട് (എ) തൊഴിലാളിയിൽ നിന്ന് പ്രതിവർഷം ₹30 എന്ന നിരക്കിൽ, (ബി) ഒരു തൊഴിലാളിയുടെ വിഹിതത്തിന്റെ മൂന്നുമടങ്ങ് സർക്കാരിൽ നിന്ന്, (സി) ഒരു തൊഴിലാളിയുടെ വിഹിതത്തിന്റെ മൂന്നുമടങ്ങ് ബോർഡിൽ നിന്ന്, എന്നീ മൂന്ന് സ്രോതസ്സുകളിൽ നിന്നുമാണ് സമാഹരിക്കേണ്ടത്. ഈ ഫണ്ടിലേക്ക് 2010-ൽ കേരള സർക്കാർ ₹10 കോടി കോർപ്പസ് ഫണ്ടായി അനുവദിച്ചു.

സംസ്ഥാനത്തേക്ക് കുടിയേറുന്ന നിർമ്മാണത്തൊഴിലാളികളുടെ വിശദാംശങ്ങൾ അടങ്ങിയ സമഗ്രമായ ഒരു ഡാറ്റാബേസ് ബോർഡിന്റെ പക്കലില്ല. പദ്ധതിയുടെ കോർപ്പസ് ഫണ്ടിന് കീഴിൽ 1.65 ലക്ഷം അതിഥി തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ബോർഡ് വ്യക്തമാക്കി. **പട്ടിക 5.3**-ൽ കാണിച്ചിരിക്കുന്നതുപോലെ, 2018–19-നും 2022–23-നും ഇടയിൽ ക്ഷേമ പ്രവർത്തനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി അതിഥി തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് ₹1.69 കോടി ബോർഡ് ചെലവഴിച്ചതായി കണ്ടെത്തി.

പട്ടിക 5.3 : അതിഥി തൊഴിലാളികൾക്കുള്ള ക്ഷേമനിധിയിൽ നിന്ന് ക്ഷേമ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക

സാമ്പത്തിക വർഷം	തുക (₹ ലക്ഷത്തിൽ)
2018-19	15.63
2019-20	31.15
2020-21	41.08
2021-22	33.03
2022-23	48.35
ആകെ	**169.24**

(ഉറവിടം: ബോർഡ് നൽകിയ വിവരങ്ങൾ)

2010 മുതൽ ഈ ഫണ്ടിലേക്ക് സർക്കാർ കൂടുതൽ വകയിരുത്തൽ നടത്തിയില്ല. കൂടാതെ, ക്ഷേമ പ്രവർത്തനങ്ങൾ, ഭരണപരമായ ചെലവുകൾ തുടങ്ങിയ ചെലവുകൾക്ക് പ്രാരംഭ കോർപ്പസ് ഫണ്ടായ ₹10 കോടിയിൽ നിന്നു സമാഹരിച്ച പലിശയിൽ നിന്നാണ് പണം കണ്ടെത്തിയത്.

മേൽപ്പറഞ്ഞ ഫണ്ടിന്റെ വാർഷിക അക്കൗണ്ടുകൾ തൊട്ടടുത്ത വർഷം സെപ്റ്റംബർ 30-നകം അന്തിമമാക്കണമെന്നും മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ, 2018-19 സാമ്പത്തിക വർഷം വരെയുള്ള കണക്കുകൾ മാത്രമായിരുന്നു തയ്യാറാക്കിയതെന്ന് ഓഡിറ്റ് സൂക്ഷ്മപരിശോധനയിൽ കണ്ടെത്തി. കഴിഞ്ഞ അഞ്ച് വർഷമായി അതിഥി തൊഴിലാളികൾക്കുള്ള ക്ഷേമനിധിയുടെ കണക്കുകൾ തയ്യാറാക്കാത്തത് അതിഥി തൊഴിലാളികൾക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സർക്കാർ നൽകിയിരിക്കുന്ന കുറഞ്ഞ പരിഗണനയെ സൂചിപ്പിക്കുന്നു.

കൂടാതെ, ജോയിന്റ് സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത തൊഴിൽ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ഈ അക്കൗണ്ടുകൾ പരിശോധിക്കേണ്ടിയിരുന്നു. എന്നാൽ, മാർഗ്ഗനിർദ്ദേശങ്ങളിലെ 21-ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നതിനു വിരുദ്ധമായി ഈ

പരിശോധന നടത്തുകയുണ്ടായില്ല. ഇക്കാര്യത്തിൽ 2024 സെപ്റ്റംബർ വരെ സർക്കാർ യാതൊരു മറുപടിയും നൽകിയിട്ടില്ല.

5.5. റീവാലിഡേറ്റ് ചെയ്യുന്നതിനായി ശേഷിക്കുന്ന ചെക്കുകൾ/ഡിഡികൾ

സെസ്സ് നിയമങ്ങളിലെ ചട്ടം 5 അനുസരിച്ച്, സെസ്സ് ഈടാക്കുന്ന സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, പ്രാദേശിക അതോറിറ്റി അല്ലെങ്കിൽ സെസ്സ് കളക്ടർ എന്നിവ ഈ വരുമാനം ശേഖരിച്ച് 30 ദിവസത്തിനുള്ളിൽ ബോർഡിലേക്ക് കൈമാറേണ്ടതാണ്. അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ് I)/ഡെപ്യൂട്ടി ലേബർ ഓഫീസർ, സെസ്സ് തുക വിലയിരുത്തുകയും തൊഴിൽ ദാതാവ് സെസ്സ് തുകയ്ക്കായി ശേഖരിച്ച ചെക്കുകൾ/ഡിഡികൾ ഡിഎൽഒമാർക്ക് സമർപ്പിക്കുകയും ചെയ്യും. ഡിഎൽഒമാർ ഈ ചെക്കുകൾ/ഡിഡികൾ തപാൽ വഴി ബോർഡിന് കൈമാറുകയും പിന്നീട് ക്ലിയറൻസിനായി ബോർഡ് ഇവ ബാങ്കുകൾക്ക് സമർപ്പിക്കുകയും ചെയ്യുന്നു.

₹6.72 കോടിയുടെ ചെക്കുകൾ/ഡിഡികൾ വ്യവസ്ഥ ചെയ്തിരിക്കുന്നതു പോലെ ഒരു മാസത്തിനുള്ളിൽ ലഭിക്കുന്നതിന് പകരം, അവയുടെ സാധുതാ കാലയളവ് അവസാനിച്ചതിന് ശേഷം മാത്രമാണ് ബോർഡിന് ലഭിച്ചതെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. അതിനാൽ, ഈ ചെക്കുകൾ/ഡിഡികൾ ഡിഎൽഒമാർക്ക് തിരികെ നൽകുകയും, അവർ അത് റീവാലിഡേറ്റ് ചെയ്യുന്നതിനായി സെസ്സ് അടച്ച വ്യക്തിക്ക് ൽകുകയും ചെയ്തു. ഇവയിൽ, ₹1.31 കോടി (2023 മാർച്ച്) മതിക്കുന്ന ചെക്കുകൾ/ഡിഡികൾ റീവാലിഡേറ്റ് ചെയ്യുകയും ബോർഡിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടില്ല. അവയുടെ വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 5.4**-ൽ കാണിച്ചിരിക്കുന്നു.

പട്ടിക 5.4 : സമയം കഴിഞ്ഞുപോയ ഡിമാൻഡ് ഡ്രാഫ്റ്റുകളും ചെക്കുകളും റീവാലിഡേറ്റ് ചെയ്യുന്നതിലുണ്ടായ കാലതാമസവും ഈടാക്കാൻ ശേഷിക്കുന്ന തുകയും

വർഷം	റീവാലിഡേറ്റ് ചെയ്യുന്നതിനായി അയച്ച ചെക്കുകൾ/ഡിഡികൾ		റീവാലിഡേറ്റ് ചെയ്ത ചെക്കുകൾ/ഡിഡികൾ		റീവാലിഡേറ്റ് ചെയ്യാൻ ശേഷിക്കുന്ന ചെക്കുകൾ/ഡിഡികൾ	
	ഡിഡികൾ/ ചെക്കുകളുടെ എണ്ണം	തുക (₹ കോടിയിൽ)	ഡിഡികൾ/ ചെക്കുകളുടെ എണ്ണം	തുക (₹ കോടിയിൽ)	ഡിഡികൾ /ചെക്കുകളുടെ എണ്ണം	തുക (₹ കോടിയിൽ)
2018-19	312	2.16	233	2.14	79	0.11
2019-20	175	0.46	133	0.39	42	0.07
2020-21	380	1.23	263	0.71	117	0.52
2021-22	136	0.90	105	0.8	31	0.11
2022-23	289	1.97	182	1.47	107	0.50
ആകെ	**1,292**	**6.72**	**916**	**5.51**	**376**	**1.31**

(ഉറവിടം: ബോർഡ് നൽകിയ വിവരങ്ങൾ)

ബോർഡ് പരിപാലിക്കുന്ന റീവാലിഡേറ്റ് ചെയ്യുവാനുള്ള ചെക്കുകളുടെ/ഡിഡികളുടെ രജിസ്റ്ററിന്റെ സൂക്ഷ്മപരിശോധനയിൽ നിന്ന്, **പട്ടിക 5.5**-ൽ കാണിച്ചിരിക്കുന്നതുപോലെ, ഓഡിറ്റ് കാലയളവിൽ ബോർഡിന് ലഭിച്ച ₹6.72 കോടി മതിക്കുന്ന 1,292 ചെക്കുകൾ/ഡിഡികൾ വിവിധ കാരണങ്ങളാൽ റീവാലിഡേഷന് അയച്ചതായി കണ്ടെത്തി.

പട്ടിക 5.5 : വിവിധ കാരണങ്ങളാൽ റീവാലിഡേറ്റ് ചെയ്യുന്നതിനായി അയച്ച ചെക്കുകളുടെ/ ഡിഡികളുടെ വിശദാംശങ്ങൾ

വർഷം	വിവിധ കാരണങ്ങളാൽ റീവാലിഡേറ്റ് ചെയ്യുന്നതിനായി അയച്ച ചെക്കുകളുടെ/ഡിഡികളുടെ എണ്ണം							ആകെ
	കാലഹരണപ്പെട്ട ചെക്കുകൾ /ഡിഡികൾ	പണമടച്ചവരുടെ പേരിലുള്ള വ്യത്യാസം	കൈയ്യൊപ്പിലെ പൊരുത്തക്കേട്	ട്രഷറി സ്വീകരിക്കാത്തത്	കേടുവന്ന ചെക്കുകൾ/ ഡിഡികൾ	സാങ്കേതിക പിഴവുകൾ	കാരണം വ്യക്തമാക്കിയിട്ടില്ലാത്തവ	
2018-19	136	0	12	16	0	0	148	312
2019-20	84	29	19	3	2	0	38	175
2020-21	249	1	7	2	0	42	79	380
2021-22	51	10	17	0	2	0	56	136

വർഷം	വിവിധ കാരണങ്ങളാൽ റീവാലിഡേറ്റ് ചെയ്യുന്നതിനായി അയച്ച ചെക്കുകളുടെ/ഡിഡികളുടെ എണ്ണം							ആകെ
	കാലഹരണപ്പെട്ട ചെക്കുകൾ /ഡിഡികൾ	പണമടച്ചവരുടെ പേരിലുള്ള വ്യത്യാസം	കൈയ്യൊപ്പിലെ പൊരുത്തക്കേട്	ട്രഷറി സ്വീകരിക്കാത്തത്	കേടുവന്ന ചെക്കുകൾ/ ഡിഡികൾ	സാങ്കേതിക പിഴവുകൾ	കാരണം വ്യക്തമാക്കിയിട്ടില്ലാത്തവ	
2022-23	113	49	35	0	5	0	87	289
ആകെ	**633**	**89**	**90**	**21**	**9**	**42**	**408**	**1292**

(ഉറവിടം: ബോർഡ് നൽകിയ വിവരങ്ങൾ)

2014 സെപ്റ്റംബർ 30–ന് ചേർന്ന ബോർഡ് യോഗത്തിൽ ബോർഡിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് സെസ്സ് അടയ്ക്കുന്ന ഓൺലൈൻ സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചതായും ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, ഒമ്പത് വർഷം കഴിഞ്ഞിട്ടും മേൽപ്പറഞ്ഞ സംവിധാനം ആരംഭിച്ചിരുന്നില്ല. ഓൺലൈൻ പേയ്മെന്റിലേക്ക് മാറുന്നത്, ചെക്കുകൾ/ഡിഡികൾ ബോർഡിലേക്ക് ഡിഎൽഒമാർ കൈമാറുന്നതിലുള്ള കാലതാമസം ഒഴിവാക്കുകയും അതുവഴി ബോർഡിന്റെ അക്കൗണ്ടിൽ സെസ്സ് തുക സമയബന്ധിതമായി നിക്ഷേപിക്കാൻ സൗകര്യമൊരുക്കുകയും ചെയ്യും.

₹71.51 ലക്ഷം വരുന്ന 347 ചെക്കുകൾ/ഡിഡികൾ ഇപ്പോഴും റീവാലിഡേറ്റ് ചെയ്യാനായി ബാക്കിയുണ്ടെന്നും എത്രയും വേഗം പ്രശ്നം പരിഹരിക്കാൻ ആത്മാർത്ഥമായ ശ്രമങ്ങൾ നടക്കുന്നുണ്ടെന്നും സർക്കാർ പ്രസ്താവിച്ചു (2022 ഡിസംബർ).

5.6. ബിഒസിഡബ്ല്യുഡബ്ല്യുബി എറണാകുളം ജില്ലാ ഓഫീസ് കെട്ടിടത്തിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ഉപയോഗിക്കാത്തത് സംബന്ധിച്ച്

ക്ഷേമ നടപടികൾക്കായി സെസ്സ് ഫണ്ട് വിനിയോഗിക്കുന്നതിനെക്കുറിച്ച് നിയമത്തിലെ 22–ാം വകുപ്പ് പ്രത്യേകം പരാമർശിക്കുന്നു. കൂടാതെ, കേരള ചട്ടങ്ങളിലെ ചട്ടം 309–നെ , ചട്ടം 310(2)–നോടൊപ്പം ചേർത്തു വായിക്കുമ്പോൾ, സർക്കാരിന്റെ മുൻകാല അനുമതിയില്ലാതെ ഫണ്ട് മറ്റൊരു ആവശ്യത്തിനും ചെലവഴിക്കരുതെന്നും ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി സർക്കാർ ചെലവഴിക്കുന്ന തുക വായ്പയായി കണക്കാക്കണമെന്നും അത് ഫണ്ടിന്റെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ടിൽ നിന്ന്



ചിത്രം 5.1 : വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്ന ഇടപ്പള്ളിയിലുള്ള ബിഒസിഡബ്ല്യുഡബ്ല്യുബി എറണാകുളം ജില്ലാ ഓഫീസ് കെട്ടിടത്തിന്റെ രണ്ടാം നില. 2023 ഒക്ടോബർ 11 –ന് ഓഡിറ്റ് പാർട്ടി എടുത്ത ചിത്രം.

ചിത്രം 5.2 : വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്ന ഇടപ്പള്ളിയിലുള്ള ബിഒസിഡബ്ല്യുഡബ്ല്യുബി എറണാകുളം ജില്ലാ ഓഫീസ് കെട്ടിടത്തിന്റെ മൂന്നാം നില. 2023 ഒക്ടോബർ 11 –ന് ഓഡിറ്റ് പാർട്ടി എടുത്ത ചിത്രം.

തിരിച്ചടക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു.

എറണാകുളം ജില്ലയിലെ ഇടപ്പള്ളിയിൽ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 18.48 സെന്റ് സ്ഥലത്ത് ബഹുനില ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകി (2010 ഡിസംബർ). കെട്ടിടത്തിന്റെ ഒരു ഭാഗം ബോർഡിന്റെ ഓഫീസിന്റെ പ്രവർത്തനത്തിന് ഉപയോഗിക്കാനും ബാക്കിയുള്ള സ്ഥലം മറ്റ് ക്ഷേമനിധി

ബോർഡുകൾക്ക് വാടകയ്ക്ക് നൽകുക വഴി വരുമാനം നേടാനും നിർദ്ദേശിക്കുകയുണ്ടായി. ആകെ 1,243.84 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള നാല് നില കെട്ടിടം ₹3.41 കോടി ചെലവിൽ പൂർത്തിയാക്കി 2014 മേയ് 31-ന് ഉദ്ഘാടനം ചെയ്തു.

ചട്ടങ്ങൾ ലംഘിച്ച്, കെട്ടിട നിർമ്മാണത്തിന് ചെലവായ തുക വായ്പയായി കണക്കാക്കാതെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ടിൽ നിന്ന് തിരിച്ചടച്ചു എന്നു ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, പ്രസ്തുത കെട്ടിടം പത്ത് വർഷം പിന്നിട്ടിട്ടും (2024 ജൂലൈ) പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല. കെട്ടിടത്തിന്റെ താഴത്തെ നിലയും ഒന്നാം നിലയും മാത്രമാണ് ഉപയോഗിച്ചിരുന്നത്[30], കെട്ടിടത്തിന്റെ രണ്ടും മൂന്നും നിലകൾ ഉപയോഗശൂന്യമായി കിടക്കുകയും തത്ഫലമായി ഈ രണ്ട് നിലകളുടെ നിർമ്മാണത്തിന്റെ ചെലവായ ₹61.92 ലക്ഷം നിഷ്ക്രിയ നിക്ഷേപമായി. വരുമാനം നേടുന്നതിനായി കെട്ടിടത്തിന്റെ നിലകൾ വാടകയ്ക്ക് കൊടുക്കുക എന്നതായിരുന്നു ബോർഡിന്റെ ഉദ്ദേശ്യമെങ്കിലും, 2022 ജൂൺ വരെ ഓരോ നിലകൾക്കായി പ്രത്യേക കെട്ടിട നമ്പറുകൾ ബോർഡ് നേടിയിട്ടില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

കൂടാതെ, 2022 ഏപ്രിലിൽ, ബോർഡ് സെക്രട്ടറിയുടെ ഉത്തരവനുസരിച്ച്, ഡിഇഒ എറണാകുളം ഒഴിഞ്ഞുകിടക്കുന്ന ഓഫീസ് സ്ഥലം ഉപയോഗപ്പെടുത്താൻ താൽപ്പര്യം ആരാഞ്ഞുകൊണ്ട് 11 ഇൻഷുറൻസ് കമ്പനികൾക്കും / ധനകാര്യ സ്ഥാപനങ്ങൾക്കും നാല് വെൽഫെയർ ബോർഡുകൾക്കും കത്തുകൾ അയച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഒരു സ്ഥാപനത്തിൽ[31] നിന്നുമാത്രമേ പ്രതികരണം ലഭിച്ചുള്ളൂവെങ്കിലും വാടക വരുമാനം ലഭിക്കുന്നതിനായി ഒഴിഞ്ഞുകിടക്കുന്ന നിലകൾ വാടകയ്ക്ക് നൽകാൻ ബോർഡിന് കഴിഞ്ഞിട്ടില്ല.

ഉപയോഗത്തിലില്ലാത്ത നിലകൾ സർക്കാരിന്റെയോ, ബോർഡ്/സ്വകാര്യ സ്ഥാപനങ്ങളുടെയോ, ഉടമസ്ഥതയിലുള്ള ഏതൊരു സ്ഥാപനത്തിനും വാടകയ്ക്ക് നൽകാൻ 2022 നവംബറിൽ ചേർന്ന യോഗത്തിൽ ബോർഡ് തീരുമാനിച്ചതായി സർക്കാർ ഓഡിറ്റിനെ അറിയിച്ചു (2022 ഡിസംബർ). ഒഴിഞ്ഞു കിടക്കുന്ന സ്ഥലം ഏതാനും മാസങ്ങൾക്കുള്ളിൽ മറ്റു ക്ഷേമ ബോർഡുകൾക്ക് കൈമാറുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണെന്ന് 2024 ജൂലൈയിൽ നടന്ന സമാപനകൂടിക്കാഴ്ചയിൽ പ്രസ്താവിച്ചിരുന്നെങ്കിലും, നാളിതുവരെയായും ഇതു നടപ്പാക്കിയിട്ടില്ല.

5.7. കേരള കൺസ്ട്രക്ഷൻ അക്കാദമിക്കായി വാങ്ങിയ ഭൂമിയുമായി ബന്ധപ്പെട്ട് ഫണ്ട് തടസപ്പെട്ടു കിടക്കുന്നത്

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന് കീഴിൽ ഒരു അക്കാദമി നിർമ്മിക്കുന്നതിന് കേരള സർക്കാർ അനുമതി നൽകി (2009 ഓഗസ്റ്റ്). നിർമ്മാണ തൊഴിലാളികൾക്ക് നിർമ്മാണത്തിലും മറ്റ് അനുബന്ധ മേഖലകളിലും ആധുനിക പരിശീലനം നൽകാനും സാങ്കേതിക പരിശീലനവും വിവിധ പ്രവൃത്തിപരിചയ കോഴ്സുകളും ലഭ്യമാക്കാനും ബിൽഡിംഗ് ടെക്നോളജി, ഫെസിലിറ്റി മാനേജ്മെന്റ്, കൺസ്ട്രക്ഷൻ മാനേജ്മെന്റ് മുതലായവയിൽ ബിരുദം/മാസ്റ്റർ ഡിഗ്രി/ഡിപ്ലോമ കോഴ്സുകൾ നടത്താനുമായിരുന്നു അക്കാദമിയുടെ ഉദ്ദേശ്യം. അക്കാദമിയുടെ നിർമ്മാണത്തിനായി ₹100 കോടിയുടെ നിർദ്ദിഷ്ട തുകയിൽ 50 ശതമാനം കേന്ദ്ര സർക്കാർ ഒറ്റത്തവണ ഗ്രാന്റായും 25 ശതമാനം വീതം ബോർഡും കേരള സർക്കാരും വഹിക്കേണ്ടിയിരുന്നു.

കേരള കൺസ്ട്രക്ഷൻ അക്കാദമി (അക്കാദമി) സ്ഥാപിക്കുന്നതിനായി ബോർഡ് കൊല്ലം ജില്ലയിലെ മീനാട് വില്ലേജിൽ ₹14.95 കോടിയ്ക്ക് 10 ഏക്കർ ഭൂമി വാങ്ങി[32](2011 ഫെബ്രുവരി).

[30] താഴത്തെ നില റിസപ്ഷൻ ഏരിയയായും ഒന്നാം നില എറണാകുളത്തെ ബോർഡിന്റെ ജില്ലാ ഓഫീസായും ഉപയോഗിക്കുന്നു.

[31] കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

[32] ഈ പ്ലോട്ടിൽ നിന്ന് 27.5 സെന്റ് സ്ഥലം പിന്നീട് ദേശീയപാത 66-ന്റെ വികസനത്തിനായി ഏറ്റെടുത്തു.

ട്രാവൻകൂർ കൊച്ചി ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട്, 1955 പ്രകാരം അക്കാദമി രജിസ്റ്റർ ചെയ്യുകയും 2011 മാർച്ചിൽ തറക്കല്ലിടുകയും ചെയ്തു. എന്നാൽ, പിന്നീട് അക്കാദമിയുടെ നിർമ്മാണത്തിൽ പുരോഗതിയുണ്ടായില്ല.

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലെൻസ് നേരത്തേ തന്നെ നിലവിൽ വന്നതിനാൽ, അക്കാദമി സ്ഥാപിക്കുന്നതിനുള്ള പദ്ധതി അവസാനിപ്പിക്കുന്നത് ബോർഡിന് പരിഗണിക്കാമെന്ന് 2017 ജനുവരിയിൽ സർക്കാർ നിർദ്ദേശിച്ചു. എന്നാൽ, 2017 മാർച്ചിൽ ചേർന്ന ബോർഡ് യോഗത്തിൽ, വാങ്ങിയ സ്ഥലത്ത് നിർദിഷ്ട അക്കാദമിയുടെ നിർമ്മാണവുമായി മുന്നോട്ടുപോകാൻ തീരുമാനമായി. പദ്ധതിയുടെ ഡിപിആർ തയ്യാറാക്കാൻ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും (2018 ഡിസംബർ) പ്രസ്തുത ഡിപിആർ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു (2021 മാർച്ച്). ഡിപിആറിൽ പുതിയ കോഴ്സായ കാർപെന്ററി സർട്ടിഫിക്കറ്റ് പ്രോഗ്രാം ഉൾപ്പെടുത്തുന്നതിന് വിധേയമായി, സർക്കാർ ഡിപിആർ-ന് അംഗീകാരം നൽകി (2022 മാർച്ച്). എന്നാൽ, ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതുവരെ അക്കാദമിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും താൽക്കാലികമായി നിർത്തി വെയ്ക്കാൻ 2022 നവംബറിൽ സർക്കാർ നിർദ്ദേശിച്ചു.

വാങ്ങിയ ഭൂമിയിൽ നാളിതുവരെ ബോർഡ് ഒരു പ്രവർത്തനവും നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2024 മേയ്). പദ്ധതി പരിഗണിച്ചു കൊണ്ടിരുന്ന സമയത്ത് ബോർഡിന്റെ സാമ്പത്തിക സ്ഥിതി വളരെ മെച്ചമായിരുന്നതിനാലാണ് 10 ഏക്കർ ഭൂമി വാങ്ങാൻ സാധിച്ചതെന്ന് മറുപടിയിൽ ബോർഡ് സെക്രട്ടറി പ്രസ്താവിച്ചു. ബോർഡിന്റെ വരുമാനം ഇപ്പോൾ തൊഴിലാളികൾക്ക് പെൻഷൻ/മറ്റ് ക്ഷേമാനുകൂല്യങ്ങൾ വിതരണം ചെയ്യാൻ ബുദ്ധിമുട്ടുള്ള തലത്തിലേക്ക് താഴ്ന്നതിനാൽ, പദ്ധതിയുമായി മുന്നോട്ടുപോകാൻ ബോർഡിന് കഴിയുന്നില്ല.

പദ്ധതിയുമായി മുന്നോട്ടുപോകുമെന്ന നിലപാട് 2017-ൽ ബോർഡ് തന്നെ ആവർത്തിച്ച സാഹചര്യത്തിൽ ഈ മറുപടി സ്വീകാര്യമല്ല. സർക്കാരിന്റെ/ബോർഡിന്റെ ഭാഗത്ത് നിന്നുള്ള മുൻകൈയും സമയോചിതമായ നടപടിയും ഇല്ലാത്തതിനാൽ കഴിഞ്ഞ 13 വർഷമായി ₹14.95 കോടിയുടെ തുക തടസ്സപ്പെട്ടു കിടക്കുന്നതിന് പുറമെ പദ്ധതിയുടെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കപ്പെടാതെ പോയി. കൂടാതെ, നിർമ്മാണ തൊഴിലാളികൾക്ക് നൈപുണ്യ വികസനത്തിൽ പരിശീലനം നൽകുന്നതിനുള്ള ഒരു ബദൽ ക്രമീകരണം ഇതുവരെ സർക്കാർ/ബോർഡ് രൂപപ്പെടുത്തിയിട്ടില്ല.

5.8. ആദായ നികുതിയിൽ അനുവദനീയമായ ഇളവുകൾ ഉപയോഗപ്പെടുത്താത്തതിനാലുണ്ടായ ₹20.40 കോടിയുടെ നഷ്ടം

1961-ലെ ആദായനികുതി നിയമത്തിലെ വകുപ്പ് 10 (46) പ്രകാരം, ഒരു വ്യക്തിയുടെ മുൻവർഷത്തെ വരുമാനം കണക്കാക്കുമ്പോൾ "(എ) ഒരു കേന്ദ്ര, സംസ്ഥാന, പ്രവിശ്യയുടെ നിയമ പ്രകാരമോ, നിയമത്തിന് കീഴിലോ രൂപീകരിച്ചതോ, അല്ലെങ്കിൽ പൊതുജനങ്ങളുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ രൂപീകരിച്ചവയോ (ബി) ഒരു വാണിജ്യ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിട്ടില്ലാത്തവയോ (സി) ഈ വ്യവസ്ഥയുടെ ആവശ്യങ്ങൾക്കായി കേന്ദ്ര സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്തവയോ ആയ ഒരു ബോഡി, അതോറിറ്റി, ബോർഡ്, ട്രസ്റ്റ്, കമ്മീഷൻ, ക്ലാസ് എന്നിവയിൽ നിന്ന് ഉണ്ടാകുന്ന നിർദ്ദിഷ്ട വരുമാനം" എന്ന നിബന്ധനക്ക് കീഴിൽ വരുന്ന വരുമാനം ഉൾപെടുത്താൻ പാടുള്ളതല്ല.

മേൽപ്പറഞ്ഞ വ്യവസ്ഥ പ്രകാരം, ബോർഡിന്റെ വരുമാനം ആദായനികുതിയിൽ നിന്ന് ഒഴിവാക്കേണ്ടതായിരുന്നു. എന്നാൽ, യഥാസമയം ഇളവിനുള്ള അപേക്ഷ സമർപ്പിക്കാത്തതിനാൽ, ബോർഡിന് ലഭിക്കുന്ന പലിശയിൽ നിന്നും ബാങ്കുകൾ ആദായ നികുതി ഈടാക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 2018-19 മുതൽ 2022-23

വരെയുള്ള ഓഡിറ്റ് കാലയളവിൽ ആദായനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ **പട്ടിക 5.6**–ൽ കാണിച്ചിരിക്കുന്നു.

പട്ടിക 5.6 : 2018–19 മുതൽ 2022–23 വരെയുള്ള കാലയളവിൽ ആദായനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ

വർഷം	പലിശയിൻമേലുള്ള ടിഡിഎസ് (₹)
2018-19	7,89,94,917
2019-20	5,67,88,683
2020-21	5,46,15,109
2021-22	77,01,703
2022-23	59,15,529
ആകെ	**20,40,15,941**

(ഉറവിടം: ബോർഡിന്റെ വാർഷിക അക്കൗണ്ടുകൾ)

ആദായനികുതി നിയമത്തിലെ പ്രസക്തമായ വ്യവസ്ഥകൾ പ്രകാരമുള്ള ഇളവ് പ്രയോജനപ്പെടുത്തുന്നതിൽ ബോർഡിന്റെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായത് ₹20.40 കോടിയുടെ നഷ്ടത്തിനും തുടർന്ന് ബോർഡിന്റെ സാമ്പത്തിക കമ്മി വർദ്ധിക്കുന്നതിനും കാരണമായി.

2013–18 മുതലുള്ള അസസ്സ്മെന്റ് വർഷങ്ങളിലെ ആദായനികുതി വകുപ്പിന്റെ ഡിമാൻഡുകൾക്കെതിരായ അപ്പീലുകൾ ആദായനികുതി (അപ്പീൽസ്) കമ്മീഷണറുടെ മുമ്പാകെ തീർപ്പാക്കാതെ കിടക്കുകയാണെന്ന് സർക്കാർ മറുപടി നൽകി (2022 ഡിസംബർ). വകുപ്പ് 10(46) പ്രകാരം ഇളവിനുള്ള അപേക്ഷ 2015 ഡിസംബറിൽ നൽകിയിട്ടുണ്ടെന്നും അതിനു അംഗീകാരം ലഭിച്ചിട്ടില്ലെന്നും ആദായനികുതി (ഐടി) വകുപ്പിൽ നിന്ന് രേഖാമൂലമുള്ള മറുപടി ലഭിക്കാത്തതിനാൽ ബോർഡിന് ഇക്കാര്യത്തിൽ തുടർ നടപടികളൊന്നും സ്വീകരിക്കാൻ കഴിയില്ലെന്നും സർക്കാർ പ്രസ്താവിച്ചു.

നികുതി ഇളവിനായി അപേക്ഷ സമർപ്പിച്ച് ഒമ്പത് വർഷം പിന്നിട്ടിട്ടും, ഐടി വകുപ്പിൽ നിന്ന് അംഗീകാരം നേടുന്നതിനും ബോർഡിന് വരുമാനമായി ലഭിക്കുന്ന പലിശയിൽ നിന്നും ഈടാക്കിയ ടിഡിഎസിന്റെ റീഫണ്ട് നേടുന്നതിനും ബോർഡ് കാര്യമായ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അതോടൊപ്പം ബോർഡിന്റെ ഫണ്ടിൽ നിന്നുള്ള ₹20.40 കോടി തടസ്സപ്പെട്ടുകിടക്കാനും ഇത് കാരണമായി.

5.9. സംസ്ഥാന ഉപദേശക സമിതിയുടെയും വിദഗ്ദ്ധ സമിതിയുടെയും പ്രവർത്തനം

ബിഒസിഡബ്ല്യു (ആർഇസിഎസ്) നിയമത്തിന്റെ 4, 5 വകുപ്പുകൾ അനുസരിച്ച്, സർക്കാർ, നിയമത്തിന്റെ നടപ്പിലാക്കലുമായി ബന്ധപ്പെട്ട് സർക്കാരിനു മുന്നിൽ പരാമർശിക്കപ്പെട്ട വിഷയങ്ങളിൽ സംസ്ഥാന സർക്കാരിനെ ഉപദേശിക്കാൻ സംസ്ഥാന ഉപദേശക സമിതിയും വിദഗ്ദ്ധ സമിതിയും രൂപീകരിക്കണം. ഒരു അദ്ധ്യക്ഷൻ, സംസ്ഥാന നിയമസഭയിലെ രണ്ട് അംഗങ്ങൾ, കേന്ദ്ര സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു അംഗം, ചീഫ് ഇൻസ്പെക്ടർ എന്നിവരും, തൊഴിൽ ദാതാക്കൾ, കെട്ടിട തൊഴിലാളികൾ, അപകട ഇൻഷ്വറൻസ് സ്ഥാപനങ്ങൾ മുതലായവയെ പ്രതിനിധീകരിച്ച് സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളും[33] അടങ്ങുന്നതായിരിക്കണം സംസ്ഥാന ഉപദേശക സമിതി. 2015 നവംബറിൽ മാത്രമാണ് സംസ്ഥാനത്ത്, സംസ്ഥാന ഉപദേശക സമിതി രൂപീകരിച്ചതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഈ സമിതിയിൽ ചെയർമാനായി തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയും സംസ്ഥാന നിയമസഭയെ പ്രതിനിധീകരിച്ചുള്ള അംഗങ്ങൾ, കേന്ദ്ര സർക്കാർ നോമിനി, ലേബർ കമ്മീഷണർ, തൊഴിൽ ദാതാക്കളുടെയും കെട്ടിട നിർമ്മാണ തൊഴിലാളികളുടെയും പ്രതിനിധികൾ എന്നിവരും അംഗങ്ങളായി

[33] ഏഴിൽ കുറയാതെയും 11–ൽ കൂടാതെയും

ഉൾപ്പെട്ടിരുന്നു. എന്നാൽ, 2018 നവംബർ 9-ന് കമ്മിറ്റിയുടെ മൂന്ന് വർഷത്തെ കാലാവധി അവസാനിച്ചതിന് ശേഷം, കമ്മിറ്റി ഇതുവരെ പുനഃസംഘടിപ്പിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2023 ഓഗസ്റ്റ്).

ബിഒസിഡബ്ല്യു (ആർഇസിഎസ്) നിയമത്തിന് കീഴിലുള്ള ചട്ടങ്ങൾ നിർമ്മിക്കുന്നതിന് സർക്കാരിനെ ഉപദേശിക്കുന്നതിനായി കെട്ടിടനിർമ്മാണത്തിലോ മറ്റ് നിർമ്മാണ പ്രവൃത്തികളിലോ പ്രത്യേകം യോഗ്യതയുള്ള വ്യക്തികൾ ഉൾപ്പെടുന്ന ഒരു വിദഗ്ദ്ധ സമിതിയുടെ രൂപീകരണവും ബിഒസിഡബ്ല്യു (ആർഇസിഎസ്) നിയമം വിഭാവനം ചെയ്യുന്നു. 2011 സെപ്റ്റംബർ 14-ന് ചെയർമാനായി തൊഴിൽ, പുനരധിവാസ വകുപ്പ് സെക്രട്ടറിയും, നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി, ചീഫ് എഞ്ചിനീയർ ബിൽഡിംഗ് ആന്റ് വർക്ക്സ്, ലേബർ കമ്മീഷണർ, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് സെക്രട്ടറി എന്നിവരും അംഗങ്ങളായി വിദഗ്ദ്ധ സമിതി സംസ്ഥാനത്ത് രൂപീകരിച്ചു.

വിദഗ്ദ്ധ സമിതിയുടെ ആദ്യ യോഗം 2011 ഒക്ടോബർ 15-ന് നടന്നതായി രേഖകളുടെ സൂക്ഷ്മപരിശോധനയിൽ നിന്നും ഓഡിറ്റ് കണ്ടെത്തി. നീണ്ട 12 വർഷത്തെ ഇടവേളയ്ക്ക് ശേഷം 2023 ജൂലൈ 5-ന് ലേബർ കമ്മീഷണർ, അഡീഷണൽ ലോ സെക്രട്ടറി, ബോർഡ് സെക്രട്ടറി, തൊഴിൽ വകുപ്പ് ജോയിന്റ് സെക്രട്ടറി എന്നിവർ പങ്കെടുത്ത അടുത്ത യോഗം ചേർന്നു. എന്നാൽ, നിയമത്തിൽ വിഭാവനം ചെയ്തിട്ടുള്ള നിർമ്മാണ പ്രവൃത്തികളിൽ വിദഗ്ദ്ധരായ വ്യക്തികളുടെ പങ്കാളിത്തം ഇവയിൽ ഉണ്ടായിരുന്നില്ല.

നിയമങ്ങൾ/ചട്ടങ്ങൾ എന്നിവയിൽ വ്യക്തമാക്കിയ പ്രകാരം സ്റ്റാറ്റ്യൂട്ടറി കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുകയും പതിവായി യോഗം ചേരുകയും ചെയ്തില്ലെങ്കിൽ അത് അവയുടെ ഘടനയെയും, സർക്കാരിന്റെ ഉപദേശക സമിതികളായുള്ള പ്രവർത്തനത്തെയും ദോഷമായി ബാധിക്കും. ഇക്കാര്യത്തിൽ 2024 സെപ്റ്റംബർ 24 വരെ സർക്കാർ മറുപടിയൊന്നും നൽകിയിട്ടില്ല.

5.10. മേൽനോട്ടത്തിലെ അപാകതകൾ

കേരള ചട്ടങ്ങളിലെ ചട്ടം 29 (1) പ്രകാരം നിർമ്മാണ ജോലികൾ ആരംഭിക്കുന്നതിന് മുപ്പത് ദിവസത്തിന് മുൻപ് തൊഴിൽ ദാതാവ്, ഇൻസ്പെക്ടർമാർക്ക്[34] നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദിഷ്ട തീയതി അറിയിച്ചുകൊണ്ട് ഫോറം IV-ൽ ഒരു അറിയിപ്പ് സമർപ്പിക്കേണ്ടതുണ്ട്. കൂടാതെ, ഫോറം IV ഫയൽ ചെയ്തില്ലെങ്കിൽ, നിയമത്തിലെ വകുപ്പ് 48 പ്രകാരം തടവോ ₹2,000 പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ വ്യവസ്ഥ ചെയ്യുന്നു. പിഴ ചുമത്തുന്നതിന് മുമ്പ് തൊഴിലുടമകൾക്ക് ഇത് സംബന്ധിച്ച് നോട്ടീസ് നൽകാനും ഈ നിയമത്തിലെ വകുപ്പ് 50 (3) അനുശാസിക്കുന്നു. തൊഴിലുടമകളിൽ നിന്ന് ഫോറം IV സ്വീകരിക്കുന്നത് നിരീക്ഷിക്കുന്നതിനോ നിയമവ്യവസ്ഥകളിൽ വ്യക്തമാക്കിയിട്ടുള്ള പിഴ ചുമത്തുന്നതിനോ ഒരു സംവിധാനവും നിലവിലില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. തൽഫലമായി, ആരംഭിക്കാൻ ഉദ്ദേശിക്കുന്ന നിർമ്മാണങ്ങളുടെ എണ്ണത്തെക്കുറിച്ചും നിർമ്മാണത്തിന് ഈടാക്കേണ്ട സെസ്സിനെക്കുറിച്ചും വകുപ്പിനോ ബോർഡിനോ അറിവുണ്ടായിരുന്നില്ല. ഇക്കാര്യത്തിൽ 2024 സെപ്റ്റംബർ വരെ സർക്കാർ മറുപടിയൊന്നും നൽകിയിട്ടില്ല.

5.11. നിർമ്മാണ പ്രവൃത്തികളുടെ പരിശോധനയിലെ പോരായ്മകൾ

ബിഒസിഡബ്ല്യു (ആർഇസിഎസ്) നിയമത്തിലെ 42(2), (3) വകുപ്പുകൾ പ്രകാരം, സംസ്ഥാന സർക്കാരിന് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനായി വിജ്ഞാപനം മുഖേന ഒരു ഗസറ്റഡ് ഓഫീസറെ ചീഫ് ഇൻസ്പെക്ടറായും മറ്റ് ഓഫീസർമാരെ ഇൻസ്പെക്ടർമാരായും നിയമിക്കാം. ഇവർക്ക് ഈ നിയമത്തിലെ

[34] എറണാകുളം, കോഴിക്കോട് ജില്ലകളിലെ പ്രാദേശിക ജോയിന്റ് ലേബർ കമ്മീഷണർമാർ, മലപ്പുറം ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)

നിബന്ധനകൾ യഥാക്രമം സംസ്ഥാനത്തും പ്രാദേശിക പരിധികളിലും ഫലപ്രദമായി നടപ്പാക്കുന്നതിനു ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണ്. നിയമപ്രകാരം സൂക്ഷിക്കേണ്ടതും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമായ ഏതൊരു രജിസ്റ്ററോ റെക്കാർഡോ നോട്ടീസുകളോ പരിശോധിക്കുന്നതിനായി ഒരു ഇൻസ്പെക്ടർക്ക് കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന പരിസരത്തേക്ക് അല്ലെങ്കിൽ സ്ഥലത്തേക്ക് പ്രവേശിക്കാൻ വകുപ്പ് 43 (എ) അധികാരം നൽകുന്നു.

ലേബർ കമ്മീഷണർ പുറപ്പെടുവിച്ച (2015 മേയ്) സർക്കുലറിൽ ആറ് ജില്ലകളിലെ[35] ജില്ലാ ലേബർ ഓഫീസർമാർ പ്രതിമാസം കുറഞ്ഞത് 10 പരിശോധനകളെങ്കിലും നടത്തണമെന്നും മറ്റ് ജില്ലകളിൽ ജില്ലാ ലേബർ ഓഫീസർമാർ പ്രതിമാസം അഞ്ച് പരിശോധനകളെങ്കിലും നടത്തണമെന്നും, ലേബർ കമ്മീഷണർക്ക് കൃത്യമായി റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശിക്കുന്നു.

രജിസ്റ്റർ ചെയ്ത നിർമ്മാണ പ്രവർത്തനങ്ങളുടെ എണ്ണം, നടത്തേണ്ടതും യഥാർത്ഥത്തിൽ നടത്തിയതുമായ പരിശോധനകളുടെ എണ്ണം, പിഴ ചുമത്തിയ കേസുകളുടെ എണ്ണം എന്നിവ **പട്ടിക 5.7-ൽ** നൽകിയിരിക്കുന്നു.

പട്ടിക 5.7 : തെരഞ്ഞെടുത്ത ജില്ലകളിൽ രജിസ്റ്റർ ചെയ്ത നിർമ്മാണ പ്രവൃത്തികളുടെ എണ്ണം, വർഷംതോറും നടത്തേണ്ടതും യഥാർത്ഥത്തിൽ നടത്തുന്നതുമായ പരിശോധനകളുടെ എണ്ണം, ചുമത്തിയ പിഴ എന്നിവയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ

വർഷം	എറണാകുളം				കോഴിക്കോട്				മലപ്പുറം			
	രജിസ്റ്റർ ചെയ്ത നിർമ്മാണ പ്രവർത്തനങ്ങളുടെ എണ്ണം	നടത്തേണ്ട പരിശോധനകളുടെ എണ്ണം	നടത്തിയ പരിശോധനകളുടെ യഥാർത്ഥ എണ്ണം	പിഴ ചുമത്തിയ കേസുകളുടെ എണ്ണം	രജിസ്റ്റർ ചെയ്ത നിർമ്മാണപ്രവർത്തനങ്ങളുടെ എണ്ണം	നടത്തേണ്ട പരിശോധനകളുടെ എണ്ണം	നടത്തിയ പരിശോധനകളുടെ എണ്ണം	പിഴ ചുമത്തിയ കേസുകളുടെ എണ്ണം	രജിസ്റ്റർ ചെയ്ത നിർമ്മാണപ്രവർത്തനങ്ങളുടെ എണ്ണം	നടത്തേണ്ട പരിശോധനകളുടെ എണ്ണം	നടത്തിയ പരിശോധനകളുടെ എണ്ണം	പിഴ ചുമത്തിയ കേസുകളുടെ എണ്ണം
2018	80	120	50	ഇല്ല	48	120	15	ഇല്ല	17	60	19	ഇല്ല
2019	59	120	39	ഇല്ല	244	120	40	ഇല്ല	202	60	100	ഇല്ല
2020	30	120	6	ഇല്ല	89	120	ഇല്ല	ഇല്ല	20	60	ഇല്ല	ഇല്ല
2021	48	120	4	ഇല്ല	20	120	8	ഇല്ല	18	60	ഇല്ല	ഇല്ല
2022	59	120	1	ഇല്ല	21	120	1	ഇല്ല	17	60	1	ഇല്ല
ആകെ	**276**	**600**	**100**	ഇല്ല	**422**	**600**	**64**	ഇല്ല	**274**	**300**	**120**	ഇല്ല

(ഉറവിടം: തൊഴിലും നൈപുണ്യവും വകുപ്പിൽ നിന്ന് ലഭിച്ച വിവരങ്ങൾ)

പരിശോധന നടത്തിയ ജില്ലകളിലെ ഡിഎൽഒമാർ ലേബർ കമ്മീഷണർ പുറപ്പെടുവിച്ച സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതായും നിശ്ചിത പ്രതിമാസ പരിശോധനകൾ നടത്തുന്നതിൽ പരാജയപ്പെട്ടതായും കണ്ടു.

മലപ്പുറം ജില്ലയിൽ ഓഡിറ്റ് പരിശോധിച്ച നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട, 26 ഫയലുകളിൽ ഒരു കേസിൽ മാത്രമാണ് പരിശോധനയ്ക്ക് ശേഷം നൽകിയ നോട്ടീസിനുള്ള മറുപടി ലഭിച്ചതായി കണ്ടത്. പരിശോധനയ്ക്ക് ശേഷം നൽകിയ രണ്ട് നോട്ടീസുകളുടെ കാര്യത്തിൽ, തൊഴിൽ വകുപ്പ് നൽകിയ വിലാസം അപൂർണ്ണമായതിനാൽ തപാൽ വകുപ്പ് നോട്ടീസ് മടക്കി അയയ്ക്കുകയുണ്ടായി. നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെട്ട തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ലംഘനങ്ങൾ ഒന്നും പരിഹരിച്ചുവെന്ന് ഉറപ്പാക്കാൻ ഡിഎൽഒമാർ ഒരു തുടർനടപടിയും നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

[35] തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ

എറണാകുളം ജില്ലയിൽ 27 ഫയലുകൾ പരിശോധിച്ചതിൽ 25 നിർമ്മാണ പ്രവർത്തനങ്ങളിൽ നോട്ടീസിൽ നൽകിയ നിർദ്ദേശം പാലിച്ചിരുന്നു. കോഴിക്കോട് ജില്ലയിൽ 29 ഫയലുകൾ പരിശോധിച്ചതിൽ നിയമലംഘനം ശ്രദ്ധയിൽപ്പെട്ടിട്ടും രണ്ട് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നില്ല. കൂടാതെ, 21 നിർമ്മാണ പ്രവർത്തനങ്ങളിൽ സുരക്ഷാ മാനദണ്ഡങ്ങൾ സംബന്ധിച്ച് ഡിഎൽഒയുടെ നിർദ്ദേശങ്ങൾ പാലിച്ചിരുന്നില്ല.

സുരക്ഷാ മാനദണ്ഡങ്ങൾ ലംഘിച്ചതായി കണ്ടെത്തിയ സന്ദർഭങ്ങളിൽ പിഴ ഈടാക്കിയില്ലെന്നാണ് ഓഡിറ്റ് കണ്ടെത്തിയത്.

വകുപ്പിന്റെ നിരീക്ഷണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ പരിശോധനകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തതായി സമാപന കൂടിക്കാഴ്ചയിൽ സർക്കാർ പ്രസ്താവിച്ചു (2024 ജൂലൈ).

ശിപാർശ 10: നിയമത്തിലും ചട്ടങ്ങളിലും നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം നിർമ്മാണ പ്രവർത്തനങ്ങളിൽ ആവശ്യമായ പരിശോധനകൾ നടക്കുന്നുണ്ടെന്നും പരാതി പരിഹാര സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കുന്നുണ്ടെന്നും സർക്കാർ ഉറപ്പാക്കേണ്ടതാണ്.

5.12. നിർമ്മാണ സ്ഥലത്ത് സുരക്ഷ ഉറപ്പാക്കുന്നതിൽ വീഴ്ച

ബിഒസിഡബ്ല്യു (ആർഇസിഎസ്) നിയമം, കെട്ടിട നിർമ്മാണ തൊഴിലാളികളുടെ തൊഴിലും സേവന വ്യവസ്ഥകളും നിയന്ത്രിക്കുന്നതിനും അവരുടെ സുരക്ഷ, ആരോഗ്യം, ക്ഷേമ നടപടികൾ എന്നിവയ്ക്കും അതുമായി ബന്ധപ്പെട്ടതോ യാദൃച്ഛികമായതോ ആയ മറ്റ് കാര്യങ്ങൾക്കുമായി ഏർപ്പെടുത്തിയിട്ടുള്ളതാണ്. നിയമത്തിലെ വകുപ്പ് 40-ൽ കെട്ടിട തൊഴിലാളികളുടെ സുരക്ഷയ്ക്കും ആരോഗ്യത്തിനും വേണ്ടിയുള്ള നിയമങ്ങൾ നിർമ്മിക്കുന്നതിനുള്ള സർക്കാരിന്റെ അധികാരം ആവർത്തിച്ചുറപ്പിക്കുകയും വിവിധ തൊഴിൽ സാഹചര്യങ്ങളിൽ[36] ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കുന്ന വ്യവസ്ഥകൾ പട്ടികപ്പെടുത്തുകയും ചെയ്യുന്നു.

